*Justice and Development Series I*

# ക്രിസ്തീയസ്വാതന്ത്ര്യവും വിമോചനവും

www.malankaralibrary.com

# ക്രിസ്തീയസ്വാതന്ത്ര്യവും വിമോചനവും

(വിമോചനദൈവശാസ്ത്രത്തെക്കുറിച്ച്,
വിശ്വാസത്തിനുവേണ്ടിയുള്ള തിരുസംഘം
പുറപ്പെടുവിച്ച രണ്ടാമത്തെ രേഖയുടെ
വിവർത്തനം)

കെ. സി. ബി. സി. യുടെ
നീതി–സമാധാന–വികസനക്കമ്മീഷൻെറ
ആഭിമുഖ്യത്തിൽ
പ്രസിദ്ധീകരിക്കുന്നത്

www.malankaralibrary.com

Printed at
The Sandesanilayam Press
Changanacherry

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ആമുഖം

ഒരു പുതിയ ചിന്താധാര എന്ന നിലയിൽ വിമോചന ദൈവശാസ്ത്രത്തിനു വെറും ഇരുപതുകൊല്ലത്തെ പഴക്കമേയുള്ളു. എന്നിട്ടും ദൈവശാസ്ത്രത്തിലെ മറെറാരു വിഷയത്തിനും ലഭിക്കാത്ത ബഹുജനശ്രദ്ധ അതു് ഇതിനകം നേടിക്കഴിഞ്ഞു. കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള തെക്കേ അമേരിക്കയിലായിരുന്നു അതിൻെറ തുടക്കം. അവിടത്തെ ജനങ്ങളെ കടുത്ത ദാരിദ്ര്യത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചിപ്പിക്കാൻ മുൻകൈയെടുത്തു് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ പല കത്തോലിക്കാവൈദികരും ഉണ്ടായിരുന്നു. അത്തരം പ്രവർത്തനങ്ങളുടെയെല്ലാം മുഖ്യമായ പ്രചോദനം വിമോചനദൈവശാസ്ത്രമായിരുന്നു.

സമൂഹത്തിൽ ദാരിദ്ര്യവും അനീതിയും അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ സഹായത്തിനെത്തുക ക്രൈസ്തവരുടെ സവിശേഷമായ കർത്തവ്യമത്രെ. ഈ കർത്തവ്യത്തെപ്പററിയുള്ള അവബോധവും അതു നിർവ്വഹിക്കാൻവേണ്ടിയുള്ള സംഘടിതമായ ഉദ്യമങ്ങളും ക്രൈസ്തവചരിത്രത്തിൽ ഉടനീളം പ്രതിഫലിച്ചുകാണാം. ഇരുപതു നൂററാണ്ടുകാലത്തെ നിരന്തരമായ പരിശ്രമങ്ങൾക്കുശേഷവും ദാരിദ്ര്യം, അനീതി, അഴിമതി തുടങ്ങിയ സാമൂഹ്യതിന്മകൾ ഭൂമുഖത്തു് അവശേഷിക്കുന്നു എന്നതു് ചിലരെ അസ്വസ്ഥരാക്കുന്നു. സഭ പരമ്പരാഗതമായി ചെയ്തുപോന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെയും സാമൂഹ്യവികസനപരിപാടികളുടെയും മൗലികമായ അപര്യാപ്തതയാണ് അതു തെളിയിക്കുന്നതെന്നു അവർ വാദിക്കുന്നു. ഇപ്പറഞ്ഞ അസ്വാസ്ഥ്യവും വാദമുഖങ്ങളും കൂടിച്ചേർന്നാണ് വിമോചനദൈവശാസ്ത്രം രൂപംകൊണ്ടതെന്നു പറയാം.

നീതിനിഷ്ഠവും സമത്വസുന്ദരവുമായ ഒരു പുതിയ സാമൂഹ്യക്രമത്തിൻെറ സംരചനയിൽ വിമോചനദൈവശാസ്ത്രകാരന്മാർ ശ്രദ്ധ ഊന്നുന്നു. അതിനുതകുംവിധം അവർ ബൈബിൾഭാഗങ്ങൾ തേടിപ്പിടിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഒപ്പം ചില സാമൂഹ്യസിദ്ധാന്തങ്ങളും സാമ്പത്തികശാസ്ത്രങ്ങളുടെ ഉൾക്കാഴ്ചകളും ഉപയോഗിച്ചു് ഇന്നത്തെ സംവിധാനങ്ങളെ അപഗ്രഥിക്കാനും അവയുടെ പരിമിതികൾ മനസ്സിലാക്കാനും പരിശ്രമിക്കുന്നു. ഈ അന്വേഷണപ്രക്രിയയുടെ ഭാഗമെന്നോണമാണ് മാർക്സിസത്തിലെ സാമൂഹ്യാപഗ്രഥനം, വർഗ്ഗസമരം തുടങ്ങിയ സങ്കല്പങ്ങൾ വിമോചനദൈവശാസ്ത്രത്തിലേയ്ക്കു് കടമെടുക്കപ്പെട്ടതു്.

www.malankaralibrary.com

അവയുടെ അടിത്തറ മതവിരുദ്ധവും ഭൗതികവാദപരവുമായ ഒരു തത്ത്വശാസ്ത്രമാകയാൽ ക്രൈസ്തവവിശ്വാസവുമായി പൊരുത്തപ്പെടാത്ത ഘടകങ്ങളുണ്ടെന്ന വിമർശനം ഉയർന്നുവന്നു. ദൈവം, ക്രിസ്തു, സഭ, കൂദാശകൾ, ധാർമ്മികത, ബൈബിൾ തുടങ്ങിയ മൗലികപ്രാധാന്യമാർന്ന ക്രൈസ്തവപ്രതിപാദ്യങ്ങളെ വികലമായി ആവിഷ്കരിക്കാനുള്ള പ്രവണത വിമോചനദൈവശാസ്ത്രകാരന്മാരുടെ കൃതികളിൽ പ്രതിഫലിച്ചുകണ്ടു. അതു് സാധാരണക്കാരായ വിശ്വാസികളുടെയിടയിൽ ചിന്താക്കുഴപ്പവും ഇടർച്ചയും ഉളവാക്കി. ജനങ്ങളെ സഭയുടെ നാമത്തിൽ സത്യത്തിന്റെ മാർഗ്ഗത്തിലൂടെ നയിക്കാൻ നിയുക്തരായ വൈദികരും സന്യസ്തരുമാണു് അവസ്ഥത്തരവാദികൾ എന്നതു് പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കുന്നു.

ഈ സാഹചര്യത്തിലാണു് സാർവ്വത്രികസഭയുടെ തലവനായ മാർപ്പാപ്പാ ഇടപെട്ടതു്. വിശ്വാസസത്യത്തിരുസംഘംവഴി അദ്ദേഹം പ്രധാനപ്പെട്ട രണ്ടു് പ്രബോധനരേഖകൾ പുറപ്പെടുവിച്ചു. രണ്ടിലും ഒപ്പുവെച്ചിരിക്കുന്നതു് തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറാണു്. രണ്ടിലേയും പ്രതിപാദ്യം വിമോചനദൈവശാസ്ത്രംതന്നെ. അവയുടെ ഉള്ളടക്കം മാർപ്പാപ്പാ അംഗീകരിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണു് അവ പ്രസിദ്ധീകരിക്കുന്നതെന്നും ഇരുരേഖകളിലും എടുത്തു പറഞ്ഞിട്ടുണ്ടു്.

1984-ൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പ്രബോധനരേഖ വിമോചനദൈവശാസ്ത്രത്തിലെ ഗുരുതരമായ പാളിച്ചകളെപ്പററി ''അജപാലകന്മാർക്കും ദൈവശാസ്ത്രകാരന്മാർക്കും വിശ്വാസികൾക്കും'' മുന്നറിയിപ്പു നൽകുക എന്ന പ്രഖ്യാപിതലക്ഷ്യത്തോടെ എഴുതപ്പെട്ടതാണു്. ഇപ്പറഞ്ഞ 'പാളിച്ചകളുടെ' ഉറവിടം മാർക്സിസത്തിൽനിന്നു ദൈവശാസ്ത്രത്തിലേയ്ക്കു കടമെടുത്ത സങ്കല്പങ്ങളത്രെ. പ്രഥമ രേഖയിൽ തിരുസംഘം ഉന്നയിച്ച വിമർശനങ്ങളെ ഇങ്ങനെ സമാഹരിക്കാം:

1. ക്രൈസ്തവവിശ്വാസവുമായി പൊരുത്തപ്പെടാത്ത ഘടകങ്ങൾ വിമോചനദൈവശാസ്ത്രത്തിലുണ്ടു് (ആമുഖം).
2. അക്രമമാർഗ്ഗത്തിലൂടെ മർദ്ദനങ്ങൾക്കും ദുരിതങ്ങൾക്കും അറുതി വരുത്താമെന്ന അവകാശവാദം ക്രൈസ്തവധാർമ്മികതയ്ക്കു് നിരക്കാത്തതാണു് [II, 2].
3. ചില വിമോചനദൈവശാസ്ത്രകാരന്മാരുടെ ബൈബിൾ വ്യാഖ്യാനം സഭയുടെ വിശ്വാസത്തിൽനിന്നു പാടെ അകന്നു നില്ക്കുന്നതും അതിനെ ഫലത്തിൽ നിഷേധിക്കുന്നതുമത്രെ [VI, 9].

www.malankaralibrary.com

4. മാർക്സിസ്റ്റ് ഭൗതികവാദത്തിൽനിന്നു സാമൂഹ്യാപഗ്രഥനത്തെ അടർത്തിയെടുക്കുക സാദ്ധ്യമല്ല [VII, 6; VIII, 1].
5. മാർക്സിസ്റ്റ് അപഗ്രഥനത്തെ ദൈവശാസ്ത്രവുമായി സമന്വയിപ്പിക്കാമെന്ന വ്യാമോഹം ഭീകരമായ വൈരുദ്ധ്യങ്ങളിലേയ്ക്കു നയിക്കുന്നു [VII, 9].
6. വർഗ്ഗസമരസിദ്ധാന്തം സത്യത്തിൻെറയും ധാർമ്മികതയുടെയും ധ്വംസനമാണ് [VIII 2–5;9].
7. ദൈവം തൻെറ സഭയെ ഭരമേല്പിച്ച ക്രൈസ്തവവിശ്വാസം മുഴുവൻെറയും വ്യഭിചാരണമാണത് [IX, 1; X, 16].
8. വിശ്വാസികളുടെ കൂട്ടായ്മയായ സഭയിൽ പിളർപ്പുണ്ടാക്കി ദരിദ്രരുടേതെന്നും സമ്പന്നരുടേതെന്നും രണ്ടു സഭകളെ അതു് സൃഷ്ടിക്കുന്നു [XI, 13].
9. മാർക്സിസം ദരിദ്രരെ മോചിപ്പിക്കുകയില്ല; പകരം കൂടുതൽ ഭീകരമായ അടിമത്തത്തിലേയ്ക്കു അവരെ നയിക്കുകയേയുള്ളു [VI, 10; VII, 7; X, 10, 15].

ഇതെല്ലാമാണെങ്കിലും വിമോചനദൈവശാസ്ത്രത്തെ ഒന്നടങ്കം അപലപിക്കുകയല്ല തിരുസംഘം ചെയ്തതു്. യേശുവിൻെറ സുവിശേഷം സ്വാതന്ത്ര്യത്തിൻെറ സന്ദേശവും വിമോചനത്തിനായുള്ള ശക്തിയുമത്രെ. ക്രൈസ്തവവിമോചനം പ്രഥമമായും പ്രധാനമായും പാപത്തിൻെറ മൗലികമായ അടിമത്തത്തിൽനിന്നും മരണഭീതിയിൽനിന്നുമുള്ള മുക്തിയാണ്. അതിനെ ദൈവമക്കളുടെ സ്വാതന്ത്ര്യം എന്ന കൃപാവരമായിട്ടു് പ്രബോധനരേഖ കാണുന്നു. ആദ്ധ്യാത്മികവും പ്രകൃത്യതീതവുമായ ഒരു വിമോചനത്തിൻെറ പരിണതഫലമായിവേണം സാമ്പത്തിക – സാമൂഹ്യ – രാഷ്ട്രീയ രംഗങ്ങളിലെ നീതിനിർവ്വഹണത്തെ കാണാൻ.

വിമോചനത്തിൻെറ യഥാർത്ഥമായ ഈ ക്രൈസ്തവമാനത്തെപ്പററി വിശദമായി പ്രതിപാദിക്കുന്ന വേറൊരു പ്രബോധനം പ്രസിദ്ധീകരിക്കാൻ തിരുസംഘത്തിനു ഉദ്ദേശ്യമുണ്ടെന്നു ആദ്യത്തെ രേഖയിൽ എടുത്തുപറഞ്ഞിരുന്നു. ആ വാഗ്ദാനത്തിൻെറ പൂർത്തീകരണമത്രെ ഇരുപതു് മാസങ്ങൾക്കുശേഷം വത്തിക്കാൻ ഇക്കൊല്ലം പുറപ്പെടുവിച്ച ''ക്രിസ്തീയസ്വാതന്ത്ര്യവും വിമോചനവും'' എന്ന സമഗ്രമായ പ്രബന്ധം.

ഇത്ര ദീർഘവും വിജ്ഞേയവുമായ ഒരു രേഖയുടെ പൂർണ്ണരൂപം പ്രസിദ്ധീകരിക്കാൻ പത്രങ്ങൾക്ക് സാധിക്കാത്തതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ ലോകമെങ്ങുമുള്ള ആനുകാലികങ്ങൾ ഈ രേഖയുടെ ആവിർഭാവത്തെ വളരെ പ്രാധാന്യമുള്ള ഒരു വാർത്തയായി കാണുകയുണ്ടായി. വിമോചനദൈവശാസ്ത്രത്തോടു്

www.malankaralibrary.com

സമരനേതൃത്വം പുലർത്തിപ്പോന്ന എതിർപ്പ് മാറിയിരിക്കുന്നുവെന്നും അവസാനമിപ്പോഴാം സഭ ആ നൂതനപ്രസ്ഥാനത്തെ നിരുപാധികം അംഗീകരിച്ചുകഴിഞ്ഞെന്നുമുള്ള പ്രതീതിയാണ്, മിക്ക പത്രറിപ്പോർട്ടുകളിലും നിഴലിച്ചുകണ്ടതു്. ഇതു് പക്ഷേ, വളരെ ഭാഗികവും ഉപരിപ്ലവവുമായ ഒരു വ്യാഖ്യാനമാണെന്നു പുതിയ രേഖയുടെ വസ്തുനിഷ്ഠമായ പഠനം ബോദ്ധ്യപ്പെടുത്തും. പുതിയ പ്രബോധനരേഖയ്ക്കു ആദ്യത്തേതുമായി ഗാഢമായ ബന്ധമുണ്ടു്. ഒന്നു മററതിന്റെ തുടർച്ചയാണ്, നിഷേധമോ തിരുത്തലോ അല്ല. വിമോചനദൈവശാസ്ത്രത്തിലെ മാർക്സിസ്റ്റ്ഘടകങ്ങൾക്കെതിരെ ആദ്യത്തെ രേഖ ഉന്നയിച്ച വിമർശനങ്ങളോ മുന്നറിയിപ്പുകളോ ഒന്നും കാലഹരണപ്പെട്ടിട്ടില്ല. മറിച്ച്, അവ പൂർവ്വോപരി സന്ദർഭോചിതവും പ്രസക്തവുമത്രെ. ഇക്കാര്യം രേഖയുടെ മുഖവുരയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്.

സമൂഹമദ്ധ്യത്തിലെ ദാരിദ്ര്യം, അനീതി തുടങ്ങിയ തിന്മകൾ ഉന്മൂലനം ചെയ്യുന്നതിനു് സഭ പ്രതിജ്ഞാബദ്ധയാണെന്നു് തിരുസംഘം പുതിയ രേഖയിൽ ആവർത്തിച്ചുപറയുന്നു. ദൈവം ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയിട്ടുള്ള സത്യവും സ്നേഹവുമാണ് അതിന്റെ ഉറവിടം. അഞ്ചു് അദ്ധ്യായങ്ങളുള്ള ഈ പ്രബോധന പ്രബന്ധം സ്വാതന്ത്ര്യത്തെപ്പററിയുള്ള ക്രൈസ്തവസങ്കല്പത്തിന്റെ വിവിധവശങ്ങൾ വിശദീകരിച്ചുതരുന്നു. മനുഷ്യരാശിയുടെ രക്ഷാകരചരിത്രത്തിലേയും മതേതരചരിത്രത്തിലേയും പാഠങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നുണ്ടു്. യഥാർത്ഥമായ മാനവവിമോചനം സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം എന്നു് തിരുസംഘം പഠിപ്പിക്കുന്നു.

ലോകമെങ്ങുമുള്ള മെത്രാന്മാരുടേയും അനേകം പണ്ഡിതന്മാരുടേയും അഭിപ്രായം ആരാഞ്ഞശേഷമാണ് ഈ രേഖ തയ്യാറാക്കിയതു്. ആഗോളസമസമൂഹത്തിന്റെ ചിന്തകളും ഉൽക്കണ്ഠകളും പ്രത്യാശകളും അതു പ്രതിഫലിപ്പിക്കുന്നുണ്ടു്. യേശു സഭയെ ഏല്പിച്ചിട്ടുള്ള സത്യത്തിന്റെ വചനം എങ്ങനെ മനുഷ്യമനസ്സാക്ഷിയെ പ്രബുദ്ധമാക്കുന്നുവെന്നും അതുവഴി ജീവിതത്തിന്റെ വിവിധ മേഖലകളെ എത്രമാത്രം ധന്യമാക്കുന്നുവെന്നും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു: ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും.'' (യോഹ. 8:32).

ഇതുപോലെ പ്രൗഢവും ചിന്താസാന്ദ്രവുമായ ഒരു കൃതി തർജ്ജമചെയ്യുക എളുപ്പമല്ല. തത്ത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ സങ്കല്പങ്ങളും സാങ്കേതിക പദങ്ങളും ഇതിലുടനീളം പ്രയോഗിച്ചിട്ടുണ്ടു്. വത്തിക്കാനിൽനിന്നു പ്രസിദ്ധീകൃതമായ ഇംഗ്ലീഷ്പതിപ്പിനെ ആധാരമാക്കിയുള്ള മലയാള

www.malankaralibrary.com

വിവൎത്തനമാണിത്. യഥാർത്ഥ മൂലം ഇംഗ്ലീഷിലായിരുന്നെന്നു തോന്നുന്നില്ല. തന്നിമിത്തം ഒരു തർജ്ജമയുടെ തർജ്ജമയ്ക്കു വരാവുന്ന ന്യൂനതകളിൽനിന്നു ഈ മലയാളപ്പതിപ്പ് വിമുക്തമല്ല. ഈ പരിധികൾക്കുള്ളിൽ പ്രബോധനരേഖയുടെ ആശയങ്ങൾ പൂർണ്ണമായ വിശ്വസ്തതയോടെ ആവുന്നത്ര ലളിതമായ മലയാളത്തിൽ പ്രകാശിപ്പിക്കാൻ പ്രൊഫസർ ഉലകംതറയുടെ തൂലികയ്ക്കു സാധിച്ചിട്ടുണ്ടെന്നതു സന്തോഷകരംതന്നെ.

അദ്ധ്യായങ്ങൾ, അനുച്ഛേദങ്ങൾ, ഖണ്ഡികകൾ തുടങ്ങിയവയും അവയുടെ ശീർഷകങ്ങൾ, നമ്പറുകൾ ആദിയായവയും മൂലത്തിലെപ്പോലെതന്നെ തർജ്ജമയിലും നിലനിർത്തിയിട്ടുണ്ട്.

സഭാസമൂഹത്തിലെ എല്ലാ മേഖലകളിലും തലങ്ങളിലും ഈ രേഖ പഠിക്കപ്പെടേണ്ടതാണ്. ഗ്രൂപ്പുചർച്ചകൾക്കു ഉപയോഗപ്പെടുത്താൻവേണ്ടി ഓരോ അദ്ധ്യായത്തേയും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ അനുബന്ധമായിച്ചേർത്തിട്ടുണ്ട്.

കെ. സി. ബി. സി. യുടെ നീതി—സമാധാന—വികസനകമ്മീഷന്റെ ആഭിമുഖ്യത്തിൽ ഈ പരിഭാഷ പ്രസിദ്ധീകരിക്കാൻ വേണ്ട എല്ലാ പ്രോത്സാഹനങ്ങളും നൽകിയ ചെയർമാനോടും അംഗങ്ങളോടുമുള്ള അഗാധമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ശ്രമകരമായ ഈ വിവൎത്തനം ഇത്ര ഭംഗിയായും വേഗത്തിലും ചെയ്തതിനു പ്രൊഫ. മാത്യു ഉലകംതറയും കൈയെഴുത്തുപ്രതി സൂക്ഷ്മമായി പരിശോധിച്ച് അച്ചടിയുടെ മേൽനോട്ടം നിർവ്വഹിച്ചതിനു പ്രൊഫ. ജോസഫ് അഞ്ചനാട്ടും കേരളസഭാസമൂഹം മുഴുവന്റേയും ആത്മാർത്ഥമായ കടപ്പാട് അർഹിക്കുന്നുണ്ട്.

കത്തോലിക്കരുടെ മാത്രമല്ല, കേരളത്തിലെ അഭ്യസ്തവിദ്യരായ എല്ലാ ജനവിഭാഗങ്ങളുടേയും ഇടയിൽ ഏറെ ജിജ്ഞാസയും താത്പര്യവും വളർത്തിയ വിമോചനദൈവശാസ്ത്രം എന്ന വിഷയം ആഴത്തിൽ പഠിക്കാൻ ഈ കൃതി അനേകർക്ക് ഉപകരിക്കുമെന്നതു തീർച്ചയാണ്.

1986 ഒക്ടോബർ 16 — എ. അടപ്പൂർ എസ് .ജെ.

www.malankaralibrary.com

# ക്രിസ്തീയ സ്വാതന്ത്ര്യവും വിമോചനവും

**വിമോചനദാഹം** 1. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയും കുറിച്ചുള്ള അവബോധം നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ മുഖ്യ സവിശേഷതയാണ്. വ്യക്തികളുടെയും ജനതകളുടെയും കൈമാററം ചെയ്യപ്പെടാവതല്ലാത്ത അവകാശങ്ങളെക്കുറിച്ചുള്ള ഊന്നിപ്പറയലും അപ്രകാരം തന്നെ. എന്നാൽ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ വിനിയോഗത്തിന് സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ചില ഉപാധികൾ ആവശ്യമായിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ വളർച്ചയെ തടയുകയും മനുഷ്യാന്തസ്സിനെ അവമാനിക്കുകയും ചെയ്യുന്ന ചില ഘടകങ്ങൾ നമ്മുടെ ലോകത്തിൽ കാണപ്പെടുന്ന സുശക്തമായ വിമോചനവാഞ്ഛകളുടെ അടിത്തട്ടിലുണ്ട്. ക്രിസ്തുവിന്റെ സഭ ഈ അഭിവാഞ്ഛകളെ സ്വന്തമാക്കുകയും സുവിശേഷത്തിന്റെ വെളിച്ചത്തിൽ ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. സുവിശേഷം അതിന്റെ സ്വഭാവത്താൽത്തന്നെ സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും സന്ദേശമാണല്ലോ. വാസ്തവത്തിൽ സിദ്ധാന്തതലത്തിലും പ്രയോഗതലത്തിലും ഈ വിമോചനവാഞ്ഛകൾ മനുഷ്യന്റെ സൃഷ്ടിയെയും വീണ്ടെടുപ്പിനെയും സംബന്ധിച്ച സത്യങ്ങളുമായി പൊരുത്തപ്പെടാത്ത രൂപത്തിൽ ചിലപ്പോൾ പ്രകടമാകാറുണ്ട്. ആകയാൽ ക്രൈസ്തവവിശ്വാസത്തിനും ജീവിതത്തിനും ഹാനികരമായ അവയുടെ പാളിച്ചകളിലേക്കും അപകടസാദ്ധ്യതകളിലേക്കും ശ്രദ്ധ ക്ഷണിക്കേണ്ടതു് ആവശ്യമാണെന്നു് ഈ വിശ്വാസപ്രബോധന തിരുസ്സംഘം കരുതുകയുണ്ടായി. ആ മുന്നറിയിപ്പുകൾ ഇന്നും കാലഹരണപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, അവമുമ്പെന്നത്തേക്കാളേറെ കാലോചിതവും പ്രസക്തവുമായിത്തോന്നുകയും ചെയ്യുന്നു.

**ഈ പ്രബോധനത്തിന്റെ ഉദ്ദേശ്യം** 2. ''വിമോചനദൈവശാസ്ത്രത്തിന്റെ ചില വശങ്ങളെക്കുറിച്ചു'' ള്ള പ്രബോധന രേഖയിൽ ക്രൈസ്തവസ്വാതന്ത്ര്യത്തിന്റെയും

www.malankaralibrary.com

വിമോചനത്തിന്റെയും പ്രധാന ഘടകങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നമറെറാരു പ്രമാണരേഖ പ്രസിദ്ധീകരിക്കാൻ ഈ തിരുസ്സംഘം ഉദ്ദേശിക്കുന്നതായി പ്രസ്താവിച്ചിരുന്നു. ആ ഉദ്ദേശ്യത്തിന്റെ നിർവ്വഹണമാണ് ഇപ്പോഴത്തെ ഈ പ്രബോധനം. രണ്ടു രേഖകളും തമ്മിൽ ജൈവമായ ബന്ധമുണ്ട്. ഒന്ന് മറെറാന്നിന്റെ വെളിച്ചത്തിൽ വേണം വായിക്കാൻ.

സുവിശേഷസന്ദേശത്തിന്റെ അന്തസ്സത്തയാണ് ഇവയുടെ സാരാംശം. അതിനെപ്പററി സഭയുടെ പ്രബോധനകേന്ദ്രം പലപ്പോഴും പ്രതിപാദിച്ചിട്ടുണ്ട്. ഈ രേഖയാകട്ടെ വിഷയത്തിൽ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രധാന വശങ്ങൾ മാത്രമേ ചൂണ്ടിക്കാട്ടുന്നുള്ളു. വിവിധ സ്ഥലങ്ങളിലെ സാഹചര്യങ്ങൾക്കൊത്തവിധം അവ പ്രാവർത്തികമാക്കുന്നതിന് പത്രോസിന്റെ സിംഹാസനത്തോടു ചേർന്നു നിന്നുകൊണ്ടും പരസ്പരൈക്യത്തിൽ വർത്തിച്ചുകൊണ്ടും അതതു പ്രദേശങ്ങളിലെ സഭകളും സഭാസമൂഹങ്ങളുമാണ് പ്രത്യക്ഷ നടപടികൾ സ്വീകരിക്കേണ്ടതു്.

സ്വാതന്ത്ര്യവും വിമോചനവും എന്ന വിഷയത്തിന് ക്രൈസ്തവ സഭൈക്യത്തിന്റേതായ ഒരു മാനമുണ്ട്. അതാകട്ടെ ക്രൈസ്തവ സഭകളുടെയും സഭാസമൂഹങ്ങളുടെയും പരമ്പരാഗത പൈതൃകത്തിന്റെ ഭാഗമാണ്. തന്നിമിത്തം നമ്മുടെ കാലഘട്ടത്തിന്റെ വലിയ വെല്ലുവിളികളെ നേരിടാൻ വിളിക്കപ്പെട്ടിട്ടുള്ള എല്ലാ ക്രിസ്തുശിഷ്യന്മാരുടെയും സാക്ഷ്യത്തെയും പ്രവർത്തനത്തെയും ഈ പ്രബോധനരേഖ സഹായിക്കും.

**സത്യം നമ്മെ സ്വതന്ത്രരാക്കുന്നു.**

3. ഈ മേഖലയിലുള്ള എല്ലാ ദൈവശാസ്ത്രപരിചിന്തനങ്ങളെയും പ്രകാശമാനമാക്കേണ്ടതു് ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' (യോഹ. 8:32) എന്ന യേശുവചനമാണ്.

ഈ സത്യം ദൈവത്തിൽ നിന്നു വരുന്നതും ലോകരക്ഷകനായ യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ളതുമാകുന്നു. വഴിയും സത്യവും ജീവനു (യോഹ. 14:6) മായ അവനിൽ നിന്നാണ് മനുഷ്യ രാശിക്കു നല്കേണ്ടതെല്ലാം സഭ സ്വീകരിക്കുന്നതു്. അവതാരം പൂണ്ട വചനമായ ലോകരക്ഷിതാവിന്റെ രഹസ്യത്തിൽ നിന്നാണ് സ്വർഗ്ഗീയപിതാവിന് നമ്മോടുള്ള സ്നേഹത്തെ സംബന്ധിച്ച സത്യവും മനുഷ്യനെയും അവന്റെ സ്വാതന്ത്ര്യത്തെയും സംബന്ധിച്ച സത്യവും അവൾ സ്വന്തമാക്കുന്നതു്.

തന്റെ കുരിശുമരണവും ഉത്ഥാനവുംവഴി ക്രിസ്തുനാഥൻ ലോകരക്ഷ സാധിച്ചു. മൗലികമായ തിന്മ എന്നു വിളിക്കാവുന്ന പാപത്തിൽ നിന്നും മരണത്തിൽ നിന്നും നമ്മെ സ്വത

www.malankaralibrary.com

ന്ത്രരാക്കി. ആ രക്ഷാകർമ്മമാണ് ഏററവും ശക്തമായ അർത്ഥത്തിൽ വിമോചനം. സഭ, അവളുടെ നാഥൻ പഠിപ്പിച്ചതുപോലെ "തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ" എന്നു പിതാവിനോട് പ്രാർത്ഥിക്കുമ്പോൾ ആ "രക്ഷ"യുടെ രഹസ്യം നമ്മുടെ ദൈനംദിനജീവിതത്തിൽ പ്രാവർത്തികമാകാനുള്ള വരമാണ് ചോദിക്കുക. രക്ഷാകരമായ കുരിശ് യഥാർത്ഥത്തിൽ വെളിച്ചത്തിൻെറയും ജീവൻെറയും ഉറവിടമാണെന്നും ചരിത്രത്തിൻെറ കേന്ദ്രമാണെന്നും സഭയ്ക്കറിയാം. അവളിൽ ജ്വലിക്കുന്ന സ്നേഹം സുവിശേഷം പ്രസംഗിക്കുവാനും അതിൻെറ ജീവദായകമായ ഫലങ്ങൾ കൗദാശികമായി വിതരണം ചെയ്യാനും അവളെ പ്രേരിപ്പിക്കുന്നു. ലോകത്തെ ബാധിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് അവൾ പര്യാകുലയാകുകയും യഥാർത്ഥ വിമോചനത്തേയും സ്വാതന്ത്ര്യത്തേയും അതിലേയ്ക്കു നയിക്കുന്ന മാർഗ്ഗങ്ങളേയും പററി ചിന്തിക്കുകയും ചെയ്യുമ്പോൾ രക്ഷിതാവായ ക്രിസ്തുവിൽ നിന്നാണ് അവളുടെ വിചാരങ്ങളും കർമ്മങ്ങളും ഉടലെടുക്കുന്നത്.

വിശ്വാസ രഹസ്യത്തിൻെറ മർമ്മസ്ഥാനത്തുള്ള വീണ്ടെടുപ്പിനെ സംബന്ധിച്ച ഈ സത്യത്തിലാണ് സ്വാതന്ത്ര്യത്തിൻെറ വേരും നിയമവും കിടക്കുക. എല്ലാ വിമോചനപ്രവർത്തനത്തിൻെറയും അടിത്തറയും മാനദണ്ഡവും അതുതന്നെ.

**സ്വാതന്ത്ര്യത്തിൻെറ ഉപാധി സത്യം**

4. മനുഷ്യൻ തൻെറ ധാർമ്മിക മനസ്സാക്ഷി സത്യത്തിൻെറ പൂർണ്ണതയ്ക്കു നേരെ തുറന്നു വയ്ക്കാൻ ബാധ്യസ്ഥനാണ്. അവൻ സത്യത്തെ അന്വേഷിക്കണം. അതു സ്വയം വെളിപ്പെടുത്തുമ്പോൾ മടികൂടാതെ സ്വീകരിക്കുകയും വേണം.

ക്രിസ്തുനാഥൻെറ കല്പനയനുസരിച്ച് സുവിശേഷസത്യം എല്ലാ ജനതകളുടേയും മുമ്പിൽ അവതരിപ്പിക്കപ്പെടേണ്ടതാണ്. അതു ലഭിക്കുവാൻ അവക്കവകാശമുണ്ട്. പരിശുദ്ധാത്മാവിൻെറ ശക്തിയിലുള്ള അതിൻെറ പ്രഘോഷണം ഓരോ വ്യക്തിയുടേയും സ്വാതന്ത്ര്യത്തെ പൂർണ്ണമായി ആദരിക്കുന്നു. എല്ലാവിധ നിർബന്ധങ്ങളെയും സമ്മർദ്ദങ്ങളെയും ഒഴിവാക്കുന്നു. സഭയെയും ക്രിസ്തുശിഷ്യന്മാരെയും പരിശുദ്ധാത്മാവ് "പൂർണ്ണസത്യത്തിലേയ്ക്കു നയിക്കുന്നു" (യോഹ. 16:13). പരിശുദ്ധാത്മാവാണ് നൂററാണ്ടുകളുടെ ഗതിയെ നിയന്ത്രിക്കുകയും "ഭൂമുഖത്തെ നവീകരിക്കുക"യും (സങ്കീ: 104:30) ചെയ്യുന്നത്. മനുഷ്യവ്യക്തിയുടെ അന്തസ്സിനെപ്പററി കൂടുതൽ ആദരവാർന്ന അവബോധം വളർത്തിയെടുക്കുന്നതും മററാരുമല്ല. ധീരതയുടെയും തൻേറടത്തിൻെറയും വീരത്വത്തിൻെറയും ഉറവിടം അവിടുന്നാണ്. "കർത്താവിൻെറ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്." (2 കോറ. 3:17)

www.malankaralibrary.com

# അദ്ധ്യായം 1

## ഇന്നത്തെ ലോകത്ത് സ്വാതന്ത്ര്യത്തിന്റെ സ്ഥിതി

### 1. ആധുനിക വിമോചന പ്രസ്ഥാനത്തിന്റെ നേട്ടങ്ങളും അപകടങ്ങളും

**ക്രിസ്തുമത പൈതൃകം**

5. ദൈവവുമായുള്ള ഐക്യത്തിലേയ്ക്കു പ്രവേശിക്കുവാൻവേണ്ടി മനുഷ്യനെ ക്ഷണിക്കുകവഴി ഒരു സ്വതന്ത്ര വ്യക്തിയെന്ന നിലയിലുള്ള അവന്റെ അവസ്ഥ വെളിപ്പെടുത്തുകയാണ് യേശുക്രിസ്തുവിന്റെ സുവിശേഷം ചെയ്തതു്. അന്നുവരെ സംശയിക്കപ്പെട്ടിട്ടില്ലാത്ത മാനവ സ്വാതന്ത്ര്യത്തിന്റെ ആഴങ്ങളെക്കുറിച്ചുള്ള അവബോധം അതു് അവനിലുണർത്തി.

അങ്ങനെ ആധുനികലോകത്തിന്റെ മുഖമുദ്രയായിത്തീർന്നിട്ടുള്ള സ്വാതന്ത്ര്യാന്വേഷണവും വിമോചന ദാഹവും ക്രിസ്തീയ പാരമ്പര്യത്തിൽ നിന്നത്രെ പൊട്ടിപ്പുറപ്പെടുന്നതു്. മനുഷ്യനെയും അവന്റെ സനാതന ഭാഗധേയത്തെയുംകുറിച്ചുള്ള ക്രിസ്തീയവീക്ഷണത്തെ എതിർക്കുകയും തെററായ രൂപം കൈക്കൊള്ളുകയും ചെയ്യുമ്പോഴുംപ്പോലും ഇപ്പറഞ്ഞ സ്വാതന്ത്ര്യാഭിവാഞ്ഛകളുടെ ഉറവിടം മറെറാന്നല്ല. സുവിശേഷത്തെ സംബന്ധിച്ച ഈ പരാമർശം കൂടാതെ ഇക്കഴിഞ്ഞ ശതകങ്ങളിലെ പാശ്ചാത്യ ചരിത്രം മനസ്സിലാക്കാനാവില്ല.

**ആധുനിക യുഗം**

6. ആധുനിക യുഗത്തിന്റെ ആരംഭം കുറിക്കുന്ന നവോത്ഥാന കാലഘട്ടം മുതൽ പ്രാചീനതത്ത്വശാസ്ത്രത്തിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കുവഴിയും പ്രകൃതിശാസ്ത്രങ്ങളിലൂടെയും മാത്രമേ മനുഷ്യനു ചിന്താസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും നേടാനാവൂ എന്ന സിദ്ധാന്തം പ്രാബല്യത്തിൽ വന്നു. പ്രകൃതിനിയമങ്ങളുടെ മേൽ അവൻ കൈവരിച്ച അറിവും നിയന്ത്രണവുമാണ് ഇതിനു കാരണം.

വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളെ അടിസ്ഥാനമാക്കിയാണ്, അന്നത്തെ സഭ പ്രതിനിധാനം ചെയ്തിരുന്നതായി അദ്ദേഹം കണ്ട നിയമത്തിന്റെ നുകത്തിൽനിന്നു സ്വാതന്ത്ര്യം നേടാനുള്ള സമരം പുനരാരംഭിക്കാൻ ലൂഥർ ഉദ്യമിച്ചതു്. സർവ്വോപരി വിജ്ഞാനോദയത്തിന്റെയും ഫ്രഞ്ചുവിപ്ലവത്തിന്റെയും കാലഘട്ടത്തിലാണ് സ്വാതന്ത്ര്യത്തിനായുള്ള ആഹ്വാനം അതിന്റെ പൂർണ്ണ ശക്തിയോടെ മുഴങ്ങിക്കേട്ടതു്. അന്നു മുതൽ

www.malankaralibrary.com

വിമോചനത്തിനായുള്ള അനിരോധ്യമായ പ്രക്രിയയായിരിക്കും ഭാവിചരിത്രമെന്ന പലരും കരുതിപ്പോന്നു. അതുവഴി മനുഷ്യ ന് സമ്പൂർണ്ണ സ്വാതന്ത്ര്യവും ഭൂമുഖത്തു പരമസൗഖ്യവും അനി വാര്യമായി വന്നണയുന്ന ഒരു കാലഘട്ടം അവർ മുന്നിൽക്കണ്ടു.

**പ്രകൃതിയെ ജയിച്ചട ക്കുന്നതിന്**

7. ഇത്തരം പുരോഗതിയുടേതായ ഒരു പ്രത്യയശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യത്തിനുള്ളിൽ പ്രകൃതിയെ ജയിച്ചടക്കുന്നതിനു മനുഷ്യൻ ഉദ്യമിച്ചു. ആ ഘട്ടംവരെ അവനെ അടിമപ്പെടുത്തിയിരുന്നത് അജ്ഞതയും മുൻവിധികളുമായിരുന്നു. പ്രകൃതിയുടെ രഹസ്യങ്ങൾ ചോർത്തിയെടുത്ത് മനുഷ്യൻ അതിനെ സ്വന്തം ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നു. സ്വാതന്ത്ര്യസമ്പാദനം അങ്ങനെ ശാസ്ത്രത്തിന്റെയും സങ്കേതിക വിദ്യയുടെയും വികസനത്തിന്റെ ലക്ഷ്യമായി മാറി. വമ്പിച്ച വിജയം ആ രംഗത്തു നേടുവാനും കഴിഞ്ഞു. പ്രകൃതികോപങ്ങളെ അതിജീവിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ലെങ്കിലും പ്രകൃതിയുടെ പല വിപത്തുകളും ഒഴിവാക്കപ്പെട്ടിരിക്കുന്നു. കൂടുതൽ കൂടുതൽ ആളുകൾക്ക് വേണ്ടത്ര പോഷകാഹാരം നല്കാമെന്നുറപ്പായിട്ടുണ്ട്. ഭക്ഷ്യപദാർത്ഥങ്ങൾ ദൂരദേശങ്ങളിലെത്തിക്കുന്നതിനും, സഞ്ചാരസൗകര്യവും വാണിജ്യസൗകര്യവും വർദ്ധിപ്പിക്കുന്നതിനും, അസംസ്കൃത പദാർത്ഥങ്ങളും തൊഴിലും സാങ്കേതികവിദ്യയും കൈമാറുന്നതിനും മുമ്പെന്നത്തെയുംകാൾ ഇന്നു സാധിച്ചിരിക്കുന്നു. അങ്ങനെ ദാരിദ്ര്യത്തിൽനിന്നുള്ള സ്വാതന്ത്ര്യംനേടി മനുഷ്യാന്തസ്സു വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത മനുഷ്യവംശത്തിന്റെ ദൃഷ്ടിപഥത്തിൽ തെളിഞ്ഞാണു വരുന്നത്.

**സാമൂഹ്യവും രാഷ്ട്രീയവുമായ നേട്ടങ്ങൾ**

8. ആധുനിക വിമോചന പ്രസ്ഥാനം സാമൂഹ്യവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് പ്രവർത്തനം ആരംഭിച്ചത്. മനുഷ്യന്റെമേൽ മനുഷ്യൻ പുലർത്തുന്ന ആധിപത്യമവസാനിപ്പിച്ച്, സമത്വവും സാഹോദര്യവും കൈവരുത്തുവാനുള്ള ഉദ്യമമായിരുന്നു അത്. ഈ മേഖലയിൽ ഗണനീയമായ നേട്ടങ്ങൾ ഇതിനകം കൈവരിക്കുന്നതിനു സാധിച്ചിട്ടുണ്ടെന്നുള്ളതും നിഷേധിക്കുവാനാവില്ല. നൈയമികമായ അടിമത്തവും കരാർബന്ധനവും ഇല്ലായ്മചെയ്യുകഴിഞ്ഞിട്ടുണ്ട്. സംസ്കാരത്തിന്റെ ഗുണഫലങ്ങളിൽ എല്ലാവർക്കും പങ്കുപററാനവകാശം ലഭിച്ചതു് ശ്രദ്ധേയമായ പുരോഗതിയാണ്. വർണ്ണവിവേചനം നീതിക്കും നിയമത്തിനും വിരുദ്ധമാണെന്നു പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. മനുഷ്യാവകാശ സംഹിതയുടെ പ്രഖ്യാപനം എല്ലാ മനുഷ്യരുടെയും അന്തസ്സിനെപ്പററി കൂടുതൽ വ്യക്തമായ അവബോധമുളവാക്കിയിട്ടുണ്ട്. മുൻകാലത്തെ അധീശസമ്പ്രദായങ്ങ

www.malankaralibrary.com

ളുമായി താരതമ്യം ചെയ്യുമ്പോൾ പല സമൂഹങ്ങളിലുമുണ്ടായിട്ടുള്ള സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും പുരോഗതി അനിഷേധ്യമാണ്.

**ചിന്തിക്കാനും തീരുമാനമെടുക്കാനുമുള്ള സ്വാതന്ത്ര്യം**

9. സർവ്വോപരി ആധുനിക വിമോചനപ്രസ്ഥാനം മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യമാണ് ആത്യന്തികലക്ഷ്യമായിക്കാണുന്നത്—ചിന്തിക്കാനും തീരുമാനമെടുക്കാനുമുള്ള സ്വാതന്ത്ര്യം. മനുഷ്യന്റെ പുരോഗതിയിൽ വലിയ വിഘ്നങ്ങളുളവാക്കിയിരുന്ന അന്ധവിശ്വാസങ്ങളിൽനിന്നും പ്രാകൃത ഭീതികളിൽനിന്നും അവനെ മോചിപ്പിക്കുക എന്നതും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു. അറിയപ്പെടാത്തവയുടെ അതിരുകൾക്കു മുമ്പിൽ ഭയന്നു പിന്മാറാതെ യുക്തിവിചാരം ചെയ്തു മുന്നേറുവാനുള്ള ധൈര്യവും തന്റേടവും അതു് അവനു നൽകി. അങ്ങനെ പ്രത്യേകിച്ച് ചരിത്രപരവും മാനുഷികവുമായ ശാസ്ത്രങ്ങളിൽ, മനുഷ്യനെക്കുറിച്ചുള്ള ഒരു പുതിയ സങ്കല്പം ഉരുത്തിരിഞ്ഞു വന്നു. വ്യക്തിഗതമായ വളർച്ചയെ അഥവാ സമൂഹരൂപീകരണത്തിന്റെ അടിസ്ഥാനവ്യവസ്ഥകളെ സംബന്ധിച്ച മെച്ചപ്പെട്ട ആത്മാവബോധം നേടുന്നതിനു അതു മനുഷ്യനെ സഹായിച്ചു.

**ആധുനിക വിമോചനപ്രക്രിയയുടെ അവ്യക്തതകൾ**

10. പ്രകൃതിയുടെമേലുള്ള വിജയമോ, സാമൂഹ്യ-രാഷ്ട്രീയ ജീവിതമോ വ്യക്തിതലത്തിലും സമൂഹതലത്തിലും മനുഷ്യനു കൈവന്ന വിജയങ്ങളോ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും: ഇതുവരെ നേടിയ പുരോഗതിയൊന്നും മനുഷ്യന്റെ മൗലികാഭിലാഷങ്ങളെ പൂർത്തീകരിച്ചിട്ടില്ലെന്ന്. ആധുനികവിമോചനപ്രസ്ഥാനം പടർന്നുപിടിച്ചുകൊണ്ടിരിക്കെത്തന്നെ പുതിയ വിപത്തുകളും, പുതിയതരം അടിമത്തങ്ങളും, പുതിയ ഭീതികളും പൊട്ടിമുളച്ചിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ഉള്ളിൽത്തന്നെ സ്വാതന്ത്ര്യത്തെ സംബന്ധിച്ച ഗുരുതരമായ അവ്യക്തതകൾ കടന്നുകൂടി ആരംഭംമുതൽ അതിനെ വികലമാക്കിയിരുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

**പ്രകൃതിയുടെമേലുള്ള വിജയം മനുഷ്യനു ഭീഷണി**

11. അങ്ങനെ മനുഷ്യൻ പ്രകൃതിയുടെ വിപത്തുകളിൽനിന്നു എത്രയധികം മോചിതനായിട്ടുണ്ടോ അത്രയധികം പുതിയ ഭയങ്ങൾ അവനെ നേരിടുന്നതായിക്കാണുന്നു. സാങ്കേതികവിദ്യ പ്രകൃതിയെ എത്ര

www.malankaralibrary.com

ത്തോളം നിയന്ത്രണാധീനമാക്കിയോ അതിലധികം അത്ര ഭാവിയുടെ അടിത്തറ തകർക്കുന്ന ഭീഷണിയായി മാറുന്നു. അങ്ങനെ ഇന്നത്തെ തലമുറ വരുംതലമുറകളുടെ ശത്രുവായിത്തീരുകയാണ്. പ്രകൃതിശക്തികളെ കീഴമർത്തുന്നതിന് അന്ധമായ ഊർജ്ജം നാം ഉപയോഗിക്കുമ്പോൾ അടുത്ത തലമുറയിലെ സ്ത്രീപുരുഷന്മാരുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന പാതയിലല്ലേ നാം ? മനുഷ്യന്റെമേൽ മനുഷ്യൻ പ്രയോഗിക്കുന്ന അധീശത്വത്തിന്റെ അടിമത്തത്തിൽ നിന്നു ഏതു ശക്തി നമ്മെ രക്ഷിക്കും ? സ്വാതന്ത്ര്യത്തെയും വിമോചനത്തെയും സംബന്ധിച്ച തികച്ചും പുത്തനായ ഒരു സമീപനം, സാകല്യേന നൂതനമായ ഒരു വിമോചനപ്രക്രിയ ഇന്ന് ആവശ്യമായിത്തീർന്നിരിക്കുന്നു.

**സാങ്കേതിക ശക്തിയുടെ ആപത്തുകൾ**

12. ശാസ്ത്രവിജ്ഞാനത്തിന്റെ വിമോചകശക്തി സാങ്കേതിക വിദ്യയുടെ വമ്പിച്ച നേട്ടങ്ങളിൽ വ്യക്തമായി പ്രതിഫലിച്ചു കാണാം. സാങ്കേതികവിദ്യ കൈവശമാക്കിയിട്ടുള്ളവന് ഭൂമിയെയും മനുഷ്യനെയും കീഴ്പ്പെടുത്താൻ കഴിയും. ഇതിന്റെ ഫലമായി സാങ്കേതികവിജ്ഞാനം സ്വായത്തമാക്കിയവരും അതിന്റെ കേവലോപയോക്താക്കളും തമ്മിൽ അഭൂതപൂർവ്വമായ അസമത്വങ്ങൾ രൂപമെടുത്തു. പുതിയ സാങ്കേതികാധിപത്യം സാമ്പത്തികാധിപത്യവുമായി ബന്ധപ്പെട്ടതാണ്. അതു സമ്പത്തിന്റെ കേന്ദ്രീകരണത്തിലേയ്ക്കു നയിക്കുന്നു. അങ്ങനെ രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾക്കിടയിലും പുതിയ പരാശ്രയബന്ധങ്ങളുടലെടുക്കുന്നു. കഴിഞ്ഞ ഇരുപതു കൊല്ലങ്ങൾക്കുള്ളിൽ വളർന്നുവന്ന ഇത്തരം പരാശ്രയങ്ങൾ പുതിയ വിമോചനാവകാശങ്ങൾക്കു അവസരം സൃഷ്ടിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെ ശക്തി സമൂഹങ്ങളെയോ ജനതകളെയോ അടിച്ചമർത്തുന്ന ആധിപത്യമായി വളരുന്നതു് എങ്ങനെ തടയാം ?

**വ്യക്തിവാദവും സമഷ്ടിവാദവും**

13. വിജ്ഞാനോദയത്തിന്റെ യുഗത്തിൽ സാമൂഹ്യ–രാഷ്ട്രീയ തലങ്ങളിലുണ്ടായ നേട്ടങ്ങളോടൊപ്പം സ്വാതന്ത്ര്യത്തെ നിർവ്വചിക്കുന്നതിൽ അടിസ്ഥാനപരമായ ഒരു അവ്യക്തതയും വന്നുകൂടി. ഭൗതികവസ്തുക്കളിൽനിന്നു് കിട്ടുന്ന പൂർണ്ണമായ സംതൃപ്തിയുടെയും ആനന്ദത്തിന്റെയും അടിസ്ഥാനത്തിൽ സ്വാർത്ഥതാല്പര്യങ്ങളെയും സ്വയംപര്യാപ്തതയേയും ലക്ഷീകരിച്ചുകൊണ്ടാണ് സ്വാതന്ത്ര്യം നിർവ്വചിക്കപ്പെട്ടതു്. ഈ സങ്കല്പത്തിൽ നിന്നുത്ഭവിച്ച വ്യക്തിപ്രധാനമായ പ്രത്യയശാസ്ത്രം വ്യാവസായിക യുഗത്തിന്റെ ആരംഭത്തിൽ സമത്വരഹിതമായ സാമ്പത്തികവിതരണത്തിനു വഴിതെളിച്ചു. തൊഴിലാളി ഉല്പാദിപ്പിച്ചതും അവന് അവകാശപ്പെട്ടതുമായ അവശ്യസാധനങ്ങൾ

www.malankaralibrary.com

പോലും അവന് ലഭ്യമല്ലാതായി. അക്കാരണത്താലാണ് വ്യാവസായികസമൂഹം സൃഷ്ടിച്ച ദാരിദ്ര്യത്തിൽനിന്ന് സ്വതന്ത്രമായ വിമോചനപ്രസ്ഥാനങ്ങൾ ഉടലെടുത്തത്.

വൈദികരും അല്മായരുമുൾപ്പെടെ പല ക്രിസ്ത്യാനികൾ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പോരാടിയിട്ടുണ്ട്. സഭയുടെ പ്രബോധനാധികാരം ഇതു സംബന്ധിച്ചു പലപ്പോഴും സ്വരമുയർത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പലപ്പോഴും തൊഴിലാളിപ്രസ്ഥാനം നീതിയുക്തമായ അവകാശങ്ങൾ നേടുന്നതിനു പകരം വ്യക്തിയുടെ ലോകാതീതമായ വിളിയെ അവഗണിച്ച് മനുഷ്യനെ ലൗകിക ഭാഗധേയങ്ങളിൽ ഒതുക്കി നിർത്തുന്ന സങ്കല്പങ്ങളിൽനിന്നു പ്രചോദനമുൾക്കൊണ്ട് പുതിയതരം അടിമത്തങ്ങളിലേയ്ക്ക് അവരെ നയിക്കുകയാണുണ്ടായത്. മേല്പറഞ്ഞ അവകാശവാദങ്ങൾ ചിലപ്പോഴൊക്കെ സമഷ്ടിവാദപരമായ ലക്ഷ്യത്തിലേയ്ക്കു തിരിച്ചുവിട്ടതിന്റെ ഫലമായി അവ നിർമ്മാർജ്ജനം ചെയ്യാനാഗ്രഹിച്ച പഴയ അനീതികളോളം തന്നെ ഗുരുതരമായ പുതിയ അനീതികൾ ഉടലെടുക്കുകയും ചെയ്തു.

**അടിച്ചമർത്തലിന്റെ പുതിയ രൂപങ്ങൾ**

14. അങ്ങനെയാണ് സാങ്കേതികവിദ്യയുടെ കുതിച്ചുകയറ്റത്തിനു മുൻപ് അസാദ്ധ്യമായിരുന്ന തരം സമഗ്രാധിപത്യവ്യവസ്ഥിതികളും ദുർഭരണസമ്പ്രദായങ്ങളും നമ്മുടെ കാലഘട്ടത്തിൽ രൂപംകൊണ്ടത്. ഒരു വശത്തു വംശനശീകരണത്തിനുവേണ്ടി സാങ്കേതികവൈദഗ്ദ്ധ്യം ഉപയോഗിക്കപ്പെടുന്നു; മറുവശത്ത് വിവിധ ന്യൂനപക്ഷങ്ങൾ ഭീകരപ്രവർത്തനങ്ങളിലൂടെ രാഷ്ട്രങ്ങളെ ഒന്നടങ്കം അടിമത്തത്തിൽ നിലനിർത്തുന്നു. ഇന്നു വ്യക്തികളുടെ ജീവിതത്തിന്റെ ഉള്ളറകൾവരെ നിയന്ത്രണവിധേയമാക്കാൻ കഴിയും. നേരത്തെ നൽകുന്ന മുന്നറിയിപ്പുകളുടെ ഫലമായുണ്ടാകുന്ന പരാശ്രയബോധത്തിനു സാക്ഷാത്തായ അടിച്ചമർത്തലിന്റെ സ്വഭാവമാണുള്ളത്.

സമൂഹത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്ന് മയക്കുമരുന്നുകളിലൂടെ നേടുന്ന വ്യാജവിമോചനം ലോകമാസകലം ഒട്ടേറെ ചെറുപ്പക്കാരെ ആത്മനശീകരണത്തോളമെത്തിച്ചു. പല കുടുംബങ്ങളെയും അതു കണ്ണീരു കുടിപ്പിച്ചു.

**സമ്പൂർണ്ണ നാശം എന്ന വിപത്ത്**

15. മഹത്തായ മനുഷ്യകുടുംബത്തിലെ ബന്ധങ്ങൾക്ക് ഉറപ്പുനൽകുന്ന നിയമാധിഷ്ഠിത ഭരണസമ്പ്രദായത്തിനുള്ള അംഗീകാ

www.malankaralibrary.com

രം നാൾക്കുനാൾ ബലഹീനമായിക്കൊണ്ടിരിക്കുന്നു. നിയമത്തിലുള്ള വിശ്വാസംവഴി ഭദ്രതാബോധം കൈവരാതിരിക്കുമ്പോൾ മനുഷ്യരാശിയെ മുഴുവൻ അപകടത്തിലാക്കുന്ന പരസ്പരഭീഷണികളിലൂടെ സുരക്ഷയും സമാധാനവും നേടാനുള്ള ശ്രമങ്ങൾ നടക്കുന്നു. സ്വാതന്ത്ര്യത്തിന്റെ വളർച്ചയ്ക്കുപകരിക്കേണ്ട ശക്തികൾതന്നെ അതിനു വലിയൊരു ഭീഷണിയാവുന്നു. പരസ്പരം ഓങ്ങിനില്ക്കുന്ന മാരകായുധങ്ങൾ ഭൂമുഖത്തുനിന്നു എല്ലാ മനുഷ്യജീവനെയും ഉന്മൂലനംചെയ്യാൻ കരുത്തുള്ളവയാണ്.

***അസമത്വത്തിന്റെ പുതിയ കൂട്ടുകെട്ടുകൾ***

16. സുശക്തരാഷ്ട്രങ്ങളും ദുർബ്ബലരാഷ്ട്രങ്ങളും തമ്മിൽ അടിച്ചമർത്തലിന്റേയും അസമത്വത്തിന്റേയുമായ പുതിയ കൂട്ടുകെട്ടുകൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്രബന്ധങ്ങളുടെ നിയമംതന്നെ സ്വന്തം താത്പര്യങ്ങളുടെ സംരക്ഷണമായി മാറിയിട്ടുണ്ട്. മനുഷ്യവംശത്തിന്റെ പൊതുനന്മ ആരും കണക്കിലെടുക്കുന്നതേയില്ല.

ദരിദ്രരാഷ്ട്രങ്ങളുടെ ആഭ്യന്തരസമനില തെറ്റിക്കുന്ന ആയുധ ഇറക്കുമതി അവയ്ക്കിടയിൽ വേർതിരിവുകൾ ഉണ്ടാക്കുകയും ഒരു ശാക്തികച്ചേരിയിലല്ലെങ്കിൽ മറ്റൊന്നിൽച്ചേരാൻ അവയെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ ക്രമപ്രവൃദ്ധമായ ആയുധസംഭരണം അവസാനിപ്പിക്കാനും നിയമവാഴ്ച വീണ്ടെടുക്കാനും ഏതു ശക്തിക്കു സാധിക്കും?

***യുവരാഷ്ട്രങ്ങളുടെ വിമോചനം***

17. അസമത്വത്തിൽ അധിഷ്ഠിതമായ ഈ ശാക്തികബന്ധങ്ങളുടെ സാഹചര്യത്തിലാണ് അടുത്തകാലംവരെ കോളനിവാഴ്ചയ്ക്കധീനങ്ങളും മൊത്തത്തിൽ ദരിദ്രങ്ങളുമായ യുവരാഷ്ട്രങ്ങളുടെ വിമോചനത്തിനായുള്ള പ്രസ്ഥാനങ്ങളാരംഭിച്ചത്. എന്നാൽ കഷ്ടപ്പെട്ടുനേടിയ സ്വാതന്ത്ര്യത്തെക്കുറിച്ചു ജനങ്ങളിൽ നിരാശയുളവാക്കുമാറ് ധാർമ്മികമനസ്സാക്ഷിയില്ലാത്ത ഭരണകൂടങ്ങൾ മനുഷ്യാവകാശങ്ങളെ നിർവ്വിശങ്കം പലപ്പോഴും ചവിട്ടിമെതിക്കുന്നു. അങ്ങനെ സ്വശക്തി നഷ്ടപ്പെട്ട ജനങ്ങൾക്ക് യജമാനന്മാരെ മാറ്റിയെടുക്കാൻമാത്രമേ കഴിയുന്നുള്ളു.

ഇക്കാലഘട്ടത്തിലെ അതിവ്യാപകവും മുഖ്യവുമായ ഒരു പ്രതിഭാസം നൂറ്റാണ്ടുകളുടെ ദാരിദ്ര്യഭാരം പേറി നടുവൊടിഞ്ഞ ജനങ്ങൾക്കിടയിൽ ഒരു പുതിയ അവബോധത്തിന്റെ ഉണർവ്വ് പ്രത്യക്ഷമാകുന്നുണ്ടെന്നുള്ളതത്രെ. അന്തസ്സും നീതിയും പുലരുന്ന ജീവിതം അവരാഗ്രഹിക്കുന്നു. സ്വന്തം സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ അവർ ഒരുക്കവുമാണ്.

www.malankaralibrary.com

***ദൈവവും ധാർമ്മികതയും വിമോചനത്തിനു തടസ്സമോ?***

18. മനുഷ്യന്റെ പുതിയ ആഭ്യന്തര വിമോചനപ്രസ്ഥാനങ്ങളെക്കുറിച്ച് ഒരു കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. ചിന്തയേയും ഇച്ഛാശക്തിയേയും അവയുടെ പരിമിതികളിൽനിന്നു സ്വതന്ത്രമാക്കാനുള്ള മോഹം ധാർമ്മികതതന്നെ അയുക്തികമായ പരിധിയാണെന്ന വാദത്തോളം ചിലരെ കൊണ്ടെത്തിച്ചിട്ടുണ്ട്. സ്വന്തം അധീശനാകാൻ തീരുമാനിച്ചുകഴിഞ്ഞ മനുഷ്യന് ആ പരിധിക്കുമപ്പുറത്തേയ്ക്കു പോകണമത്രെ.

മററു പലരുടെയും അഭിപ്രായത്തിൽ, ദൈവമാണ് യഥാർത്ഥത്തിൽ മനുഷ്യനെ അന്യവൽക്കരിക്കുന്നത്. ദൈവവിശ്വാസവും മനുഷ്യസ്വാതന്ത്ര്യവും തമ്മിൽ അടിസ്ഥാനപരമായ പൊരുത്തക്കേടുണ്ടുപോലും. ദൈവത്തിലുള്ള വിശ്വാസത്തെ നിരാകരിക്കുമ്പോഴാണത്രെ മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാകുക.

***വേദനിപ്പിക്കുന്ന ചില പ്രശ്നങ്ങൾ***

19. സ്വാതന്ത്ര്യത്തിന്റെ ആധുനികചരിത്രത്തിനു അകമ്പടിസേവിച്ച ദുരന്തങ്ങളുടെ വേരു് ഇവിടെയാണ്. വമ്പിച്ച നേട്ടങ്ങൾ അവകാശപ്പെടാനുണ്ടായിരുന്നിട്ടും —ഈ നേട്ടങ്ങൾ എപ്പോഴും ക്ഷണഭംഗുരമാണ്—ഈ ചരിത്രം എന്തുകൊണ്ടാണ് കൂടെക്കൂടെ അന്യവൽക്കരണത്തിൽ നിപതിക്കുന്നത്? എന്തുകൊണ്ട് അതിൽ അടിമത്തത്തിന്റെ പുതിയ രൂപങ്ങൾ പ്രത്യക്ഷപ്പെടുന്നു? വമ്പിച്ച പ്രത്യാശയുണർത്തിക്കൊണ്ടാരംഭിക്കുന്ന വിമോചനപ്രസ്ഥാനങ്ങൾ എന്തുകൊണ്ടാണ് മതസ്വാതന്ത്ര്യത്തിനു പ്രഥമസ്ഥാനമുള്ള പൗരസ്വാതന്ത്ര്യത്തെ മുഖ്യശത്രുവായിക്കാണുന്ന ഭരണകൂടങ്ങൾക്കു ജന്മം കൊടുക്കുന്നത്?

മനുഷ്യൻ ധാർമ്മികനിയമങ്ങളിൽനിന്നു സ്വതന്ത്രനാകാനും ദൈവത്തിൽനിന്നു മോചനം നേടാനുമാഗ്രഹിക്കുമ്പോൾ അവൻ സ്വാതന്ത്ര്യം നേടുകയല്ല നശിപ്പിക്കുകയാണു ചെയ്യുക. സത്യത്തിന്റെ അളവുകോലിൽനിന്ന് വിടുതൽപ്രാപിക്കുമ്പോൾ അവൻ തോന്ന്യാസങ്ങൾക്ക് ഇരയായിത്തീരുന്നു. ജനതകൾ തമ്മിലുള്ള സാഹോദര്യബന്ധം അസ്തമിക്കുകയും തൽസ്ഥാനത്തു ഭീകരതയും വിദ്വേഷവും ഭയവും കയറിപ്പററുകയും ചെയ്യുന്നു. മനുഷ്യന്റെ അവസ്ഥയെയും സ്വാതന്ത്ര്യത്തെയുംകുറിച്ചുള്ള അവബോധത്തിൽ മാരകമായ അബദ്ധങ്ങൾ കടന്നുകൂടി അതിനെ മലിനീകരിച്ചതു നിമിത്തം, ശുദ്ധമൂലമായ ആധുനിക വിമോചനപ്രസ്ഥാനം സന്ദേഹജടിലമായി. യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ വാഗ്ദാനങ്ങൾ അതിലുണ്ട്; എന്നാൽ മാരകമായ അടിമത്തത്തിന്റെ ഭീഷണികളും അതിൽ അന്തർഭവിക്കുന്നു.

www.malankaralibrary.com

## 2. സ്വാതന്ത്ര്യം ദൈവജനത്തിന്റെ അനുഭവത്തിൽ

***സഭയും സ്വാതന്ത്ര്യവും***

20. ആപൽക്കരമായ ഈ സന്ദിഗ്ധതയെക്കുറിച്ചുള്ള അവബോധം നിമിത്തമാണ് വിമോചനത്തിനായുള്ള അത്യുത്സാഹത്തെ കയ്പുററ മോഹഭംഗമായി മാററുന്ന പാളിച്ചകൾക്കെതിരെ സഭയുടെ പ്രബോധനാധികാരം നൂററാണ്ടുകളിലൂടെ സ്വരമുയർത്തിപ്പോന്നിട്ടുള്ളത്. അതിന്റെ പേരിൽ പലപ്പോഴും അവൾ തെററിദ്ധരിക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ കാലം ചെല്ലുന്തോറും സഭയുടെ വീക്ഷണത്തോട് കൂടുതൽ നീതി കാണിക്കാൻ കഴിയുന്നു.

ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ സംബന്ധിച്ച സത്യത്തിന്റെ പേരിലാണ് സഭ ഇതിൽ ഇടപെടുന്നത്. എന്നിട്ടും വിമോചനമാർഗ്ഗത്തിൽ അവൾ വിലങ്ങുതടിയായി നില്ക്കുന്നു എന്ന ആക്ഷേപം പൊന്തിവരുന്നു. അവളുടെ ഹയരാർക്കിക്കൽഘടന സമത്വത്തിനും, പ്രബോധനാധികാരം ചിന്താസ്വാതന്ത്ര്യത്തിനും എതിരാണുപോലും! നൂററാണ്ടുകളുടെ പ്രവാഹത്തിനിടയിലുണ്ടായ ചില തെററായ തീരുമാനങ്ങൾക്കും ഗൗരവാവഹമായ ചില കർത്തവ്യവിലോപങ്ങൾക്കും ക്രൈസ്തവർ ഉത്തരവാദികളാണെന്നതു സത്യംതന്നെ. എന്നാൽ ഈ എതിർവാദങ്ങൾ കാര്യങ്ങളുടെ യഥാർത്ഥസ്വഭാവത്തെ അവഗണിക്കുന്നു. ദൈവജനത്തിന്റെ സേവനത്തിനുവേണ്ടിയുള്ള സവിശേഷസിദ്ധികളിലുള്ള വൈവിദ്ധ്യം, മനുഷ്യവ്യക്തികളുടെ തുല്യമായ അന്തസ്സിനോ വിശുദ്ധിയിലേയ്ക്കുള്ള പൊതുവായ വിളിക്കോ എതിരല്ല.

മനുഷ്യവിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും സത്യം തേടുവാൻ അനുപേക്ഷണീയോപാധിയായ ചിന്താസ്വാതന്ത്ര്യത്തിന്റെ അർത്ഥം, ക്രിസ്തു സഭയെ ഭരമേല്പിച്ച വെളിപാടിന്റെ വെളിച്ചത്തിൽ മനുഷ്യബുദ്ധി നിഷ്ക്രിയമായിത്തീരണമെന്നല്ല. ദൈവികസത്യങ്ങളുടെ നേർക്ക് സ്വയം തുറന്നുവയ്ക്കുമ്പോഴാണ് സൃഷ്ടബുദ്ധി പുഷ്ടിക്കുകയും പൂർണ്ണതപ്രാപിക്കുകയും ചെയ്യുന്നതു. അതുതന്നെയാണ് സ്വാതന്ത്ര്യത്തിന്റെ ഉദാത്തമായ രൂപവും. പോരെങ്കിൽ രണ്ടാംവത്തിക്കാൻ കൗൺസിൽ ശാസ്ത്രങ്ങളുടെയും രാഷ്ട്രീയസ്വഭാവമുള്ള പ്രവർത്തനങ്ങളുടെയും ന്യായയുക്തമായ സ്വയംഭരണാവകാശം അംഗീകരിച്ചിട്ടുമുണ്ട്.

***'ചെറിയ'വരുടെയും ദരിദ്രരുടെയും സ്വാതന്ത്ര്യം***

21. ശാസ്ത്രം, സാങ്കേതികവിദ്യ, ധനതത്ത്വശാസ്ത്രം എന്നിവയുടെ മേഖലകളിലെ പുരോഗതിയായിരിക്കണം സ്വാതന്ത്ര്യസമ്പാദനത്തിന്റെ അടിസ്ഥാനമെന്ന വ്യാപകമായ വിശ്വാസം, വിജ്ഞാനോദയയുഗത്തിനു

www.malankaralibrary.com

ശേഷം വിമോചനപ്രക്രിയയെ ദുഷിപ്പിച്ച വലിയ പ്രമാദങ്ങ ളിലൊന്നാണ്. സ്വാതന്ത്ര്യത്തിന്റെ ആഴങ്ങളെയും ആവശ്യങ്ങ ളെയുംകുറിച്ചുള്ള തെററായ ഒരു ധാരണയായിരുന്നു അതു്.

സ്വാതന്ത്ര്യത്തിന്റെ അഗാധതയെ സംബന്ധിച്ച യാഥാ ർത്ഥ്യം സഭയ്ക്കു് എന്നും അറിയാമായിരുന്നു. സർവ്വോപരി എണ്ണ മററ വിശ്വാസികളുടെ, വിശിഷ്യ ചെറിയവരുടെയും പാവങ്ങ ളുടെയും ജീവിതങ്ങളിൽനിന്നു അവരം നേടിയ അറിവാണിതു്. ദൈവത്തിന്റെ അനന്തസ്നേഹത്തിനു് പാത്രമായിട്ടുള്ളവരാണു് തങ്ങളെന്നു് അവർ സ്വന്തം വിശ്വാസത്തിലൂടെ ഗ്രഹിച്ചിട്ടുണ്ടു്. അവരിലോരോരുത്തർക്കും പറയാൻ കഴിയും: ''എന്നെ സ്നേഹി ക്കുകയും എനിക്കായി സ്വയം നല്കുകയും ചെയ്ത ദൈവപുത്രനിലു ള്ള വിശ്വാസത്തിലാണു് ഞാൻ ജീവിക്കുന്നതു്'' (ഗലാ 2:20). ഏതു പ്രബലനും അവരിൽനിന്നു് അപഹരിക്കാനാവാത്ത അന്ത സ്സാണതു്. അവരിൽ കുടികൊള്ളുന്ന വിമോചനാത്മകമായ ആ ദർശവും അതുതന്നെ. ''മേലിലൊരിക്കലും നിങ്ങളെ ഞാൻ ദാസ ന്മാരെന്നു വിളിക്കുകയില്ല. യജമാനൻ ചെയ്യുന്നതെന്താണെന്നു ദാസൻ അറിയാറില്ലല്ലോ. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിത ന്മാരെന്നു വിളിക്കുന്നു, എന്തെന്നാൽ പിതാവിൽനിന്നു ഞാൻ ഗ്രഹിച്ചവയെല്ലാം ഞാൻ നിങ്ങളെ അറിയിച്ചിരിക്കുന്നു'' (യോ ഹ. 15:15). യേശുവിന്റെ ഈ വാക്കുകൾ തങ്ങളെയും സംബോ ധനചെയ്തുകൊണ്ടു് പറയപ്പെട്ടതാണെന്നു് അവർക്കറിയാം. ദൈ വത്തിന്റെ ജ്ഞാനത്തിലുള്ള ഈ പങ്കാളിത്തമാണു് വിജ്ഞാനി കളുടേതായ അവകാശവാദങ്ങളുടെ ആധിപത്യത്തിൽനിന്നു് അവ ർക്കു് മോചനംനല്കുന്നതു്. ''നിങ്ങൾക്കെല്ലാവർക്കും അറിവുണ്ടു്... ആരും നിങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ല'' (1 യോഹ. 2:20b, 27b). മനുഷ്യരാശി ഏതൊന്നിനായി വിളിക്കപ്പെട്ടിരി ക്കുന്നുവോ ആ മഹോന്നതവിജ്ഞാനത്തിൽ തങ്ങൾ ഭാഗഭാക്കു കളാണെന്നു് അവർ ഗ്രഹിച്ചിട്ടുണ്ടു്. മററുള്ള എല്ലാ ജനതകളെയും എന്നപോലെയും അവരെക്കാൾ കൂടുതലായും ദൈവം തങ്ങളെ സ്നേഹിക്കുന്നു എന്നു് അവർക്കറിയാം. അങ്ങനെ അവർ സത്യ ത്തിൽനിന്നും സ്നേഹത്തിൽനിന്നും പ്രവഹിക്കുന്ന സ്വാതന്ത്ര്യ ത്തിൽ ജീവിക്കുന്നു.

***പൊതുജനഭക്തിയുടെ വിഭവങ്ങൾ***

22. യേശുവിന്റെ കുരിശിൻ നേർക്കു് ദൈവജനം പുല ർത്തുന്ന പ്രത്യാശാനിർഭരമായ ഈ വിശ്വാസാവബോധം രക്ഷക നായ ക്രിസ്തു എന്ന നിഗൂഢസത്യത്തിലന്തർഭവിച്ചിരിക്കുന്ന ശക്തി കണ്ടറിയുന്നുണ്ടു്. അതിനാൽ പൊതുജനഭക്തിയുടെ രൂപ ഭേദങ്ങളെ നിന്ദിക്കുകയോ അമർച്ച ചെയ്യുകയോ ചെയ്യാതെ അവ യുടെ ആന്തരാർത്ഥങ്ങളെ സ്വീകരിക്കുകയും ആഴപ്പെടുത്തുകയുമാണു

www.malankaralibrary.com

വേണ്ടതു്. ദൈവശാസ്ത്രപരവും അജപാലനപരവുമായി സാംഗത്യമുള്ള ഒരു അടിസ്ഥാന വസ്തുത നാമിവിടെ കാണുന്നു: ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനു പാത്രമായ ദരിദ്രരാണു്, ഏററം മൗലികമായ വിമോചനം — പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള വിമോചനം — ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും കൈവന്നതാണെന്ന വസ്തുത ഏററം മെച്ചമായി, സഹജവാസനകൊണ്ടെന്നപോലെ മനസ്സിലാക്കുന്നതു്.

***വിമോചനത്തിന്റെ രക്ഷാകര-ധാർമ്മികമാനങ്ങൾ***

23. ഈ വിമോചനത്തിന്റെ ശക്തി ചരിത്ര യാഥാർത്ഥ്യങ്ങളുടെ ഉള്ളിലേയ്ക്കു് ആണ്ടിറങ്ങി അവയെ ഗാഢമായി രൂപാന്തരപ്പെടുത്തുകയും മനുഷ്യന്റെ യുഗാന്തോന്മുഖാഭിലാഷങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ നോക്കുമ്പോൾ വിമോചനത്തിന്റെ പ്രഥമവും അടിസ്ഥാനപരവുമായ അർത്ഥം രക്ഷാകരമാണെന്നു കാണാം: തിന്മയുടെയും പാപത്തിന്റെയും മൗലികമായ അടിമത്തത്തിൽ നിന്നു് മനുഷ്യൻ സ്വതന്ത്രനാക്കപ്പെടുന്നു.

രക്ഷയുടെ ഈ അനുഭവത്തിലാണു് മനുഷ്യൻ സ്വാതന്ത്ര്യത്തിന്റെ ശരിയായ അർത്ഥം കണ്ടെത്തുക. എന്തെന്നാൽ സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പാണു് വിമോചനം. അതു സ്വാതന്ത്ര്യത്തിലുള്ള ശിക്ഷണവുമാണു്, അതായതു് സ്വാതന്ത്ര്യത്തിന്റെ ശരിയായ വിനിയോഗത്തിനുവേണ്ടിയുള്ള ശിക്ഷണം. അങ്ങനെ വിമോചനത്തിന്റെ രക്ഷാകരമാനം അതിന്റെ ധാർമ്മികമാനത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

***സ്വാതന്ത്ര്യചരിത്രത്തിൽ ഒരു നൂതന ഘട്ടം***

24. വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മൗലികമായ അനുഭവത്തിനു് ആരംഭമായി വർത്തിക്കുന്ന വിശ്വാസബോധം ക്രൈസ്തവജനതയുടെ സംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും വിവിധതോതുകളിൽ വേരിറക്കിയിട്ടുണ്ടു്. എന്നാൽ ഇന്നു്, മനുഷ്യവംശം നേരിടേണ്ടിവന്നിരിക്കുന്ന വമ്പിച്ച വെല്ലുവിളികൾ നിമിത്തം, തികച്ചും നൂതനമായൊരു രീതിയിൽ ദൈവസ്നേഹവും സത്യത്തിലും നീതിയിലുമുള്ള സ്വാതന്ത്ര്യവും ചേർന്നു്, വ്യക്തികളും ജനതകളും തമ്മിലുള്ള ബന്ധങ്ങളെ നയിക്കുകയും സംസ്കാരങ്ങളെ സജീവമാക്കുകയും ചെയ്യേണ്ടതു് അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു.

സത്യവും സ്നേഹവും ഇല്ലാതാകുന്നിടത്തു് വിമോചനപ്രക്രിയ സ്വാതന്ത്ര്യത്തെ അതിന്റെ എല്ലാ പിന്തുണയും നഷ്ടപ്പെടുത്തിക്കൊണ്ടു് നശിപ്പിച്ചുകളയുന്നു.

www.malankaralibrary.com

സ്വാതന്ത്ര്യത്തിന്റെ ചരിത്രത്തിലെ ഒരു നൂതന ഘട്ടം നമ്മുടെ മുന്നിൽ തുറക്കപ്പെടുകയാണ്. ശാസ്ത്രം, സാങ്കേതികവിദ്യ, തൊഴിൽ, ധനതത്ത്വശാസ്ത്രം, രാഷ്ട്രീയപ്രവർത്തനം എന്നിവ ഫലം പുറപ്പെടുവിക്കണമെങ്കിൽ സഹനത്തെക്കാൾ ശക്തമായ സത്യത്തിലും സ്നേഹത്തിലുംനിന്ന് അവ ഉത്തേജനവും മാനദണ്ഡവും ഉൾക്കൊള്ളണം. ഈ സത്യവും സ്നേഹവും മനുഷ്യനു വെളിപ്പെടുത്തിയതു് യേശുക്രിസ്തുവാണ്.

# അദ്ധ്യായം II

## സ്വാതന്ത്ര്യത്തിലേയ്ക്കുള്ള മനുഷ്യന്റെ വിളിയും പാപത്തിന്റെ ദുരന്തവും

### 1. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള പ്രാഥമികസമീപനങ്ങൾ:

***ഒരു സഹജപ്രതികരണം*** 25. ''സ്വതന്ത്രനായിരിക്കുക എന്നതിന്റെ അർത്ഥമെന്തു്?'' ഈ ചോദ്യത്തിനു് ഉടനടികിട്ടുന്ന ഉത്തരം ഇങ്ങനെയായിരിക്കും: ബാഹ്യമായ തടസ്സങ്ങളൊന്നുമില്ലാതെ യഥേഷ്ടം പെരുമാറാനും പൂർണ്ണമായ സ്വായത്തത ആസ്വദിക്കാനും കഴിയുക എന്നു തന്നെ. സ്വാതന്ത്ര്യത്തിന്റെ വിപരീതാവസ്ഥ നമ്മുടെ ഇച്ഛ മറ്റൊരാളുടെ ഇച്ഛയെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥയാണ്.

എന്നാൽ തനിക്കു വേണ്ടതെന്താണെന്നു് മനുഷ്യൻ എപ്പോഴും അറിയുന്നുണ്ടോ? വേണ്ടതൊക്കെ ചെയ്യാൻ അവൻ പ്രാപ്തനാണോ? മറ്റുള്ളവരുമായുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ടു് തന്നിൽത്തന്നെ ഒതുങ്ങാൻ ശ്രമിക്കുന്നതു് മനുഷ്യപ്രകൃതിക്കു ചേർന്നതാണോ? പലപ്പോഴും ഒരു പ്രത്യേക നിമിഷത്തിൽത്തോന്നുന്ന അഭിലാഷം വ്യക്തിയുടെ യഥാർത്ഥ ആവശ്യമായിരിക്കുകയില്ല. ഒരേ മനുഷ്യനിൽത്തന്നെ പരസ്പരവിരുദ്ധമായ ആഗ്രഹങ്ങളും ഉണ്ടായെന്നും വരാം. എന്നാൽ സർവ്വോപരി മനുഷ്യനു് സ്വന്തം പ്രകൃതിയുടെ പരിധികളെയും നേരിടേണ്ടിവരുന്നു; സ്വന്തം കഴിവുകൾക്കതീതമാണു് അവന്റെ ആഗ്രഹങ്ങൾ. അതായതു് അവന്റെ ഇച്ഛയെ എതിർക്കുന്ന വിഘ്നങ്ങൾ എപ്പോഴും പുറമേനിന്നുള്ളവയല്ല. പ്രത്യുത സ്വന്തം സത്തയുടെ തന്നെ സീമയിലുള്ളവയത്രെ. ആകയാൽ ആത്മനശീകരണം ഒഴിവാക്കാൻവേണ്ടി ആഗ്രഹങ്ങളെ സ്വന്തം പ്രകൃതിയുമായി രമ്യപ്പെടുത്താൻ അവൻ പഠിച്ചേതീരൂ.

www.malankaralibrary.com

***സത്യവും നീതിയും സ്വാതന്ത്ര്യത്തിൻെറ നിയമങ്ങൾ***

26. മാത്രമല്ല, ഓരോ വ്യക്തിക്കും മററുള്ളവരോട്ട് ആഭിമുഖ്യമുണ്ട്. അവരുടെ സഹവാസം അവനു് ആവശ്യവുമാണ്. യഥാർത്ഥനന്മയ്ക്കുവേണ്ടി തൻെറ ഇച്ഛയെ അന്യരുടേതുമായി യോജിപ്പിച്ചെടുക്കാൻ അഭ്യസിക്കുന്നതിലൂടെയാണു് മനുഷ്യൻ ഇച്ഛാശക്തിയുടെ നേർവഴി പഠിക്കുക. തന്നിമിത്തം സത്യവും നീതിയുമാണു് യഥാർത്ഥ സ്വാതന്ത്ര്യത്തിൻെറ മാനദണ്ഡം. ഈ അടിത്തറ അവഗണിച്ചുകൊണ്ടു സ്വയം ദൈവമായിത്തീരുമ്പോൾ മനുഷ്യൻ വഞ്ചിതനാകുന്നു. സ്വയം സാക്ഷാത്ക്കരിക്കുന്നതിനുപകരം സ്വയം നശിപ്പിക്കുന്നു.

പൂർണ്ണമായ സ്വയംപര്യാപ്തതയിലോ മററുള്ളവരുമായുള്ള ബന്ധരാഹിത്യത്തിലോ അല്ല സ്വാതന്ത്ര്യം കൈവരുന്നതു്; മറിച്ചു് സത്യത്താലും നീതിയാലും നയിക്കപ്പെടുന്ന പരസ്പരബന്ധങ്ങൾ മനുഷ്യരെ അന്യോന്യം അനുരഞ്ജിപ്പിക്കുമ്പോഴത്രെ. അത്തരം ബന്ധങ്ങൾ സാധ്യമാകണമെങ്കിൽ ഓരോ വ്യക്തിയും സത്യത്തിൽ വസിക്കണം.

സ്വാതന്ത്ര്യമെന്നാൽ തോന്നിയതെന്തും ചെയ്യാനുള്ള അനുവാദമല്ല. നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമാണു്. അതിൽ മാത്രമേ സന്തോഷം കണ്ടെത്താനാവുകയുള്ളു. ആകയാൽ നന്മയാണു സ്വാതന്ത്ര്യത്തിൻെറ ലക്ഷ്യം. മനുഷ്യൻ സത്യത്തെ എത്രത്തോളം അറിയുന്നുവോ അത്രത്തോളമേ അവൻ സ്വതന്ത്രനാകുന്നുള്ളു. ഇതര ശക്തികളൊന്നുമല്ല, സത്യം മാത്രമായിരിക്കണം അവൻെറ ഇച്ഛാശക്തിയെ നയിക്കുന്നതു്. ഇച്ഛാശക്തിയെ നയിക്കേണ്ട സത്യമേതോ അതറിയാൻവേണ്ടിയുള്ള വിമോചനമാണു് യഥാർത്ഥമായ സ്വാതന്ത്ര്യത്തിൻെറ അവശ്യവ്യവസ്ഥ.

## 2. സ്വാതന്ത്ര്യവും വിമോചനവും

***സൃഷ്ടിയുടെ സ്വാതന്ത്ര്യം***

27. മററു വാക്കുകളിൽ പറഞ്ഞാൽ സ്വന്തം തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെയുംമേൽ ഒരുവനുള്ള ആന്തരികമായ ആധിപത്യം എന്ന നിലയിൽ സ്വാതന്ത്ര്യത്തിനു് ധാർമ്മികക്രമവുമായി ഉററ ബന്ധമുണ്ട്. ധാർമ്മികനന്മയെ തെരഞ്ഞെടുക്കുന്നതിലാണു് അതു് ശരിയായ അർത്ഥം കണ്ടെത്തുക. തന്നിമിത്തം ധാർമ്മികതിന്മയിൽനിന്നുള്ള മോചനമായി അതു് പ്രത്യക്ഷപ്പെടുന്നു.

തൻെറ സ്വഭാവത്തിനും ദൈവവിളിക്കും യോജ്യമായ ആപേക്ഷികനന്മകൾ സ്വതന്ത്രമായി നിർവ്വഹിച്ചുകൊണ്ടുവേണം മനുഷ്യൻ പരമനന്മയായ ദൈവത്തിങ്കൽ എത്തിച്ചേരാൻ,

www.malankaralibrary.com

സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിലൂടെ മനുഷ്യൻ തനിക്കുവേണ്ടിത്തന്നെ തീരുമാനമെടുക്കുന്നു; സ്വയം രൂപപ്പെടുത്തുന്നു. ഈ അർത്ഥത്തിൽ മനുഷ്യൻ തന്റെതന്നെ കാരണമാണ്. അതാകട്ടെ ദൈവച്ഛായയിലുള്ള ഒരു സൃഷ്ടി എന്ന നിലയിൽ മാത്രം. മനുഷ്യാവസ്ഥയുടെ സത്യമിതായിരിക്കെ സ്വാതന്ത്ര്യത്തെ അഥവാ ''ചരിത്രപരമായ നിർവ്വഹണത്തെ'' (Prxis) അസ്തിത്വത്തിന്റെയും ആയിത്തീരലിന്റെയും പരമതത്ത്വമാക്കി പ്രതിഷ്ഠിക്കുന്ന സിദ്ധാന്തങ്ങൾ എത്രയോ അബദ്ധജടിലങ്ങളാണ്. ഈ സിദ്ധാന്തങ്ങൾ നിരീശ്വരത്വത്തിന്റെ ആവിഷ്ക്കാരങ്ങളാണ്. അവയുടെ ആന്തരികമായ യുക്തി നാസ്തികത്വത്തിലേയ്ക്കത്രേ നയിക്കുക. നിസ്സംഗതാവാദവും ബോധപൂർവ്വമായ അജ്ഞേയവാദവും അതേവഴിയിൽത്തന്നെയാണു ചരിക്കുന്നത്. മനുഷ്യനിലുള്ള ദൈവച്ഛായയത്രെ സ്വാതന്ത്ര്യത്തിന്റെയും മാനുഷികാന്തസ്സിന്റെയും അടിത്തറ.

***സ്രഷ്ടാവിന്റെ വിളി***

28. മനുഷ്യനെ സ്വതന്ത്രനായി സൃഷ്ടിച്ചുകൊണ്ടു ദൈവം അവനിൽ തന്റെ ഛായയും സാദൃശ്യവും മുദ്രണംചെയ്തു. നന്മയിലേയ്ക്കുള്ള ചായ്‌വും അഭിവാഞ്ഛയും പ്രകടമാക്കുന്ന പ്രകൃതിയിലൂടെ അവൻ തന്റെ സ്രഷ്ടാവിന്റെ വിളി കേൾക്കുന്നു. അതിലുപരി ക്രിസ്തുവിലൂടെ പൂർണ്ണമായി പ്രഖ്യാപിക്കപ്പെട്ട വെളിപാടിന്റെ വചനത്തിൽ അവൻ അതു ശ്രവിക്കുന്നു. ദൈവം മനുഷ്യനെ സ്വതന്ത്രനായി സൃഷ്ടിച്ചുവെന്നും, കൃപാവരത്തിലൂടെ ദൈവത്തോടു സൗഹൃദം സ്ഥാപിക്കാനും ദൈവികജീവനിൽ പങ്കാളിയാകാനും മനുഷ്യനു സാധിക്കുമെന്നും അങ്ങനെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

***പങ്കുവയ്ക്കപ്പെടുന്ന സ്വാതന്ത്ര്യം***

29. വ്യക്തിപരമോ സാമൂഹ്യമോ ആയ പ്രവർത്തനത്തിൽ നിന്നല്ല മനുഷ്യന്റെ ആരംഭം; പ്രത്യുത തന്നെ സൃഷ്ടിച്ച ദൈവത്തിന്റെ ദാനത്തിൽനിന്നാണ്. ഇതാണ് നമ്മുടെ വിശ്വാസത്തിന്റെ പ്രഥമ പ്രഖ്യാപനം. മനുഷ്യചിന്തയുടെ മഹോന്നതമായ ഉൾക്കാഴ്ചകളെ അതു സ്ഥിരീകരിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ സ്വാതന്ത്ര്യം പങ്കുവയ്ക്കപ്പെടുന്ന ഒന്നാണ്— ആത്മസാക്ഷാത്ക്കാരത്തിനുള്ള അവന്റെ കഴിവിനെ ദൈവത്തിലുള്ള ആശ്രയഭാവം അമർച്ച ചെയ്യുന്നില്ല. ദൈവസ്വാതന്ത്ര്യവും മനുഷ്യസ്വാതന്ത്ര്യവും തമ്മിൽ വൈരുദ്ധ്യംകാണുക നിരീശ്വരത്വത്തിന്റെ സവിശേഷതയാണ്. ദൈവത്തെ ഊന്നിപ്പറയുന്നതു മനുഷ്യനെ നിഷേധിക്കുന്നതിനു തുല്യമാണെന്നും ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടൽ മനുഷ്യപ്രയത്നങ്ങളെ വ്യർത്ഥ

www.malankaralibrary.com

മാക്കിക്കളെയുമെന്നുമുള്ള സങ്കല്പങ്ങളാണ് ഇവിടെ നിഴലിക്കുന്നത്. യഥാർത്ഥത്തിൽ ദൈവത്തിലും ദൈവവുമായുള്ള ബന്ധത്തിലുമത്രെ മനുഷ്യസ്വാതന്ത്ര്യം സാർത്ഥകവും പൂർവ്വാപരബന്ധിതവും ആയിത്തീരുക.

***മനുഷ്യന്റെ സ്വാതന്ത്ര്യ തെരഞ്ഞെടുപ്പ്***

30. ദൈവത്തിൽനിന്നു സ്വീകരിച്ച പ്രകൃതിയെ അടിസ്ഥാനമാക്കിയാണ് മാനവചരിത്രം വിരിയുക. ആ പ്രകൃതിയുടെ പ്രവണതകളും ദൈവകൃപയും മനുഷ്യനെ ഏതു ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നുവോ അതിന്റെ സ്വതന്ത്രമായ സാക്ഷാത്ക്കാരം ചരിത്രമായിത്തീരുന്നു.

എന്നാൽ മനുഷ്യന്റെ സ്വാതന്ത്ര്യം അപൂർണ്ണവും തെററുപററാവുന്നതുമാണ്. ബാഹ്യദൃഷ്ടിയിൽ നന്മയായിത്തോന്നുന്നതു് അവൻ ആഗ്രഹിക്കുന്നു. എന്നാൽ വ്യാജനന്മ തെരഞ്ഞെടുക്കുമ്പോഴും സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വിളിയിൽ അവൻ പരാജയപ്പെടുന്നു. സ്വതന്ത്രമായ ഇച്ഛാശക്തിവഴിയത്രെ മനുഷ്യൻ സ്വന്തം ജീവിതത്തിന്റെ നാഥനാകുന്നതു്. അവനു് ക്രിയാത്മകമായ രീതിയിലോ വിനാശകമായ രീതിയിലോ പ്രവർത്തിക്കാൻ കഴിയും.

തന്റെ മനസ്സാക്ഷിയിൽ എഴുതപ്പെട്ടിരിക്കുന്നതും പരിശുദ്ധാത്മാവിന്റെ പ്രചോദനമെന്നവിധം സിദ്ധിച്ചതുമായ ധാർമ്മികനിയമം അനുസരിക്കുമ്പോഴും മനുഷ്യൻ തന്റെമേൽത്തന്നെ യഥാർത്ഥമായ ആധിപത്യം പുലർത്തുന്നു. ഈശ്വരസന്താനമെന്ന നിലയിലുള്ള തന്റെ രാജകീയദൗത്യം സാക്ഷാത്ക്കരിക്കുന്നു. ''ദൈവസേവനത്തിലൂടെ അവൻ ഭരണം നടത്തുന്നു''. ആധികാരികമായ സ്വാതന്ത്ര്യം ''നീതിയുടെ പരിചരണമാണ്.'' അനുസരണമില്ലായ്മയുടെയും തിന്മയുടെയും തെരഞ്ഞെടുപ്പാകട്ടെ ''പാപത്തിന്റെ ദാസ്യ''വും.

***ഭൗതികവിമോചനവും സ്വാതന്ത്ര്യവും***

31. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ അവബോധം ഭൗതികവിമോചനത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. ആധികാരികമായ മാനുഷികസ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിനാവശ്യമായ ഉപാധികൾ ഭദ്രമാക്കുകയും ഉറപ്പാക്കുകയും ചെയ്യുന്ന എല്ലാ പ്രക്രിയകളെയും അതുൾക്കൊള്ളുന്നു.

ആകയാൽ വിമോചനം സ്വന്തം നിലയിൽ മാനവസ്വാതന്ത്ര്യത്തെ ഉല്പാദിപ്പിക്കുന്നില്ല. സാമാന്യബുദ്ധിയും അതിനെ സ്ഥിരീകരിക്കുന്ന ക്രൈസ്തവബോധവും അറിയുന്ന ഒന്നുണ്ട്: പലതരം നിയന്ത്രണങ്ങൾക്കു വിധേയമായിരിക്കുമ്പോൾപ്പോലും സ്വാതന്ത്ര്യം പൂർണ്ണമായി നശിപ്പിക്കപ്പെടുന്നില്ല. അതിഭീകരങ്ങ

www.malankaralibrary.com

ളായ ഞെരുക്കങ്ങൾ സഹിക്കേണ്ടിവരുന്നവർ പോലും തങ്ങളുടെ സ്വാതന്ത്ര്യം പ്രകടിപ്പിച്ചുകൊണ്ടു വിമോചനത്തിനുവേണ്ടി പോരാടാറുണ്ട്. വിമോചനപ്രക്രിയയ്ക്കു സ്വാതന്ത്ര്യത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനു കൂടുതൽ യോജ്യമായ വ്യവസ്ഥകൾ സൃഷ്ടിക്കാനേ കഴിയൂ. പോരാടുന്നവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ കണക്കിലെടുക്കാത്ത വിമോചനം പരാജയത്തിനു മുൻകൂട്ടി വിധിക്കപ്പെട്ടിരിക്കുന്നു.

## 3. സ്വാതന്ത്ര്യവും മനുഷ്യസമൂഹവും

***മനുഷ്യന്റെ അവകാശങ്ങളും അവന്റെ 'സ്വാതന്ത്ര്യങ്ങളും'*** 32. ദൈവം മനുഷ്യനെ ഒരു ഏകാന്ത ജീവിയായിട്ടല്ല സൃഷ്ടിച്ചത്. പിന്നെയോ അവൻ ഒരു സമൂഹജീവിയായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. സാമൂഹ്യജീവിതം മനുഷ്യനു ബാഹ്യമല്ല. മറ്റുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ടുമാത്രമേ അവനു വളരാനും, സ്വന്തം ദൗത്യം സാക്ഷാത്ക്കരിക്കാനും കഴിയൂ. പല സമൂഹങ്ങളുടെ അംഗമാണു മനുഷ്യൻ. കുടുംബപരം, തൊഴിൽപരം, രാഷ്ട്രീയം എന്നിങ്ങനെയുള്ള സമൂഹങ്ങൾക്കുള്ളിലാണു അവൻ തന്റെ ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടത്. നീതിനിഷ്ഠമായ ഒരു സാമൂഹ്യവ്യവസ്ഥ മനുഷ്യന്റെ സ്വതന്ത്രവ്യക്തിത്വത്തിന്റെ സാക്ഷാത്ക്കാരത്തിന് അനന്യലബ്ധമായ സഹായം നല്കുന്നു. മറിച്ച് അനീതി നിറഞ്ഞ ഒരു വ്യവസ്ഥിതി അവന്റെ ഭാഗധേയത്തെ തടയുന്ന ഭീഷണിയത്രെ.

സാമൂഹ്യമണ്ഡലത്തിൽ സ്വാതന്ത്ര്യത്തിന്റെ പ്രകാശനവും സാക്ഷാത്ക്കാരവും നടക്കുന്നതു് പ്രവർത്തനങ്ങളും, സംവിധാനങ്ങളും സ്ഥാപനങ്ങളുംവഴിയാണ്. അവയിലൂടെയാണല്ലോ ആളുകൾ ആശയവിനിമയം ചെയ്യുന്നതും തങ്ങളുടെ പൊതുജീവിതം സംഘടിപ്പിക്കുന്നതും. സ്വതന്ത്രവ്യക്തിത്വത്തിന്റെ വികസനം ഓരോ വ്യക്തിയുടെയും കർത്തവ്യവും അവകാശവുമാണ്. സമൂഹം അതിനെ സഹായിക്കുകയാണ്, തടയുകയല്ല ചെയ്യേണ്ടത്.

''മനുഷ്യാവകാശപ്പട്ടിക''യിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന ധാർമ്മികസ്വഭാവത്തിന്റെ ഒരു സവിശേഷാവശ്യം ഇവിടെ നാം ദർശിക്കുന്നു. അവയിൽ ചിലതിനെ സാധാരണയായി ''സ്വാതന്ത്ര്യങ്ങൾ'' എന്നു വിളിക്കുന്നു. തന്നെയും തന്റെ ഭൗതികാതീത ഭാഗധേയത്തെയും മനസ്സാക്ഷിയുടെ അഭേദ്യതയേയുംപററി ഉത്തരവാദിത്വമുള്ള വ്യക്തി എന്ന നിലയിൽ ഓരോ മനുഷ്യസത്തയേയും തിരിച്ചറിയാനുതകുന്ന മാർഗ്ഗങ്ങളാണവ.

www.malankaralibrary.com

***മനുഷ്യന്റെ സാമൂഹ്യമാനവും ദൈവമഹത്ത്വവും*** 33. മനുഷ്യന്റെ സാമൂഹ്യമാനത്തിന് മറെറാരർത്ഥംകൂടിയുണ്ട്: ജനങ്ങളുടെ വലിയ ഗണങ്ങൾക്കു വമ്പിച്ച വൈവിദ്ധ്യത്തിനും മാത്രമേ ദൈവത്തിന്റെ അപരിമേയമായ സമ്പന്നതയുടെ ഒരംശമെങ്കിലും വെളിപ്പെടുത്താനാവൂ. അവസാനമായി ഈ മാനം ക്രിസ്തുവിന്റെ ശരീരമായ സഭയിൽ സാഫല്യം കാണേണ്ടതത്രെ. ഇക്കാരണത്താലാണ് സാമൂഹ്യജീവിതം അതിന്റെ വൈവിധ്യമാർന്ന എല്ലാ രൂപങ്ങളിലും, അതു ദൈവികനിയമത്തിനു എത്രത്തോളം വിധേയമാണോ ആ അളവിലും, ദൈവമഹത്ത്വത്തെ ലോകത്തിൽ പ്രതിഫലിപ്പിക്കുന്നത്.

## 4. മനുഷ്യസ്വാതന്ത്ര്യവും പ്രകൃതിയുടെമേലുള്ള അധീശത്വവും

***പ്രകൃതിയെ കീഴടക്കാനുള്ള വിളി*** 34. മനുഷ്യന് ഒരു ശാരീരികമാനംകൂടിയുള്ളതിനാൽ, തന്റെ വ്യക്തിപരവും സാമൂഹ്യവുമായ സാഫല്യത്തിന് ഭൗതികലോകത്തിലെ വിഭവങ്ങൾ അവന് ആവശ്യമായിവരുന്നു. സ്വപ്രയത്നംമൂലം ഭൂമിയെ കീഴടക്കി ഭരിക്കാനുള്ള മനുഷ്യന്റെ വിളിയിൽ ദൈവച്ഛായയുടെ ഒരു വശം നമുക്കു കാണാൻ കഴിയും. എന്നാൽ മാനുഷികമായ ആ ഇടപെടൽ ''സർഗ്ഗാത്മകമല്ല''. എന്തെന്നാൽ ഭൗതികസ്വഭാവമുള്ളതും സ്രഷ്ടാവായ ദൈവത്തിൽനിന്നുത്ഭവിക്കുന്നതുമായ വസ്തുവിനെയത്രെ അതു നേരിടുന്നത്. അതിന്റെ ''ഉത്തമനും വിവേകിയുമായ സൂക്ഷിപ്പുകാരൻ'' മാത്രമാണവൻ.

***മനുഷ്യൻ സ്വപ്രയത്നങ്ങളുടെ അധീശൻ*** 35. സാങ്കേതികവും സാമ്പത്തികവുമായ രൂപാന്തരീകരണങ്ങൾ സാമൂഹ്യജീവിതത്തിന്റെ സംവിധാനത്തെ സ്വാധീനിക്കുന്നു; അവയ്ക്കു സാംസ്കാരികവും മതപരവുമായ ജീവിതത്തെ സഹായിക്കാൻ കഴിവില്ലെങ്കിലും ഒരു പരിധിവരെ സ്വാധീനിക്കാൻ കഴിയും.

തന്റെ സ്വാതന്ത്ര്യം നിമിത്തം മനുഷ്യൻ സ്വപ്രയത്നങ്ങളുടെ നാഥനായി നിലകൊള്ളുന്നു. ആധുനികയുഗത്തിന്റെ ദ്രുതവും വിപുലവുമായ പരിവർത്തനങ്ങൾ അവന്റെ മുന്നിൽ നാടകീയമായ വെല്ലുവിളി ഉയർത്തുന്നു— വിശേഷബുദ്ധിയും സ്വാതന്ത്ര്യവുമുപയോഗിച്ച് മനുഷ്യാസ്തിത്വത്തിന്റെ യഥാർത്ഥലക്ഷ്യം പ്രാപിക്കാൻവേണ്ടി തനിക്കുപയുക്തമായ ശക്തികളെ കീഴടക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്ന വെല്ലുവിളി.

www.malankaralibrary.com

***ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും ധാർമ്മികപുരോഗതിയും***

36. സ്വാതന്ത്ര്യം വേണ്ടവിധം ക്രമീകൃതമാകുമ്പോൾ, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും നേട്ടങ്ങൾ, അവയുടെ സാഫല്യത്തിനായുള്ള അന്വേഷണം, അദ്ധ്വാനത്തിന്റെ ഉല്പന്നങ്ങൾ, സാമ്പത്തിക-സാമൂഹ്യ പ്രവർത്തനങ്ങൾക്കായുള്ള സംവിധാനങ്ങൾ എന്നിവ മാനുഷിക ലക്ഷ്യങ്ങളെ പുറന്തള്ളുകയോ മനുഷ്യനെതിരെ തിരിയുകയോ ചെയ്യുന്ന പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക അതിന്റെ (സ്വാതന്ത്ര്യത്തിന്റെ) ചുമതലയാണ്.

ശാസ്ത്രീയപ്രവർത്തനത്തിനും സാങ്കേതികപ്രവർത്തനത്തിനും അതതിന്റെ അനിവാര്യതകളുൾക്കൊള്ളുന്ന സവിശേഷാവശ്യങ്ങളുണ്ട്. എന്നാൽ ധാർമ്മികതത്ത്വങ്ങൾക്ക വിധേയമായിരിക്കുമ്പോൾ മാത്രമേ അവയ്ക്കു മാനുഷികമായ അർത്ഥവും മൂല്യവും ലഭിക്കുന്നുള്ളു. ഈ സവിശേഷാവശ്യങ്ങൾ മാനിക്കപ്പെടണം. എന്നാൽ വസ്തുക്കളുടെ സ്വഭാവത്തിനിണങ്ങാത്തവിധം കേവലവും അവശ്യവുമായ ഒരു സ്വയംനിർണ്ണയാവകാശം അവയ്ക്കു നൽകുന്നത് ആധികാരികമായ മനുഷ്യസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന സംരംഭമായിരിക്കും.

## 5. പാപം ഭിന്നിപ്പിന്റെയും അടിച്ചമർത്തലിന്റെയും ഉറവിടം

***പാപം ദൈവത്തിൽ നിന്നുള്ള വേർപാട്***

37. ദൈവം മനുഷ്യനെ സ്വാതന്ത്ര്യത്തിലേയ്ക്കു വിളിക്കുന്നു. ഓരോ മനുഷ്യനിലും സ്വതന്ത്രനാകുവാനുള്ള അഭിവാഞ്ഛയുണ്ട്. ഈ അഭിവാഞ്ഛയാകട്ടെ പലപ്പോഴും അടിമത്തത്തിലേയ്ക്കും അടിച്ചമർത്തലിലേയ്ക്കും നയിക്കുന്നതായി കാണാം. മോചനത്തിനും സ്വാതന്ത്ര്യത്തിനുമായുള്ള ഓരോ പ്രതിബദ്ധതയും ഈ ദുരന്താത്മകവൈരുദ്ധ്യത്തെ നേരിട്ടുകഴിഞ്ഞതായി മുൻകൂട്ടി സങ്കല്പിച്ചുകൊണ്ടുള്ളതത്രേ.

സ്വാതന്ത്ര്യചരിത്രത്തിലെ ദുരന്തങ്ങളുടെയെല്ലാം അടിസ്ഥാനകാരണം ദൈവത്തിൽനിന്നുള്ള മനുഷ്യന്റെ അകൽച്ച, അഥവാ പാപമാണ്. ഇതു മനസ്സിലാക്കണമെങ്കിൽ നമ്മുടെ സമകാലികരിൽ പലരും ഒന്നാമതായിത്തന്നെ പാപബോധം പുനരാർജ്ജിക്കണം.

മനുഷ്യന്റെ സ്വാതന്ത്ര്യദാഹത്തിൽ സ്വന്തം സ്വഭാവത്തെ നിഷേധിക്കാനുള്ള ഒരു പ്രവണത ഒളിഞ്ഞുകിടപ്പുണ്ട്. അവന്റെ മോഹങ്ങൾക്ക് അതിരില്ലാത്തതുകൊണ്ടും, എല്ലാം ചെയ്യാനും

www.malankaralibrary.com

തദ്വാരാ താൻ ഒരു പരിമിത – സ്രഷ്ടസത്തയാണെന്ന കാര്യം വിസ്മരിക്കാനും അവനു സാധിക്കുന്നതുകൊണ്ടും താൻ ഒരു ദൈവമാണെന്നു് അവൻ അവകാശപ്പെടുന്നു. ''നിങ്ങൾ ദൈവത്തെപ്പോലെയാകും'' (ഉത്പത്തി 3:5) സർപ്പത്തിന്റെ ഈ വാക്കുകൾ മനുഷ്യന്റെ പ്രലോഭനത്തിന്റെ ആന്തരാത്മം വെളിപ്പെടുത്തുന്നുണ്ടു്. സ്വാതന്ത്ര്യമെന്നാൽ എന്താണോ അതിന്റെ വ്യഭിചരണമാണു് അവ സൂചിപ്പിക്കുന്നതു്. ഇതുതന്നെയാണു് പാപത്തിന്റെ അഗാധസ്വഭാവം: മനുഷ്യൻ സത്യത്തെ പുറംതള്ളുന്നു; എന്നിട്ടു് തന്റെ ഇച്ഛയെ അതിനു മുകളിൽ പ്രതിഷ്ഠിക്കുന്നു. ദൈവത്തിൽനിന്നു സ്വതന്ത്രനാകാനും അങ്ങനെ സ്വയം ദൈവമാകാനും ആഗ്രഹിച്ചുകൊണ്ടു് അവൻ തന്നെത്തന്നെ വഞ്ചിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. അവൻ തന്നിൽനിന്നു തന്നെ അന്യവൽക്കൃതനാകുന്നു.

ദൈവമായിത്തീരാനും എല്ലാം തന്റെ ഇഷ്ടത്തിനു കീഴടക്കാനുമുള്ള ആഗ്രഹത്തിൽ ദൈവമെന്ന ആശയത്തിന്റെതന്നെ ഒരു അപഭ്രംശമുണ്ടു്. പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളുടെ പരസ്പരദാനത്തിന്റെ പൂർണ്ണതയിൽ ദൈവം സ്നേഹവും സത്യവുമാണു്. മനുഷ്യൻ ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതു നേരുതന്നെ. എന്നാൽ തന്നിഷ്ടങ്ങളിലല്ല, പിന്നെയോ, സത്യവും സ്നേഹവുമാണു് തന്റെ സ്വാതന്ത്ര്യത്തിന്റെ തത്ത്വവും ലക്ഷ്യവുമെന്നംഗീകരിക്കാനുള്ള സന്നദ്ധതയിലത്രെ അവൻ ദൈവത്തെപ്പോലെയാകുന്നതു്.

***അന്യവൽക്കരണത്തിന്റെ വേരു് പാപം***

38. പാപം ചെയ്യുമ്പോൾ മനുഷ്യൻ തന്നോടുതന്നെ നുണ പറയുന്നു. സ്വന്തം സത്യത്തിൽനിന്നു് വേർപെട്ടുപോകുന്നു. പരിപൂർണ്ണ സ്വയംനിർണ്ണയാവകാശവും സ്വയംപര്യാപ്തതയും തേടിക്കൊണ്ടു് അവൻ ദൈവത്തെ നിഷേധിക്കുന്നു; തന്നെത്തന്നെ നിഷേധിക്കുന്നു. ദൈവത്താൽ സ്നേഹിക്കപ്പെടുന്ന ഒരു സൃഷ്ടിയാണു് താനെന്ന സത്യത്തിൽനിന്നുള്ള അന്യവൽക്കരണമാണു് മററെല്ലാത്തരം അന്യവൽക്കരണങ്ങളുടെയും മൂലഹേതു.

തന്റെ ആരംഭവും അവസാനവുമായ ദൈവത്തെ നിഷേധിക്കുകയോ നിഷേധിക്കാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ മനുഷ്യൻ തന്നിലുള്ള ക്രമീകരണത്തെ ആഴത്തിൽ താറുമാറാക്കുന്നു. ആന്തരികമായ തന്റെ സമനിലയും, സമൂഹത്തിന്റെ മാത്രമല്ല ദൃശ്യലോകത്തിന്റെപോലും സമനിലയും തെററിച്ചുകളയുന്നു.

മനുഷ്യന്റെ വ്യക്തിഗതവും സാമൂഹ്യവുമായ അസ്തിത്വത്തെ അമർച്ചചെയ്യുന്ന വിവിധ വിപത്തുകളെ പാപത്തോടു ബന്ധപ്പെടുത്തിയാണു് വി. ഗ്രന്ഥം പ്രതിപാദിക്കുന്നതു്. സ്വാതന്ത്ര്യം

www.malankaralibrary.com

ദുർവിനിയോഗപ്പെടുത്തിക്കൊണ്ടു ദൈവത്തിനെതിരെ തല ഉയർത്തുകയും ദൈവത്തെക്കൂടാതെ ലക്ഷ്യം പ്രാപിക്കാമെന്നു വ്യാമോഹിക്കുകയും ചെയ്യുന്ന മനുഷ്യൻെറ പ്രവർത്തനവുമായി ആദിമുതൽ തന്നെ ചരിത്രഗതിക്കു നിഗൂഢമായ ബന്ധമുണ്ടെന്നു് അതു് വെളിപ്പെടുത്തുന്നു. ആദിപാപത്തിൻെറ ഫലങ്ങളെയാണു അദ്ധ്വാനക്ലേശം, പ്രസവവേദന, സ്ത്രീയുടെമേലുള്ള പുരുഷമേധാവിത്വം, മരണം എന്നിവയിലൂടെ ഉൽപത്തിപ്പുസ്തകം സൂചിപ്പിക്കുന്നതു്. ദൈവപ്രസാദത്തിൽനിന്നകന്നുപോയ മനുഷ്യവർഗ്ഗം നന്മ തെരഞ്ഞെടുക്കാൻ അശക്തവും ദുരാഗ്രഹങ്ങൾക്കു വിധേയവുമായ ഒരു പൊതു മർത്ത്യസ്വഭാവത്തിൻെറ അവകാശിയായിത്തീരുന്നു.

*വിഗ്രഹാരാധനയും ക്രമക്കേടും* 39. പാപത്തിൻെറ ഫലമായുണ്ടായ ഏററം വലിയ ക്രമക്കേടാണു വിഗ്രഹാരാധന. ജീവനുള്ള ദൈവത്തിനുമാത്രം നൽകേണ്ട ആരാധനയുടെ സ്ഥാനത്തു സൃഷ്ടികളെ പ്രതിഷ്ഠിച്ചാരാധിക്കുമ്പോൾ അതു വ്യക്ത്യന്തരബന്ധങ്ങളെ ദുഷിപ്പിക്കുകയും പല തരത്തിലുള്ള അടിച്ചമർത്തലുകൾക്കു് ഇടയാക്കുകയും ചെയ്യുന്നു. ദൈവത്തെപ്പററിയുള്ള കുററകരമായ അജ്ഞത മനുഷ്യഹൃദയങ്ങളിൽ അസ്വസ്ഥതയും സംഘർഷവും സൃഷ്ടിക്കുന്നു. വികാരങ്ങളെ കെട്ടഴിച്ചുവിടുന്നു. അതിൻെറ അനിവാര്യഫലങ്ങളാണു് കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്ന ക്രമക്കേടുകൾ, ലൈംഗികമായ അരാജകത്വം, അനീതി, കൊലപാതകം എന്നിവ. വ്യക്തിയേയും സമൂഹത്തെയും നശിപ്പിക്കുന്ന ഏററവും വലിയ തിന്മകൾക്കു് ഇടയാക്കുന്ന വിഗ്രഹാരാധനയുടെ ഒഴുക്കിൽപ്പെട്ടു വഴിതെററിപ്പോയ പേഗൻസമൂഹത്തെ വിശുദ്ധ പൗലോസ് വർണ്ണിക്കുന്നതു് ഇങ്ങനെയാണു്.

സെൻറു് പോളിനു മുൻപുതന്നെ ഇസ്രായേലിലെ പ്രവാചകന്മാരും ജ്ഞാനികളും വിഗ്രഹാരാധനയെന്ന പാപത്തിൻെറ ഫലവും ശിക്ഷയുമാണു ജനതയുടെ ദുരിതങ്ങളിൽ ദർശിച്ചതു്. ''തിന്മനിറഞ്ഞ ഹൃദയ'' (സഭാപ്ര 9.3) ത്തിൽ അവർ മനുഷ്യൻെറ മൗലികമായ അടിമത്തത്തിൻെറയും അവൻ സഹജീവികളുടെമേൽ അടിച്ചേല്പിക്കുന്ന പീഡനങ്ങളുടെയും ഉറവിടം കണ്ടെത്തുന്നു.

*ദൈവനിന്ദയും സൃഷ്ടികളിലാശ്രയത്വവും* 40. സഭാപിതാക്കന്മാരുടെയും മല്പാന്മാരുടെയും പ്രബോധനങ്ങളിലൂന്നിനില്ക്കുന്ന ക്രൈസ്തവപാരമ്പര്യം പാപത്തെക്കുറിച്ചുള്ള ഈ വിശുദ്ധഗ്രന്ഥപഠനം സുവ്യക്തമാക്കിത്തന്നിട്ടുണ്ടു്. അതു് പാപത്തെ ദൈവനിന്ദനമായിക്കാണുന്നു. ദാസനു യജമാനനോടും അതിലേറെ മകനു പിതാവിനോടുമുള്ള ആശ്രയബന്ധത്തിൽനിന്നു

www.malankaralibrary.com

ഓടിയൊളിക്കാനുള്ള അഭിവാഞ്ഛയാണ് പാപം. പാപം ചെയ്യുകവഴി ദൈവത്തിൽനിന്ന് സ്വാതന്ത്ര്യം നേടാൻ മനുഷ്യൻ ശ്രമിക്കുന്നു. സത്യത്തിൽ അവൻ തന്നെത്തന്നെ അടിമയാക്കുന്നു. എന്തെന്നാൽ ദൈവത്തെ നിരസിക്കുമ്പോൾ അനന്തസൗഭാഗ്യത്തിലെത്താനുള്ള അഭിലാഷത്തിന്റെയും ദൈവികജീവനിൽ പങ്കാളിയാകാനുള്ള വിളിയുടെയും ഗതിവേഗം അവൻ ഇല്ലാതാക്കുന്നു. അക്കാരണത്താലാണ് അവന്റെ ഹൃദയം അസ്വസ്ഥതയ്ക്കിരയാകുന്നത്.

ദൈവത്തെ സ്വീകരിക്കാൻ വിസമ്മതിക്കുന്ന പാപിയായ മനുഷ്യൻ വഞ്ചനാത്മകവും വിനാശകരവുമായ രീതിയിൽ സൃഷ്ടവസ്തുക്കളോട് ഒട്ടിച്ചേരാനിടവരുന്നു. അങ്ങനെ സൃഷ്ടവസ്തുക്കളിലേക്ക് തിരിയുമ്പോൾ അനന്തതയ്ക്കായുള്ളതും ശമനം കണ്ടെത്താൻ കഴിയാത്തതുമായ തന്റെ അഭിലാഷത്തെ അവൻ അവയിൽ കേന്ദ്രീകരിക്കുന്നു. എന്നാൽ സൃഷ്ടനന്മകൾ പരിമിതങ്ങളാണ്. തന്നിമിത്തം അസാധ്യമായ സമാധാനംതേടി അവന്റെ ഹൃദയം ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് നിരന്തരമെന്നോണം ഉഴലുന്നു.

സൃഷ്ടവസ്തുക്കൾക്ക് പരമപ്രാധാന്യം നൽകുന്ന മനുഷ്യന് സൃഷ്ടിയെന്നനിലയിലുള്ള തന്റെ അർത്ഥബോധം നഷ്ടപ്പെടുന്നു. തന്റെ കേന്ദ്രവും ഏകതയും തന്നിൽത്തന്നെയാണെന്ന് അവൻ അവകാശപ്പെടുന്നു. ദൈവനിന്ദനത്തിന്റെ മറുവശമത്രെ ക്രമരഹിതമായ ആത്മസ്നേഹം. മനുഷ്യൻ തന്നിൽമാത്രം ആശ്രയിക്കാൻ ശ്രമിക്കുന്നു. തന്നിൽത്തന്നെ സാഫല്യം കണ്ടെത്താനും തന്റെ ആത്മവത്തയിൽ സ്വയംപര്യാപ്തനാകാനും ആഗ്രഹിക്കുന്നു.

***നിരീശ്വരത്വം— വ്യാജമായ മോചനം നല്കുന്ന സ്വാതന്ത്ര്യം***

41. ദൈവത്തെ പ്രകടമായി നിഷേധിക്കുമ്പോൾ മാത്രമാണ് തന്റെ സ്വാതന്ത്ര്യം സ്ഥിരീകരിക്കപ്പെടുന്നതെന്ന പാപിയുടെ ചിന്തയിൽ ഇക്കാര്യം വളരെയേറെ വ്യക്തമാകുന്നു. സ്രഷ്ടാവിലുള്ള സൃഷ്ടിയുടെ ആശ്രയവും, ദൈവികനിയമത്തിലുള്ള ധാർമ്മികമനസ്സാക്ഷിയുടെ ആശ്രയവും ദുസ്സഹമായ അടിമത്തമാണെന്ന് അവൻ കരുതുന്നു. അങ്ങനെ നിരീശ്വരത്വമാണ് സ്വാതന്ത്ര്യലബ്ധിയുടെ യഥാർത്ഥരൂപമെന്നും അതുതന്നെയാണ് സാക്ഷാത്തായ വിമോചനമെന്നും അവൻ മനസ്സിലാക്കുന്നു. മതവും, ധാർമ്മികനിയമത്തിന്റെ അംഗീകാരംപോലും, അവനു അന്യവൽക്കരണത്തിന്റെ ഉപാധിയാണ്. നന്മതിന്മകളുടെ വിവേചനത്തെ സംബന്ധിച്ചും, മൂല്യങ്ങളെ സംബന്ധിച്ചുമുള്ള തീരുമാനങ്ങൾ സ്വമേധയാ എടുക്കാൻ അവൻ ആഗ്രഹിക്കുന്നു.

www.malankaralibrary.com

ദൈവത്തെപ്പററിയും പാപത്തെപ്പററിയുമുള്ള ആശയങ്ങളം അവൻ തള്ളിക്കളയുന്നു. പാപവൃത്തിയുടേതായ ക്രൂസലിപ്പായ്മയിലൂടെയാണ താൻ പക്വമതിയും സ്വതന്ത്രനം ആകുന്നതെന്ന് അവൻ അവകാശപ്പെടുന്നു. തനിക്കു മാത്രമല്ല മനുഷ്യരാശിക്ക മുഴുവൻ ഇതാണത്രെ വിമോചനം.

***പാപവും അനീതി നിറഞ്ഞ ഘടനകളും***

42. തന്നെത്തന്നെ കേന്ദ്രമാക്കുന്ന പാപിയായ മനുഷ്യൻ സ്വയം ഊന്നിപ്പറയുകയും, ഭൗതികവസ്തുക്കളുടെ ഉപഭോഗത്തിലൂടെ അനന്തതയ്ക്കായുള്ള തൻെറ ദാഹം ശമിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. മററുള്ളവരെ അവഗണിച്ചും, നീതിരഹിതമായി ചൂഷണം ചെയ്തും, കൊള്ളയടിച്ചും, അവരെ വെറും വസ്തുക്കളോ ഉപകരണങ്ങളോ ആയി പരിഗണിച്ചും അവൻ ധനം, അധികാരം, സുഖം എന്നിവ കരസ്ഥമാക്കുന്നു. അങ്ങനെ താൻ അപലപിക്കാറുള്ള ചൂഷകസംവിധാനങ്ങളും അടിമത്തവും സൃഷ്ടിക്കുന്നതിൽ അവൻ തൻേറതായ പങ്കുവഹിക്കുന്നു.

# അദ്ധ്യായം III

## വിമോചനവും ക്രൈസ്തവസ്വാതന്ത്ര്യവും

***സുവിശേഷം: സ്വാതന്ത്ര്യവും വിമോചനവും***

43. ദൈവം തൻെറ സൃഷ്ടികളെ കൈവെടിഞ്ഞിരുന്നെങ്കിൽ പാപാനുഭൂതിയാൽ മുദ്രിതമായ മാനവചരിത്രം നമ്മെ നിരാശയിൽ തള്ളുമായിരുന്നു. എന്നാൽ വിമോചനത്തിൻെറ ദൈവികവാഗ്ദാനങ്ങളും, ക്രിസ്തുവിൻെറ മരണത്തിലും ഉത്ഥാനത്തിലും കൂടിയുള്ള അവയുടെ വിജയകരമായ പൂർത്തീകരണവുമാണ് ''സന്തോഷകരമായ പ്രത്യാശ'' യുടെ അടിത്തറ. അതിൽനിന്നാണ് ക്രൈസ്തവസമൂഹം സ്നേഹത്തിനും നീതിക്കും സമാധാനത്തിനുംവേണ്ടി പ്രതിജ്ഞാബദ്ധമായും ഫലപ്രദമായും പ്രവർത്തിക്കാനുള്ള ശക്തി ആർജ്ജിക്കുന്നത്. സുവിശേഷം സ്വാതന്ത്ര്യത്തിൻെറ സന്ദേശവും വിമോചകശക്തിയുമാണ്. പ്രവാചകന്മാരുടെ വാക്കുകളെ ആശ്രയിക്കുന്ന ഇസ്രായേലിൻെറ പ്രത്യാശയുടെ പൂർത്തീകരണമാണത്. യാഹ്വേയുടെ പ്രവർത്തനത്തെയാണ് ഈ പ്രത്യാശ ആലംബമാക്കിയിരുന്നത്. അവിടുന്ന് തൻെറ ജനത്തിൻെറ വിമോചകൻ, പുനരുദ്ധാരകൻ,

www.malankaralibrary.com

രക്ഷകൻ എന്നീ നിലകളിൽ ഇടപെടുന്നതിനുമുമ്പേതന്നെ, ആ ജനത്തെ അബ്രാഹത്തിൽ സ്വതന്ത്രമായി തെരഞ്ഞെടുത്തിരുന്നു.

## 1. വിമോചനം പഴയനിയമത്തിൽ

***പുറപ്പാടും യാഹ്‌വേയുടെ വിമോചനകൃത്യവും***

44. ബന്ധനഗൃഹമായ ഈജിപ്റ്റിൽനിന്നുള്ള പുറപ്പാടിനെയത്രെ പഴയനിയമത്തിൽ യാഹ്‌വേയുടെ വിമോചനകൃത്യമെന്നോണം മററുള്ളവക്കെല്ലാം ഉദാഹരണവും മാതൃകയുമായി എടുത്തുകാട്ടാനുള്ളത്. സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ കടുത്ത ദാസ്യം അനുഭവിച്ച തൻെറ ജനത്തെ മോചിപ്പിച്ചപ്പോഴും സീനായ്മലയിലെ ഉടമ്പടിയിലൂടെ അവരെ ''ഒരു പുരോഹിതരാജവംശവും വിശുദ്ധരാഷ്ട്രവു''മാക്കിത്തീക്കാൻ വേണ്ടിയാണ് (പുറ. 19:6) ദൈവം അതുചെയ്തത്. സ്വതന്ത്രരായ ജനങ്ങളുടെ ആരാധനയാണ് ദൈവം അഭിലഷിക്കുന്നത്. ഇസ്രായേൽജനത്തിനു പിന്നീടു ലഭിച്ച വിമോചനങ്ങളെല്ലാം ദൈവവുമായുള്ള ഐക്യത്തിൽമാത്രം കണ്ടെത്തുന്ന ഈ പൂർണ്ണവിമോചനത്തിലേയ്ക്ക് അവരെ നയിക്കാൻ സഹായിക്കുന്നവയായിരുന്നു.

പുറപ്പാടിലെ മുഖ്യവും അടിസ്ഥാനപരവുമായ സംഭവത്തിൻെറ അർത്ഥം ഒരേസമയം മതാത്മകവും രാഷ്ട്രീയവുമാണ്. ദൈവം തൻെറ ജനതയെ സ്വതന്ത്രരാക്കുന്നു. അവക്കു പിന്തുടച്ചക്കാരെ നല്കുന്നു. ഒരു ഭൂമിയും ഒരു നിയമവും ദാനം ചെയ്യുന്നു. എന്നാൽ ഇതെല്ലാം ഒരുടമ്പടിക്കുള്ളിലും ഒരുടമ്പടിക്കുവേണ്ടിയുമാണ്. ആകയാൽ അതിലെ രാഷ്ട്രീയവശത്തെമാത്രം വേർതിരിച്ചെടുക്കാനാവില്ല. മതാത്മകസ്വഭാവമുള്ള ഒരു പദ്ധതിയുടെ വെളിച്ചത്തിൽ മാത്രമേ അതു പരിഗണിക്കാൻ പാടുള്ളു. ആ മതാത്മകപദ്ധതിയോടു് അതിനു് അഭേദ്യമായ ബന്ധമുണ്ട്.

***ദൈവത്തിൻെറ നിയമം***

45. തൻെറ രക്ഷാപദ്ധതിയുടെ ഭാഗമായി ദൈവം ഇസ്രായേലിനു് അതിൻെറ നിയമം പ്രദാനം ചെയ്തു. ആ നിയമത്തിൽ പത്തുപ്രമാണങ്ങളുടേതായ സാർവ്വജനീനധാർമ്മികനിയമങ്ങളോടൊപ്പം ജനതകൾക്കിടയിൽ തൻെറ സാക്ഷികളായിത്തീരുവാൻവേണ്ടി ദൈവം തെരഞ്ഞെടുത്ത വംശത്തിൻെറ മതപരവും പൗരപരവുമായ ചട്ടങ്ങളുമുണ്ടായിരുന്നു. ഈ നിയമസംഹിതയുടെ കേന്ദ്രം സർവ്വോപരി ദൈവത്തെ സ്നേഹിക്കയെന്നും തന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കയെന്നുമുള്ള കല്പനകളായിരുന്നു. ജനതകൾ തമ്മിലുള്ള ബന്ധങ്ങളെ നയിക്കുന്ന നീതിയും, അതിൻെറ വ്യാവഹാരികാവിഷ്ക്കാരമായ നിയമവും വിശുദ്ധ

www.malankaralibrary.com

ഗ്രന്ഥനിയമത്തിന്റെ ആകത്തുകയുടെ ഭാഗമാണ്. നടപടിച്ചട്ടങ്ങളും പ്രവാചകപ്രബോധനങ്ങളും സങ്കീർത്തനങ്ങളുമെല്ലാം എപ്പോഴും അവ രണ്ടിനെയും പരാമർശിക്കുന്നു. ഈ പശ്ചാത്തലത്തിൽവേണം പാവങ്ങളോടും, ഇല്ലാത്തവരോടും വിധവകളോടും അനാഥരോടുമുള്ള വിശുദ്ധഗ്രന്ഥത്തിലെ സവിശേഷപ്രതിപത്തി വിലയിരുത്താൻ. അവയ്ക്കെല്ലാം ദൈവജനത്തിന്റെ നിയമപാലനവ്യവസ്ഥയിൽ നീതിക്കവകാശമുണ്ട്. അങ്ങനെ ദൈവാരാധനയിൽ കേന്ദ്രീകൃതമായ ഒരു സമൂഹത്തിന്റെ മാതൃകയും രൂപരേഖയും അന്നു നിലവിലിരുന്നു. സ്നേഹത്താൽ പ്രചോദിതമായ നീതിയും നിയമവുമായിരുന്നു അതിന്റെ അടിത്തറ.

***പാവങ്ങൾ***
***പ്രവാചകന്മാരുടെ***

46 പ്രവാചകന്മാർ ഇസ്രായേൽജനതയെ ഉടമ്പടിയിലെ കല്പനകൾ നിരന്തരം ഓർമ്മിപ്പിച്ചിരുന്നു. ആവർത്തിച്ചുള്ള ലംഘനങ്ങൾക്കു ഹേതുവായ മനുഷ്യന്റെ ഹൃദയകാഠിന്യത്തെ അവർ അപലപിച്ചു. ദൈവം തന്റെ ആത്മാവിന്റെ നിയമങ്ങൾ മനുഷ്യഹൃദയങ്ങളിൽ എഴുതുകയും അവയിൽ മാറ്റം വരുത്തുകയും ചെയ്യുന്ന ഒരു പുതിയ ഉടമ്പടിയെക്കുറിച്ച് അവർ പ്രവചിച്ചു.

ഈ പുതിയയുഗം പ്രഖ്യാപിക്കുകയും അതിനുവേണ്ടി ഒരുങ്ങുകയും ചെയ്യവേ, പാവങ്ങളുടെ നേരെയുണ്ടാകുന്ന അനീതികളെ പ്രവാചകന്മാർ രൂക്ഷമായി അപലപിച്ചു; പാവങ്ങൾക്കുവേണ്ടി സംസാരിക്കുന്ന ദൈവത്തിന്റെ വക്താക്കളാണവർ. ഈ ചെറിയവരുടെയും മർദ്ദിതരുടെയും പരമമായ ആശ്രയം യാഹ്‌വേയാണെന്നും അവരുടെ രക്ഷയ്ക്കുവേണ്ടി സംസാരിക്കുന്ന ദൗത്യം മിശിഹാ ഏറ്റെടുക്കുമെന്നും അവർ വെളിപ്പെടുത്തി.

പാവങ്ങളുടെ അവസ്ഥ ഉടമ്പടിക്കു വിരുദ്ധമായ അനീതിയുടെ അവസ്ഥയാണ്. അതുകൊണ്ടാണ് ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽജനത്തെ മോചിപ്പിച്ചപ്പോൾ ദൈവം പ്രദർശിപ്പിച്ച മനോഭാവം വെളിപ്പെടുത്തുന്ന ധർമ്മശാസനങ്ങളിലൂടെ ഉടമ്പടിനിയമം പാവങ്ങളുടെ രക്ഷയുറപ്പുവരുത്തുന്നത്. പാവങ്ങളോടും ചെറിയവരോടുമുള്ള അനീതി ദൈവവുമായുള്ള ഐക്യത്തെ വിച്ഛേദിക്കുന്ന വലിയ പാപമാണ്.

***യാഹ്‌വേയുടെ***
***ദരിദ്രർ***

47. അവർ സഹിക്കുന്ന ദാരിദ്ര്യവും അനീതിയും മർദ്ദനവും എന്തൊക്കെയായാലും "നീതിമാന്മാരും" യാഹ്‌വേയുടെ പാവങ്ങളും സങ്കീർത്തനങ്ങളിലൂടെ അവിടുത്തെ സന്നിധിയിൽ സഹായാഭ്യർത്ഥനകൾ ഉയർത്തുന്നു. ദുർവ്വാശിക്കാരായ ഒരു ജനത പാ

www.malankaralibrary.com

പംമൂലം ക്ഷണിച്ചുവരുത്തിയ അടിമത്തം ആ പാവങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ അനുഭവിക്കുന്നു. മർദ്ദനങ്ങളും, രക്തസാക്ഷിത്വവും, മരണവും അവർ സഹിക്കുന്നു. എങ്കിലും മോചനത്തിന്റേതായ പ്രത്യാശയിലാണ് അവർ ജീവിക്കുന്നത്. സർവ്വോപരി യാഹ്വേയിൽ അവർ ശരണമർപ്പിക്കുന്നു. തങ്ങളുടെ ദുഃഖങ്ങൾ തിരുമുമ്പിൽ ഭരമേല്പിക്കുന്നു.

'യാഹ്‌വേയുടെ പാവങ്ങൾ' അവിടുത്തോടുള്ള ഐക്യത്തെ തങ്ങളുടെ ഏററം വിലപ്പെട്ട നിധിയായിക്കാണുന്നു. അതിലത്രേ അവർ തങ്ങളുടെ സ്വാതന്ത്ര്യം ദർശിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ആ ദൈവൈക്യം നഷ്ടപ്പെടുന്നതാണ് ഏററം ദുരന്താത്മകമായ ദൗർഭാഗ്യം. ആകയാൽ പാപത്തിന്റെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാകാനുള്ള ആഗ്രഹത്തിലാണ് അനീതിക്കെതിരായുള്ള പോരാട്ടത്തിന്റെ അഗാധമായ അർത്ഥം അവർ കാണുന്നത്.

***പുതിയ നിയമത്തിന്റെ ഉമ്മറത്ത്***

48. പുതിയനിയമത്തിന്റെ ഉമ്മറത്തെത്തുമ്പോൾ യാഹ്‌വേയുടെ പാവങ്ങൾ ഇസ്രായേലിന്റെ വീണ്ടെടുപ്പ് പ്രതീക്ഷിച്ചു കഴിയുന്ന വിനീതരുടെയും താഴ്മയുള്ളവരുടെയും പ്രഥമഫലം പുറപ്പെടുവിക്കുന്നു. ഈ പ്രത്യാശയുടെ മൂർത്തരൂപമായ മറിയം പഴയനിയമത്തിന്റെ പടിവാതിൽ തരണംചെയ്യുന്നു. മിശിഹായുടെ വരവിനെ അവൾ സന്തോഷപൂർവ്വം പ്രഖ്യാപിക്കുകയും തന്റെ ജനത്തെ സ്വതന്ത്രരാക്കാൻ വരുന്ന കർത്താവിനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. ദൈവികകാരുണ്യത്തെക്കുറിച്ചുള്ള തന്റെ സ്തോത്രഗീതത്തിൽ വിനീതയായ ആ കന്യക രക്ഷയുടെ രഹസ്യവും അതിന്റെ പരിവർത്തനശക്തിയും പുകഴ്ത്തിപ്പാടുന്നു. അവളിലേയ്ക്ക് പാവങ്ങൾ സ്വയമേ പ്രത്യാശാപൂർവ്വം കണ്ണുകൾ തിരിക്കുന്നു. ചെറിയവരുടെയിടയിൽ പ്രകടമായുള്ള വിശ്വാസബോധം (Sensus fidei) ആ സ്തോത്രഗീതത്തിന്റെ രക്ഷാകരവും ധാർമ്മികവുമായ നിധികൾ ഉടൻ കണ്ടെത്തുന്നു.

## 2. പഴയനിയമത്തിന്റെ ക്രിസ്തുവിജ്ഞാനീയപരമായ പ്രാധാന്യം

***ക്രിസ്തുവിന്റെ വെളിച്ചത്തിൽ***

49. പുറപ്പാട്, ഉടമ്പടിനിയമം, പ്രവാചകസൂക്തങ്ങൾ, 'യാഹ്‌വേയുടെ പാവങ്ങ'ളുടെ ആത്മീയത ഇവയെല്ലാം തികച്ചും അർത്ഥപൂർണ്ണമായിത്തീരുന്നതു ക്രിസ്തുവിൽ മാത്രമാണ്. നമുക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ക്രിസ്തുവിനെ മുൻനിർത്തിയാണു സഭ പഴയനിയമം വായിക്കുന്നത്. പഴയ

www.malankaralibrary.com

ഉടമ്പടിയിലെ ദൈവജനത്തിൽ രാഷ്ട്രീയമായും സാംസ്കാരികമായും ഉരുത്തിരിഞ്ഞ ഒരു പ്രത്യേക ജനതയിലൂടെ സമൂർത്തമായിത്തീർന്ന സ്വന്തം പ്രാഗ്രൂപം അവർ ദർശിക്കുന്നു. കാത്തിരിപ്പിന്റെയും പ്രാഗ്രൂപവൽക്കരണത്തിന്റെയും കാലം പൂർത്തിയാകുന്നതുവരെ ജനതകളുടെയിടയിൽ യാഹ്‌വേയുടെ സാക്ഷികളെന്നോണം ചരിത്രഗാത്രത്തിന്റെ ഒരു ഭാഗമായിരുന്നു ഈ ജനത. കാലത്തിന്റെ തികവിൽ ക്രിസ്തുവിന്റെ വരവോടുകൂടി അബ്രാഹത്തിന്റെ സന്തതികൾ എല്ലാ ജനതകളോടുമൊരുമിച്ച് ആദ്ധ്യാത്മികമായും സാർവ്വത്രികമായും ഏക ദൈവജനമായിത്തീരാൻ ക്രിസ്തുവിന്റെ സഭയിലേയ്ക്കു ക്ഷണിക്കപ്പെട്ടു.

## 3. ക്രിസ്‌തീയ വിമോചനം

***പാവങ്ങൾക്കു സുവിശേഷം പ്രഘോഷിക്കപ്പെടുന്നു***

50. യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുകയും ജനങ്ങളെ മാനസാന്തരത്തിനായി ക്ഷണിക്കുകയും ചെയ്യുന്നു. ''പാവങ്ങളോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു'' (മത്താ. 11:5). ദീർഘദർശിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ദൈവത്തിന്റെ രക്ഷ കാത്തിരിക്കുന്നവർക്കായി യേശു തന്റെ രക്ഷാകർമ്മം ആവിഷ്‌ക്കരിച്ചു.

ഇതിനേക്കാളുപരിയായി, നമ്മോടുള്ള സ്നേഹത്തെപ്രതി സ്വയം ദരിദ്രനായിത്തീർന്ന ദൈവപുത്രൻ കഷ്ടപ്പെടുകയും പീഡകൾ സഹിക്കുകയും ചെയ്യുന്നവരിലും ദരിദ്രരിലും സ്വയം കണ്ടെത്താനാഗ്രഹിച്ചു. ''ഈ എളിയ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു് ചെയ്തപ്പോഴെല്ലാം എനിക്കാണു നിങ്ങൾ ചെയ്തതു്.''

***പെസഹാ രഹസ്യം***

51. എന്നാൽ സർവ്വോപരി തന്റെ പെസഹാരഹസ്യത്തിന്റെ ശക്തിയാലാണ് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയതു്. കുരിശിലെ പൂർണ്ണമായ അനുസരണവും പുനരുത്ഥാനത്തിന്റെ മഹത്വവുംവഴി ദൈവകുഞ്ഞാടു ലോകപാപങ്ങളെ നീക്കിക്കളയുകയും സുനിശ്ചിതമായ വിമോചനത്തിന്റെ പാത നമുക്കുവേണ്ടി തുറക്കുകയും ചെയ്തു.

നമ്മുടെ സേവനങ്ങളും സ്നേഹവുംവഴി മാത്രമല്ല നമ്മുടെ സഹനങ്ങളും പരീക്ഷണങ്ങളും വഴിയായിക്കൂടി ക്രിസ്തുവിന്റെ രക്ഷാകരമായ ഏകബലിയിൽ നാം പങ്കുചേരുന്നു. ഇങ്ങനെ മരണമടഞ്ഞവരുടെ ഉയിർത്തെഴുന്നേല്പിനുവേണ്ടി കാത്തിരുന്നുകൊണ്ട് ക്രിസ്തുവിന്റെ സഹനങ്ങളുടെ കുറവ് അവിടുത്തെ ശരീരമായ സഭയ്ക്കുവേണ്ടി നാം പൂർത്തിയാക്കുന്നു.

www.malankaralibrary.com

***കൃപാവരം, അനുരഞ്ജനം, സ്വാതന്ത്ര്യം***

52. സ്വാതന്ത്ര്യം എന്ന ക്രിസ്തീയ അനുഭവത്തിന്റെ ഉറവിടം ക്രൂശിന്മേലുള്ള ക്രിസ്തുവിന്റെ മരണത്തിലൂടെയും സഭയുടെ കൂദാശകളിലൂടെയും കൈവരുന്ന കൃപാവരത്താലുള്ള നീതീകരണത്തിലത്രെ. ഈ കൃപാവരം നമ്മെ പാപത്തിൽ നിന്നു സ്വതന്ത്രരാക്കുകയും ദൈവവുമായി ഐക്യപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും വഴി നമുക്കു പാപമോചനം ലഭിക്കുന്നു. പിതാവായ ദൈവവുമായുള്ള നമ്മുടെ അനുരഞ്ജനം പരിശുദ്ധാത്മാവിന്റെ ഫലമാണ്. ദൈവം കാരുണ്യത്തിന്റെ പിതാവായിട്ടാണു നമുക്കു സ്വയം വെളിപ്പെടുത്തുന്നത്. അവിടുത്തെപ്പക്കൽ നമുക്കു പൂർണ്ണശരണത്തോടുകൂടി ചെല്ലാം.

ദൈവവുമായി അനുരഞ്ജനം നേടുകയും ലോകത്തിനുതരാൻ കഴിയാത്ത ക്രിസ്തുവിന്റെ സമാധാനം സ്വീകരിക്കുകയും ചെയ്ത നാം സമാധാനദൂതന്മാരായി ജനതകളുടെയിടയിലേയ്ക്കിറങ്ങിച്ചെല്ലാൻ വിളിക്കപ്പെട്ടവരാണ്.

ക്രിസ്തുവിൽ നമുക്കു പാപത്തെ കീഴടക്കാം. മരണം പിന്നീടൊരിക്കലും നമ്മെ ദൈവത്തിൽനിന്നു വേർപെടുത്തുകയില്ല. യേശുവിന്റേതുപോലുള്ള നമ്മുടെ ഉയിർത്തെഴുന്നേല്പിലൂടെ മരണം ആത്യന്തികമായി ഉന്മൂലനം ചെയ്യപ്പെടും. മനുഷ്യൻ കേന്ദ്രവും പരകോടിയുമായി വിളങ്ങുന്ന സൃഷ്ടപ്രപഞ്ചം (Cosmos) തന്നെ ജീർണ്ണിപ്പിന്റെ ബന്ധനത്തിൽനിന്നു മോചനം നേടാനും ദൈവമക്കളുടെ മഹനീയസ്വാതന്ത്ര്യത്തിൽ പങ്കുപററാനും കാത്തിരിക്കുകയാണ് (റോമ. 8:21). ഇപ്പോഴേത്തന്നെ സാത്താൻ ബന്ധിതനായിരിക്കുന്നു. അവന്റെ മാരകശക്തി ക്രിസ്തുവിന്റെ മരണത്തോടെ നിഷ്ഫലമായിക്കഴിഞ്ഞു. വരാൻപോകുന്ന മഹത്ത്വത്തെ മുൻകൂട്ടി അനുഭവവേദ്യമാക്കുന്ന അടയാളങ്ങൾ നല്കപ്പെട്ടുകഴിഞ്ഞു.

***പാപത്തിന്റെ അടിമത്തത്തിനെതിരെ പോരാട്ടം***

53. ക്രിസ്തു പരിശുദ്ധാത്മാവിൽ നേടിയ സ്വാതന്ത്ര്യം പാപം നമ്മിൽനിന്ന് എടുത്തുകളഞ്ഞിരുന്ന ശക്തി നമുക്കു വീണ്ടും തന്നു. അതു എല്ലാ വസ്തുക്കളെക്കാൾ ദൈവത്തെ സ്നേഹിക്കാനും അവിടുത്തോട് ഐക്യത്തിൽ വസിക്കാനും നമ്മെ പ്രാപ്തരാക്കുന്നു.

ക്രമംവിട്ട സ്വയംസ്നേഹത്തിൽനിന്ന് നാം സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു. അയൽക്കാരനോടുള്ള അവജ്ഞയും അടക്കിഭരിക്കലിന്റെ അടിസ്ഥാനത്തിലുള്ള മനുഷ്യബന്ധങ്ങളും ആ സ്വയംസ്നേഹത്തിന്റെ ഫലമാണ്.

www.malankaralibrary.com

എങ്കിലും ഉയിർത്തെഴുന്നേററവൻ തൻെറ മഹത്ത്വത്തിൽ മടങ്ങിവരുന്നതുവരെ ദുർജ്ഞേയമായ തിന്മ ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. അതിനെക്കുറിച്ച് വി. പൗലോസ് മുന്നറിയിപ്പു നൽകുന്നതിങ്ങനെയാണ്. ''സ്വാതന്ത്ര്യത്തിനുവേണ്ടിയാണു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത്'' (ഗലാ. 5:1) ആകയാൽ നാം കരുതലോടെയിരിക്കുകയും വീണ്ടും അടിമത്തത്തിൻെറ നുകത്തിനുകീഴിൽ അകപ്പെടാതിരിക്കാൻ നിരന്തരം പോരാടുകയും വേണം. നമ്മുടെ അസ്തിത്വംതന്നെ സുവിശേഷാനുസൃതജീവിതത്തിനായുള്ള ഒരു ആത്മീയപോരാട്ടമാണ്. അതിനു ദൈവത്തിൻെറ ആയുധങ്ങൾ നമുക്കുണ്ട്. തിന്മയുടെമേലുള്ള വിജയത്തിൻെറ സുനിശ്ചിതത്വവും ശക്തിയും നമുക്ക് നല്കപ്പെട്ടിരിക്കുന്നു. ഒന്നിനും തടയാനാവാത്ത ക്രിസ്തുവിൻെറ സ്നേഹം വരിക്കുന്ന വിജയമാണത്.

**ആത്മാവും നിയമവും**

54. മാംസത്തിൻെറയും ജഡികാഗ്രഹങ്ങളുടെയും നിയമം നന്മ തെരഞ്ഞെടുക്കാനുള്ള ശക്തി മനുഷ്യനിൽനിന്നപഹരിക്കുകയും അവനെ തിന്മയിലേയ്ക്കു വഴിച്ചിഴയ്ക്കുകയും ചെയ്യുന്നു. ഈ നിയമത്തിനെതിരേ പരിശുദ്ധാത്മാവിൻെറ ദാനമായ പുതിയ നിയമം സെൻറ്പോൾ വിളംബരം ചെയ്യുന്നുണ്ട്. തിന്മമൂലം വന്നുചേരുന്ന ഏകതാരാഹിത്യവും, ആന്തരികമായ ബലഹീനതയും മനുഷ്യൻെറ സ്വാതന്ത്ര്യത്തെയോ ഉത്തരവാദിത്വത്തെയോ ഇല്ലായ്മചെയ്യുന്നില്ല. എന്നാൽ നന്മ ചെയ്യാനുള്ള ശ്രമങ്ങളിൽ അതു വിപരീതഫലങ്ങളുളവാക്കുന്നുണ്ട്. അതുകൊണ്ടാണ് അപ്പസ്തോലൻ പറയുന്നത്: ''ഞാൻ ചെയ്യാനിച്ഛിക്കുന്ന നന്മ ചെയ്യാൻ എനിക്കു കഴിയുന്നില്ല. ചെയ്യാനാഗ്രഹിക്കാത്ത തിന്മയാണു ഞാൻ ചെയ്തുപോകുന്നത്'' (റോമ. 7:19). ''നിയമത്തിൻെറ അടിമത്ത''ത്തെപ്പററിയും ''പാപത്തിൻെറ ബന്ധന''ത്തെപ്പററിയുമുള്ള അദ്ദേഹത്തിൻെറ ഈ പ്രസ്താവം എത്രയോ ശരിയാണ്. എന്തെന്നാൽ നിയമത്തെ സ്വന്തം വ്യക്തിത്വത്തിൻെറ അംശമാക്കുക സാദ്ധ്യമല്ല എന്നതുകൊണ്ട് പാപിയായ മനുഷ്യൻ അതിനെ അടിച്ചമർത്തൽശക്തിയായി കാണുന്നു.

എന്നിരിക്കിലും മനുഷ്യനെ സംബന്ധിച്ചും ക്രിസ്ത്യാനിയെ സംബന്ധിച്ചും നിയമം മൂല്യവത്താണെന്നു സെൻറ്പോൾ കരുതുന്നു. എന്തെന്നാൽ അതു ''വിശുദ്ധമാണ്. അതു നമ്മോടാജ്ഞാപിക്കുന്നതു പവിത്രവും നീതിയുക്തവും നല്ലതുമത്രേ'' (റോമ. 7:12). പത്തു പ്രമാണങ്ങളുടെ പ്രസക്തി അദ്ദേഹം വീണ്ടും ഊന്നിപ്പറയുന്നു. ഉപവിയുമായി ബന്ധപ്പെടുത്തുമ്പോഴേ അവയ്ക്കു യഥാർത്ഥപൂർണ്ണത കൈവരികയുള്ളു. കൂടാതെ നിയമപാലനപരമായ ഒരു ക്രമസ്ഥിതി സാമൂഹ്യജീവിതത്തിൻെറ പുരോഗതിക്കാവശ്യമാ

www.malankaralibrary.com

ണ്ടെന്നും അദ്ദേഹത്തിനറിയാം. എന്നാൽ അദ്ദേഹം പ്രഖ്യാപിക്കുന്ന പുതിയ കാര്യം നിയമത്തിന്റെ നീതിയുക്തമായ കല്പനകൾ നമ്മിൽ നിറവേറുവാൻ ദൈവം തന്റെ പുത്രനെ നമുക്കു നല്കി എന്നതാണ് (റോമ. 8:1).

കർത്താവായ യേശുതന്നെ മലയിലെ പ്രസംഗത്തിൽവച്ച് പുതിയനിയമത്തിന്റെ ധർമ്മശാസനങ്ങൾ വെളിപ്പെടുത്തി. കുരിശിൽ താൻ അർപ്പിച്ച ബലിയിലൂടെയും മഹത്ത്വമേറിയ തന്റെ ഉത്ഥാനത്തിലൂടെയും അവിടുന്ന് പാപത്തെ കീഴടക്കി. ദൈവനിയമത്തിന്റെ പൂർണ്ണമായ അനുസരണം നമുക്കു സാധ്യമാക്കിത്തരുവാനും, വീണ്ടും പാപത്തിൽ വീണുപോയാൽ പൊറുതി ലഭിക്കുവാനും ഉതകുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരം അവിടുന്നു നമുക്കു നേടിത്തന്നു. നമ്മുടെ ഹൃദയത്തിൽ കുടികൊള്ളുന്ന പരിശുദ്ധാത്മാവാണ് നമ്മുടെ യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ ഉറവിടം.

ക്രിസ്തുവിന്റെ ബലി പഴയഉടമ്പടിയിലെ പല ആരാധനാനിയമങ്ങളെയും കാലഹരണപ്പെടുത്തി. സാമൂഹ്യസാമ്പത്തികജീവിതത്തെ സ്പർശിക്കുന്ന നിയമപരമായ മാനദണ്ഡങ്ങളെ സംബന്ധിച്ചിടത്തോളം ഭൂമുഖത്ത് ദൈവവാഴ്ചയുടെ ആരംഭം കുറിച്ച അപ്പസ്തോലികസഭ ഒരു കാര്യം മനസ്സിലാക്കിയിരുന്നു: സാമൂഹ്യസാമ്പത്തികരംഗങ്ങളുടെ ഭരണം ഇനി സഭയുടെ ഉത്തരവാദിത്വമായിരിക്കില്ല. വിവിധ ജനതകളുടെ നിയമങ്ങളും ആധികാരികനടപടികളും ഗ്രഹിക്കുന്നതിന് ക്രിസ്തീയസമൂഹത്തെ അത് പ്രാപ്തമാക്കി. നിയമാനുസൃതവും അനുസരണാർഹവും ആയിരുന്നെങ്കിലും അവയുടെ ആരംഭം അത്തരം ആധിപത്യങ്ങളിലായിരുന്നതുമൂലം അവയ്ക്കൊന്നും കേവലസ്വഭാവം അവകാശപ്പെടാൻ ഒരിക്കലും കഴിഞ്ഞില്ല. സുവിശേഷത്തിന്റെ വെളിച്ചത്തിൽ നിരീക്ഷിക്കുമ്പോൾ പല നിയമങ്ങളും ഘടനകളും പാപത്തിന്റെ മുദ്ര പേറുന്നവയും സമൂഹത്തിന്റെമേൽ മർദ്ദനപരമായ സ്വാധീനം വച്ചുപുലർത്തുന്നവയുമാണെന്നു കാണാം.

## 4. പുതിയ കല്പന

***പരിശുദ്ധാത്മാവിന്റെ ദാനമായ സ്നേഹം***

55. നമ്മുടെ ഹൃദയങ്ങളിലേയ്ക്കു പരിശുദ്ധാത്മാവിലൂടെ വർഷിക്കപ്പെടുന്ന ദൈവത്തിന്റെ സ്നേഹം, അയൽക്കാരനോടുള്ള സ്നേഹമുൾക്കൊള്ളുന്നതാണ്. ഒന്നാംപ്രമാണത്തെക്കുറിച്ചു സംസാരിക്കവേ യേശു ഉടനടി കൂട്ടിച്ചേർത്തു: ''രണ്ടാം പ്രമാണവും ഇപ്രകാരംതന്നെ—നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ഈ രണ്ടു പ്രമാണങ്ങളിൽ നിയമങ്ങളും പ്രവാചക

www.malankaralibrary.com

ശാസനങ്ങളുമെല്ലാമടങ്ങുന്നു'' (മത്താ. 22:39–40). സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാണെന്നു സെൻറ് പോളും പറയുന്നുണ്ട്.

അയൽക്കാരനോടുള്ള സ്നേഹത്തിന് അതിരുകളില്ല. ശത്രുക്കളെയും മിത്രങ്ങളെയും അതു് ഉൾക്കൊള്ളുന്നു. പിതാവിന്റെ പൂർണ്ണതയുടെ പ്രതിച്ഛായയായതും ശിഷ്യൻ അവശ്യം സമ്പാദിക്കേണ്ടതുമായ പരിപൂർണ്ണത കാരുണ്യത്തിലാണു കുടികൊള്ളുന്നതു്. നല്ല സമറായന്റെ ഉപമയിൽ അനുകമ്പാർദ്രമായ ആ സ്നേഹം കാണാം. അതു ഒരുവനെ അയൽക്കാരന്റെ സേവനത്തിനായി നിയോഗിക്കുന്നു. ജാതിപരവും സാമുദായികവുമായ വിഭാഗങ്ങളെ ശത്രുക്കളായി കാണുന്ന മുൻവിധികളെ ഇല്ലായ്മചെയ്യുന്നു. ക്രിസ്തീയപരസ്നേഹമുൾക്കൊള്ളുന്ന ആർദ്രവികാരങ്ങളുടെ അപരിമേയമായ സമ്പന്നതയത്രെ പുതിയനിയമം മുഴുവനിലും നിറഞ്ഞുനില്ക്കുന്നതു്.

***അയൽക്കാരനോടുള്ള സ്നേഹം***

56. ക്രിസ്തീയസ്നേഹം പ്രതിഫലം ഇച്ഛിക്കുന്നില്ല. അതു് എല്ലാവരിലേയ്ക്കും പ്രവഹിക്കുന്നു. നമുക്കുവേണ്ടി തന്റെ ജീവൻ നൽകിയ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നാണു് അതിനു തനിമ കൈവരുന്നതു്. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ...നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ'' (യോഹ. 13:34, 35) ഇതാണു ശിഷ്യന്മാർക്കു നല്കപ്പെട്ട പുതിയ പ്രമാണം.

ഈ പ്രമാണത്തിന്റെ വെളിച്ചത്തിൽ വി. യാക്കോബ് ശ്ലീഹാ ധനികന്മാരെ കർക്കശമായ സ്വരത്തിൽ അവരുടെ കർത്തവ്യമനുസ്മരിപ്പിക്കുന്നു. വിശുദ്ധ യോഹന്നാൻ പറയുന്നു — ഈ ലോകസമ്പത്തിനുടമയായ ഒരു മനുഷ്യൻ ആവശ്യത്തിൽപ്പെട്ടുഴലുന്ന ഒരു സഹോദരന്റെ മുന്നിൽ ഹൃദയകവാടമടച്ചുകളയുന്നെങ്കിൽ അവനിൽ ദൈവസ്നേഹം കുടികൊള്ളുന്നില്ല. സഹോദരസ്നേഹമാണു ദൈവസ്നേഹത്തിന്റെ ഉരകല്ല്: ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്ത ഒരുവനും കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നില്ല'' (1 യോഹ. 4:20). ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ കൂദാശയിൽ പങ്കുപറ്റുന്നതും തനിക്കുള്ളതു് ആവശ്യക്കാരനായ അയൽക്കാരനുമായി പങ്കുവയ്ക്കുന്നതും തമ്മിലുള്ള അഭേദ്യബന്ധത്തെക്കുറിച്ച് വി. പൗലോസ്ശ്ലീഹാ ഊന്നിപ്പറയുന്നുണ്ടു്. അന്തസ്സോടെ ജീവിക്കാൻ എല്ലാ മനുഷ്യർക്കുമുള്ള അവകാശത്തെ 'ആദരിക്കാൻ സുവിശേഷാധിഷ്ഠിതമായ സ്നേഹവും ദൈവമക്കളായിത്തീരാനുള്ള സാർവ്വജനീനമായ ആഹ്വാനവും നമ്മോട് പ്രത്യക്ഷമായും ആധികാരികമായും ആവശ്യപ്പെടുന്നു. അയൽക്കാരനോടുള്ള സ്നേഹവും നീതിക്കുവേണ്ടിയുള്ള ദാഹവും തമ്മിൽ അകലമില്ല. രണ്ടും പരസ്പര വിരുദ്ധമായിക്കാണുന്നവർ സ്നേഹത്തെയും

www.malankaralibrary.com

നീതിയേയും വികലമാക്കുന്നവരാണ്. നീതിയെ പ്രതികാരത്തിന്റെ വൃത്തത്തിൽ തളച്ചിടാതെ സംരക്ഷിക്കുകമൂലം കാരുണ്യത്തിന്റെ അർത്ഥം നീതിയുടെ അർത്ഥത്തെ പൂർത്തീകരിക്കുന്നു.

കോടിക്കണക്കിനാളുകൾ ഇന്നനുഭവിക്കുന്ന അസമത്വങ്ങളും മർദ്ദനവും ക്രിസ്തുവിന്റെ സുവിശേഷത്തിനു കടകവിരുദ്ധമാണ്. അവയുടെ മുമ്പിൽ ഒരു ക്രിസ്ത്യാനിക്കും നിസ്സംഗമായ മനസ്സാക്ഷിയോടെ വർത്തിക്കുക സാധ്യമല്ല. പരിശുദ്ധാത്മാവിനോട് വിധേയത്വം പുലർത്തുന്ന സഭ ആധികാരികമായ വിമോചനത്തിന്റെ പാതയിലൂടെ വിശ്വസ്തതാപൂർവ്വം മുന്നേറുകയാണ്. ഈ അന്വേഷണയാത്രയിൽ തങ്ങൾക്കുണ്ടായ പരാജയങ്ങളേയും കാലവിളംബങ്ങളെയുംപററി സഭാംഗങ്ങൾ ബോധവാന്മാരാണ്. എന്നാൽ അപ്പസ്തോലകാലം മുതലിങ്ങോട്ട് അസംഖ്യം ക്രൈസ്തവർ എല്ലാത്തരം മർദ്ദനത്തിൽനിന്നുമുള്ള മോചനത്തിനും മനുഷ്യാന്തസ്സിന്റെ വികാസത്തിനുംവേണ്ടി തങ്ങളുടെ കഴിവുകളും ജീവിതങ്ങളും അർപ്പിച്ചുപോരുന്നുണ്ട്. വിശുദ്ധന്മാരുടെ ജീവിതാനുഭവങ്ങളും സഭയുടെ എണ്ണമററ പരസേവനമാതൃകകളും ഇന്നാവശ്യമായ വിമോചനസംരംഭങ്ങൾക്ക് പ്രചോദനവും പ്രകാശവുമരുളുന്നു.

## 5. സഭ പുതിയ ഉടമ്പടിയിലെ ദൈവജനം

***സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിലേയ്ക്ക്***

58. പുതിയ ഉടമ്പടിയിലെ ദൈവജനം ക്രിസ്തുവിന്റെ സഭയാണ്. അവളുടെ നിയമം സ്നേഹത്തിന്റെ പ്രമാണമാണ്. സഭാംഗങ്ങളുടെ ഹൃദയങ്ങളാകുന്ന ശ്രീകോവിലിലാണു പരിശുദ്ധാത്മാവു കുടികൊള്ളുന്നത്. ഇഹത്തിൽ ദൈവരാജ്യത്തിന്റെ വിത്തും മുളയും സഭയാണ്. കാലത്തിന്റെ അന്ത്യത്തിൽ മരിച്ചവരെല്ലാം ഉയിർക്കുകയും സൃഷ്ടികളെല്ലാം നവീകരിക്കപ്പെടുകയും ചെയ്യുമ്പോഴായിരിക്കും അതു പൂർണ്ണിമയിലെത്തുക.

പരിശുദ്ധാത്മാവിന്റെ വാഗ്ദാനംപേറുന്ന ദൈവജനം സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കപ്പെടുന്നു. നാം തീക്ഷ്ണതാപൂർവ്വം കാത്തിരിക്കുന്ന പുതിയ ജറുസലേം ഏററവും ഉദാത്തമായ അർത്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ നഗരമെന്നു വിളിക്കപ്പെടുന്നു. അപ്പോൾ ''ദൈവം അവരുടെ കണ്ണുകളിൽനിന്നു ഓരോ തുള്ളി കണ്ണുനീരും തുടച്ചുമാററും; അവിടെ പിന്നെ മരണമുണ്ടായിരിക്കുകയില്ല. കരച്ചിലോ വിലാപമോ വേദനയോ അവശേഷിക്കുകയില്ല. എന്തെന്നാൽ അവയെല്ലാം കടന്നുപോയിരിക്കുന്നു'' (വെളി. 21:4). ''നീതി പുലരുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും (2 പത്രോ. 3:13) വേണ്ടിയുള്ള ദൃഢമായ കാത്തിരിപ്പാണ് പ്രത്യാശ.

www.malankaralibrary.com

**ക്രിസ്തുവുമായുള്ള അന്തിമസംഗമം**

59. സഭ അവളുടെ തീർത്ഥാടനത്തിൻെറ സമാപ്തിയിൽ, ഉത്ഥിതനായ ക്രിസ്തുവിനാൽ രൂപാന്തരീകരിക്കപ്പെടുമെന്നതുകൊണ്ടു് ഓരോ ആളിൻെറയും ജീവിതാന്ത്യത്തിലെ വ്യക്തിഗതമായ ഭാഗധേയം തുടച്ചുമാററപ്പെടുന്നില്ല. ക്രിസ്തുവിൻെറ നീതിപീഠത്തിനുമുമ്പിലെത്തുമ്പോഠം ദൈവകൃപയാൽ സ്വതന്ത്രബുദ്ധിയുടെ സദ്വിനിയോഗംവഴി യോഗ്യരായിക്കാണപ്പെടുന്നവരൊക്കെ നിത്യസൗഭാഗ്യത്തിനർഹരാകും. അവർ ദൈവത്തിനു സദൃശരാക്കപ്പെടും; എന്തെന്നാൽ അവർ ദൈവത്തെ നേരിൽക്കാണും. നിത്യസൗഭാഗ്യമെന്ന ഈ ദൈവദാനമാണു് നമുക്കു വിഭാവനം ചെയ്യാവുന്നതിൽവച്ചു് ഏററവും ഉദാത്തമായ സ്വാതന്ത്ര്യം.

**യുഗാന്ത്യപ്രതീക്ഷയും ഭൗതികവിമോചനത്തിൻെറ പ്രതിബദ്ധതയും**

60. ഈ പ്രത്യാശ ഭൗതികനഗരത്തിൻെറ പുരോഗതിക്കായുള്ള പ്രതിബദ്ധതയെ ഒട്ടും ദുർബ്ബലമാക്കുന്നില്ല. മറിച്ചു് അതിനു് അർത്ഥവും ശക്തിയും നൽകുന്നു. എന്നാൽ ദൈവരാജ്യത്തിൻെറ വളർച്ചയും ഭൗമികപുരോഗതിയും തമ്മിൽ ശ്രദ്ധാപൂർവ്വം വേർതിരിച്ചറിയേണ്ടതു പ്രധാനപ്പെട്ട കാര്യമാണു്. അവ രണ്ടും ഒരേ ഇനത്തിൽപ്പെടുന്നവയല്ല. ഈ വേർതിരിവു് ഒരു വേർപെടുത്തലല്ല. എന്തെന്നാൽ ദൈവദത്തമായ ശക്തികളെയും മാർഗ്ഗങ്ങളെയും ഉപയോഗിച്ചു ഭൗമികജീവിതം കെട്ടിപ്പടുക്കുക എന്ന ദൗത്യത്തെ അവഗണിച്ചുകൊണ്ടല്ല, ശരിക്കും ഉപയോഗിച്ചുകൊണ്ടാണു് മനുഷ്യൻ നിത്യതയിലേയ്ക്കുള്ള വിളിക്കു് ഉത്തരം നൽകേണ്ടതു്. പരിശുദ്ധാത്മാവിൻെറ വെളിച്ചം സ്വീകരിക്കുന്ന സഭയ്ക്കു് കാലത്തിൻെറ അടയാളങ്ങളിൽ വിമോചനത്തെ ത്വരിപ്പിക്കുന്നവയേയും, വഞ്ചനാത്മകമോ മായാമയമോ ആയവയേയും വിവേചിച്ചറിയാൻ കഴിവുണ്ടു്. യഥാർത്ഥമായ സ്വാതന്ത്ര്യത്തിനുവേണ്ടി പാപകരവും നീതിവിരുദ്ധവുമായ സാഹചര്യങ്ങളെ കീഴടക്കാൻ സഭ മനുഷ്യനെ ആഹ്വാനം ചെയ്യുന്നു. മനുഷ്യാന്തസ്സ്, സാഹോദര്യത്തിൻെറ കൂട്ടായ്മ, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള നന്മകളെല്ലാം ദൈവഹിതത്തോടുചേർന്നു പ്രയത്നിച്ചാൽ വീണ്ടെടുക്കാൻ കഴിയുമെന്നു് അവഠംക്കറിയാം. അങ്ങനെ ''എല്ലാ കറകളും കഴുകിക്കളഞ്ഞു് പ്രകാശപൂരിതവും നവീകൃതവുമായ ഒരു ശാശ്വത സാർവ്വത്രിക രാജ്യം ക്രിസ്തു സ്വർഗ്ഗീയ പിതാവിനു സമർപ്പിക്കും'' — അതു സ്വാതന്ത്ര്യത്തിൻെറ രാജ്യമായിരിക്കും.

ദൈവരാജ്യത്തിൻെറ ആഗമനത്തിനായുള്ള ജാഗ്രതാപൂർവ്വവും ക്രിയാത്മകവുമായ ഈ പ്രതീക്ഷ, എല്ലാ ദേശകാലങ്ങളിലേയും ജീവനുള്ളവരും മരിച്ചവരുമായ സകല ജനങ്ങഠംക്കും ലഭിക്കാനിരിക്കുന്ന അന്തിമവും സമ്പൂർണ്ണവുമായ നീതിക്കുവേണ്ടിയുള്ള

www.malankaralibrary.com

കാത്തിരിപ്പാണ്. പരമവിധികർത്താവായ യേശുക്രിസ്തുവാണ് അതു് നടപ്പിലാക്കുന്നതു്. എല്ലാ മനുഷ്യസാധ്യതകളെയും വെല്ലുന്ന ഈ വാഗ്ദാനം ഭൂമിയിലെ നമ്മുടെ ജീവിതത്തെ നേരിട്ടു ബാധിക്കുന്നുണ്ടു്. എന്തെന്നാൽ, യഥാർത്ഥ നീതി എല്ലാവരേയും ഉൾക്കൊള്ളണം; എല്ലാ തലമുറകളും സഹിച്ചിട്ടുള്ള എണ്ണമററ ദുരിതങ്ങൾക്ക മറുപടി ആയിരിക്കണം അതു്. യഥാർത്ഥത്തിൽ മരിച്ചവരുടെ ഉയിർപ്പും കർത്താവിൻെറ വിധിയും ഇല്ലെങ്കിൽ പൂർണ്ണമായ അർത്ഥത്തിൽ നീതി ഉണ്ടാവില്ല. യഥാർത്ഥമായ നീതിക്കു വേണ്ടിയുള്ള മനുഷ്യഹൃദയത്തിലെ ദാഹത്തിന പ്രത്യുത്തരമായിട്ടാണ് ഉയിർപ്പിൻെറ ഉദാത്തമായ വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നതു്.

# അദ്ധ്യായം IV

## സഭയുടെ വിമോചകദൗത്യം

***സഭയും മനുഷ്യവംശത്തിൻെറ ആകുലതകളും***

61. മർദ്ദനങ്ങൾക്കു വിധേയനായി സ്വാതന്ത്ര്യത്തിന കൊതിക്കുന്ന സമകാലിക മനുഷ്യൻെറ ആകുലതകൾക്കു് പരിഹാരം കണ്ടെത്താൻ സഭ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. സമൂഹത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ നടത്തിപ്പു സഭയുടെ നേരിട്ടുള്ള ദൗത്യമല്ല. എന്നാൽ മനസ്സാക്ഷിയെ പ്രകാശിപ്പിക്കുന്ന സത്യത്തിൻെറ വചനം യേശുനാഥൻ അവളെ ഭരമേല്പിച്ചിട്ടുണ്ടു്. യാതനയനുഭവിക്കുന്നവരോടു് ഐക്യദാർഢ്യം പുലർത്താൻ ദിവ്യമായ സ്നേഹം — അതു് അവളുടെ ജീവൻതന്നെയാണ് — സഭയെ പ്രേരിപ്പിക്കുന്നു. ഈ ദൗത്യത്തോടു സഭാംഗങ്ങൾ വിശ്വസ്തത പുലർത്തുമെങ്കിൽ സ്വാതന്ത്ര്യത്തിൻെറ ഉറവിടമായ പരിശുദ്ധാത്മാവു് അവരിൽ വസിക്കും. കുടുംബങ്ങളിലും തങ്ങൾ ജീവിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലും നീതിയുടെയും സമാധാനത്തിൻെറയും സൽഫലങ്ങൾ അവർ പുറപ്പെടുവിക്കും.

### 1. ലോകത്തിൻെറ സമഗ്രമായ രക്ഷയ്ക്കു്

***അഷ്ടഭാഗ്യങ്ങളും സുവിശേഷത്തിൻെറ ശക്തിയും***

62. സുവിശേഷം, അതു സ്വീകരിക്കുന്നവർക്കു് ഇപ്പോൾ തന്നെ നല്ലപ്പെടുന്ന നി

www.malankaralibrary.com

ത്യജീവൻെറ ശക്തിയാണ്. എന്നാൽ നവീകരിക്കപ്പെട്ട മനുഷ്യക്ക് ജന്മം നൽകിക്കൊണ്ട് ഈ ശക്തി മാനവസമൂഹത്തിലേയ്ക്കും ചരിത്രത്തിലേയ്ക്കും പ്രവേശിക്കുന്നു; അതിൻെറ പ്രവത്തനങ്ങളെ ശുദ്ധീകരിക്കുകയും ചൈതന്യനിർഭരമാക്കുകയും ചെയ്യുന്നു. ഇപ്രകാരം അത് സംസ്കാരത്തിൻെറ ''ഒരു വേരാണ്.''

യേശു പ്രഖ്യാപിച്ച സൗഭാഗ്യങ്ങൾ സുവിശേഷസ്നേഹത്തെ അതിൻെറ പൂർണ്ണതയിൽ പ്രകാശിപ്പിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച അസംഖ്യം മനുഷ്യരുടെ, സർവ്വോപരി പുണ്യാത്മാക്കളുടെ ജീവിതങ്ങളിലൂടെ അവ സഭാചരിത്രത്തിലുടനീളം പ്രതിഫലിച്ചു കാണുന്നു.

സുവിശേഷഭാഗ്യങ്ങളിൽ ഒന്നാമത്തേതു ദരിദ്രരെ സംബന്ധിച്ചതാണ്. എന്നാൽ മലയിലെ പ്രസംഗത്തിൻെറ സമഗ്രതയിൽനിന്ന് അതിനെ ഒററതിരിച്ചെടുക്കാൻ പാടില്ല. ഈ പ്രസംഗത്തിൽ പുതിയ മോശയായ യേശു ഉടമ്പടിനിയമമായ പത്തു പ്രമാണങ്ങളുടെ അന്തിമവും സമ്പൂർണ്ണവുമായ അർത്ഥമുൾക്കൊള്ളുന്ന ഒരു ഭാഷ്യം നൽകുകയത്രെ ചെയ്യുന്നതു്. പൂർണ്ണസന്ദർഭം കണക്കിലെടുത്തുകൊണ്ടു വായിച്ചു വ്യാഖ്യാനിച്ചാൽ വരാനിരിക്കുന്ന ദൈവരാജ്യത്തിൻെറ ചൈതന്യമാണ് സുവിശേഷസൗഭാഗ്യങ്ങൾ പ്രകാശിപ്പിക്കുന്നതെന്നു കാണാം. എന്നാൽ ഇങ്ങനെ പ്രകാശിതമായിട്ടുള്ള മനുഷ്യചരിത്രത്തിൻെറ അന്തിമഭാഗധേയത്തിൻെറ പശ്ചാത്തലത്തിൽ ഭൗമികമണ്ഡലത്തിലെ നീതിയുടെ അടിത്തറ പൂർവ്വോപരി സ്പഷ്ടമായി തെളിഞ്ഞുനിൽക്കുന്നു.

ദൈവത്തിലുള്ള ആശ്രയബോധം, നിത്യജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ, നീതിയോടുള്ള സ്നേഹം, മാപ്പുനൽകലിലും അനുരഞ്ജനത്തിലുമെത്തുന്ന കാരുണ്യം എന്നിവ ഐഹികകാര്യങ്ങളെ പാരത്രികകാര്യങ്ങളുമായി ബന്ധപ്പെടുത്തി കാണാൻ നമ്മെ പ്രാപ്തരാക്കുന്നു. തത്ഫലമായി ഐഹികകാര്യങ്ങൾക്ക് അവയുടെ സ്വഭാവം നഷ്ടപ്പെടാതെതന്നെ യഥാർത്ഥമൂല്യം കൈവരുന്നു.

ഇപ്പറഞ്ഞവയുടെ വെളിച്ചത്തിൽ അയൽക്കാരൻേറയും മനുഷ്യസമൂഹത്തിൻേറയും സേവനത്തിന് ഭൗമികതലത്തിൽ ആവശ്യമായ പ്രതിബദ്ധതയുടെ അടിയന്തരസ്വഭാവം ശരിയായ പരിപ്രേക്ഷ്യത്തിൽ സംരക്ഷിക്കപ്പെടുന്നു. സുവിശേഷഭാഗ്യങ്ങൾ, ഭൗമികവസ്തുക്കളെ ആരാധിക്കുന്നതിൽനിന്നും അവ നേടിയെടുക്കാനായുള്ള അനിയന്ത്രിതമായ പരക്കംപാച്ചിൽമൂലമുണ്ടാകുന്ന അനീതികളിൽനിന്നും നമ്മെ തടയുന്നു. പൂർണ്ണമായ ഒരു ലോകത്തിനു വേണ്ടിയുള്ള അയഥാർത്ഥവും വിനാശകരവുമായ അന്വേഷണ

www.malankaralibrary.com

ത്തിൽനിന്നു അവ നമ്മെ വ്യാവർത്തിപ്പിക്കുന്നു. ''എന്തെന്നാൽ ഇക്കാണുന്ന ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണു'' (1 കോറ. 7:31)

***രക്ഷയുടെ പ്രഖ്യാപനം***

63. ക്രിസ്തുവിന്റെ ദൗത്യത്തിന്റെ തുടർച്ചയെന്നോണം സഭയുടെ മൗലികമായ ദൗത്യം സുവിശേഷവൽക്കരണവും നിത്യരക്ഷയുമത്രെ. ദൈവികസ്നേഹത്തിൽനിന്നാണു് അവ തീക്ഷ്ണത കൈവരിക്കുന്നതു്. ദൈവത്തിന്റെ ദാനമായ രക്ഷയുടെ ഘോഷണമത്രേ സുവിശേഷവത്ക്കരണം. ദൈവവചനത്തിലൂടെയും കൂദാശകളിലൂടെയും മനുഷ്യൻ പാപത്തിൽനിന്നും അവനെ അടിച്ചമർത്തുന്ന സാത്താന്റെ ശക്തിയിൽനിന്നും പ്രഥമത: സ്വതന്ത്രനാക്കപ്പെടുന്നു; അങ്ങനെ അവൻ ദൈവവുമായുള്ള സ്നേഹബന്ധത്തിലേയ്ക്കു നയിക്കപ്പെടുന്നു. ''പാപികളെ രക്ഷിക്കാൻ ഈ ലോകത്തിലേയ്ക്കു വന്ന'' (1 തിമോ. 1:15) കർത്താവിനെ പിന്തുടരുന്ന സഭ എല്ലാ ജനതകളുടെയും രക്ഷ അഭിലഷിക്കുന്നു.

ഈ ദൗത്യത്തിൽ സഭ ദൈവരാജ്യപ്രവേശനത്തിനു് ഇഹലോകത്തിൽ മനുഷ്യൻ സഞ്ചരിക്കേണ്ട പാതയേതെന്നു പഠിപ്പിക്കുന്നു. തന്നിമിത്തം അവളുടെ പ്രബോധനം ധാർമ്മികമേഖല മുഴുവനിലേയ്ക്കും പ്രത്യേകിച്ച് മനുഷ്യബന്ധങ്ങളെ നിയന്ത്രിക്കേണ്ട നീതിയുടെ മേഖലയിലേയ്ക്കും വ്യാപിക്കുന്നു. സുവിശേഷപ്രബോധനത്തിന്റെ ഭാഗമാണിതു്.

എന്നാൽ ദൈവികജീവനിൽ ഭാഗഭാക്കുകളാകാൻ എല്ലാ മനുഷ്യരെയും ക്ഷണിക്കുന്നതിനു് സഭയെ പ്രേരിപ്പിക്കുന്ന സ്നേഹം ജനങ്ങളുടെ യഥാർത്ഥ ഭൗമികനന്മയ്ക്കുവേണ്ടി പ്രയത്നിക്കുവാൻ അംഗങ്ങൾക്കു് പ്രചോദനം നല്കുന്നു. അവരുടെ ആവശ്യങ്ങളിൽ തുണയായും, വിദ്യാഭ്യാസരംഗത്തെ സേവനങ്ങൾവഴിയും, വ്യക്തികളുടെ വികാസത്തിനു തടസ്സമായി നില്ക്കുന്ന എല്ലാററിൽ നിന്നുമുള്ള സമഗ്രമായ വിമോചനത്തിന്റെ ഉപാധിയായി സഭ വർത്തിക്കുന്നു. മനുഷ്യന്റെ എല്ലാ തലങ്ങളിലുമുള്ള നന്മയാണു് സഭ കാംക്ഷിക്കുന്നതു്. ഒന്നാമതു് ദൈവനഗരത്തിലെ പൗരനെന്ന നിലയിലും രണ്ടാമതു് ഭൗമികനഗരത്തിലെ പൗരനെന്ന നിലയിലുമുള്ള നന്മ.

***സുവിശേഷവത്ക്കരണവും നീതിയുടെ പരിപോഷണവും***

64. ആകയാൽ മനുഷ്യസമൂഹത്തിലെ നീതിയുടെ പരിപോഷണത്തെപ്പററി സംസാരിക്കുകയോ തങ്ങളുടെ ജീവിതാവസ്ഥയ്ക്കു ചേർന്നവിധം അല്മായർ നീതിക്കായി

www.malankaralibrary.com

പോരാടണമെന്നുദ്ബോധിപ്പിക്കുകയോ ചെയ്യുമ്പോഴും സഭ തന്റെ ദൗത്യസീമകളെ ഉല്ലംഘിക്കുന്നില്ല. എന്നിരിക്കിലും ഭൗമികകാര്യങ്ങളെപ്പററിയുള്ള വ്യഗ്രതയിൽ സഭയുടെ യഥാർത്ഥദൗത്യം വിസ്മരിക്കപ്പെടുകയോ അതു വെറുമൊരു ഭൗമികദൗത്യമായി ചുരുങ്ങുകയോ ചെയ്യരുതെന്നു അവർക്കു നിഷ്കർഷയുണ്ട്.

***സുവിശേഷവും ഭൗമികയാഥാർത്ഥ്യങ്ങളും*** 65. അങ്ങനെ സ്വന്തമായ ലക്ഷ്യത്തിലെത്തിച്ചേരാൻ ശ്രമിക്കവേതന്നെ സഭ മനുഷ്യജീവികളുടെ കഷ്ടപ്പാടുകൾ പരിഹരിക്കാനും അവരെ അന്തസ്സിൽ ഉയർത്താനുംവേണ്ടി സുവിശേഷവെളിച്ചം ഭൗമികയാഥാർത്ഥ്യങ്ങളുടെമേൽ ചൊരിയുന്നു. നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ സമൂഹത്തിന്റെ കെട്ടുറപ്പിന് അതു സഹായവും ശക്തിയും നല്കുന്നു. മനുഷ്യരനുഭവിക്കുന്ന മർദ്ദനങ്ങളെയും അടിമത്തത്തെയും അവരുടെ പാളിച്ചകളേയും അപലപിക്കുമ്പോഴൊക്കെ സഭ തന്റെ ദൗത്യത്തോടു വിശ്വസ്തതപുലർത്തുകയാണു ചെയ്യുന്നതു്. ബോധപൂർവ്വമായ എതിർപ്പുവഴിയോ കുററകരമായ അനാസ്ഥമൂലമോ ദൈവത്തിനു സ്ഥാനം നിഷേധിക്കുന്ന സാമൂഹ്യവ്യവസ്ഥയ്ക്കു രൂപം നല്കാനുള്ള ഉദ്യമങ്ങളെ ചെറുക്കുമ്പോഴും സഭ അവളുടെ ദൗത്യത്തോടു വിശ്വസ്തത പുലർത്തുകയാണ്.

സുവിശേഷവിരുദ്ധവും മനുഷ്യവിരുദ്ധവുമായ സിദ്ധാന്തങ്ങളോ പ്രവർത്തനശൈലികളോ അനുസരിച്ചു ദാരിദ്ര്യവും മററും ഇല്ലാതാക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളെ വിധിക്കുമ്പോഴും സഭ അവളുടെ ദൗത്യത്തോടു വിശ്വസ്തത പുലർത്തുന്നു.

കൃപാവരത്തിന്റെ ശക്തിമൂലം, സുവിശേഷാത്മകമായ ധാർമ്മികത മനുഷ്യനു് പുതിയ കാഴ്ചപ്പാടുകളും കർത്തവ്യങ്ങളും പ്രദാനംചെയ്യുന്നുണ്ടെന്നതു തീർച്ചയായും ശരിയാണ്. മനുഷ്യപ്രകൃതിയുടെ ഭാഗമായ ധാർമ്മികമാനത്തെ വളർത്തുകയും ഉയർത്തുകയുമാണ് അതിന്റെ ലക്ഷ്യം. അതു പ്രകൃത്യാതന്നെ മാനവരാശിയുടെ പൊതുപൈതൃകത്തിന്റെ ഭാഗമാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടാണ് സഭ അതിൽ ശ്രദ്ധചെലുത്തുന്നതു്.

## 2. പാവങ്ങൾക്കു മുൻഗണന നൽകുന്ന സ്നേഹം

***യേശുവും ദാരിദ്ര്യവും*** 66. കർത്താവായ യേശു സമ്പന്നനായിരുന്നുവെങ്കിലും തന്റെ ദാരിദ്ര്യത്തിലൂടെ നമ്മെ സമ്പന്നരാക്കുന്നതിനുവേണ്ടി അവിടുന്നു ദരിദ്രനായി. നിത്യനായ പുത്രന്റെ അവതാരരഹസ്യത്തെക്കുറിച്ചാണ് വിശുദ്ധ പൗലോസ് ഇവിടെ പറയുന്നതു്. പാപം മനുഷ്യ

www.malankaralibrary.com

നെ തള്ളിയിട്ട ക്ലേശങ്ങളുടെ കുഴിയിൽനിന്നു് അവനെ രക്ഷിക്കാനാണു് ക്രിസ്തു മർത്ത്യപ്രകൃതി കൈവരിച്ചതു്. അതിലുപരിയായി മനുഷ്യാവസ്ഥയിൽ ദാരിദ്ര്യത്തിന്റെയും അരിഷ്ടതയുടേയുമായ ഒരു സ്ഥിതി അവിടുന്നു തിരഞ്ഞെടുത്തു. നാം അന്വേഷിക്കേണ്ട യഥാർത്ഥസമ്പത്തു് ദൈവവുമായുള്ള ഐക്യമാണെന്നു വെളിപ്പെടുത്തിത്തരുവാനായിരുന്നു അതു്. സ്വർഗ്ഗീയസമ്പത്തു് ആഗ്രഹിക്കാൻവേണ്ടി ഭൗമികധനത്തോടു വിരക്തിപുലർത്താൻ അവിടുന്നു നമ്മെ പഠിപ്പിച്ചു- യേശു തിരഞ്ഞെടുത്ത അപ്പസ്തോലന്മാർക്കും എല്ലാമുപേക്ഷിച്ചു് അവിടുത്തെ അരിഷ്ടതയിൽ പങ്കാളികളാകേണ്ടിവന്നു.

ദരിദ്രരുടെ രക്ഷകൻ എന്നാണു് ദീർഘദർശികൾ ക്രിസ്തുവിനെപ്പററി പ്രവചിച്ചിട്ടുള്ളതു്: നീതിക്കുവേണ്ടി ദാഹിച്ച ദരിദ്രരുടെ — വിനീതരായ ''യാഹ്‌വേയുടെ പാവങ്ങ''ളുടെ — ഇടയിലാണു്, തന്നെ സ്വീകരിക്കാൻ സന്നദ്ധതയുള്ള ഹൃദയങ്ങളെ യേശു കണ്ടെത്തിയതു്. എന്നാൽ ഭൗതികസമ്പത്തുള്ളവരെങ്കിലും ചുങ്കക്കാരായും പാപികളായും മുദ്രയടിച്ചു പുറന്തള്ളപ്പെട്ടവരോടു സഹവസിക്കാൻ അവിടുന്നു താത്പര്യം കാണിച്ചു. എന്തെന്നാൽ അവരെ മാനസാന്തരത്തിലേയ്ക്കു വിളിക്കാനാണു് അവിടുന്നു വന്നതു്.

വിരക്തി, ദൈവാശ്രയം, സന്മനസ്സു്, പങ്കുവയ്ക്കാനുള്ള സന്നദ്ധത എന്നിവയുൾക്കൊള്ളുന്ന ദാരിദ്ര്യം വരിച്ചവരെയാണു് യേശു ''അനുഗൃഹീതർ'' എന്നു് പ്രഖ്യാപിച്ചതു്.

***യേശുവും ദരിദ്രരും***

67. എന്നാൽ ദൈവത്തിന്റെ കൃപാവരവും സമാധാനവും മാത്രമല്ല യേശു കൊണ്ടുവന്നതു്. അസംഖ്യം രോഗികളെ അവിടുന്നു സുഖപ്പെടുത്തി. വിശന്നുവലഞ്ഞ ജനസമൂഹത്തോടു അലിവുകാണിക്കുകയും അവർക്കു ഭക്ഷണംനൽകുകയും ചെയ്തു. തന്നെ അനുഗമിച്ച ശിഷ്യന്മാരെ ദാനധർമ്മം പരിശീലിപ്പിച്ചു. ആകയാൽ യേശു പ്രഖ്യാപിച്ച ദാരിദ്ര്യത്തിന്റെ സൗഭാഗ്യം ഇഹത്തിൽ ജീവിക്കാൻ ആവശ്യമായ വിഭവങ്ങളില്ലാത്ത പാവങ്ങളെ അവഗണിച്ചുകൊള്ളാൻ ക്രിസ്ത്യാനികൾക്കു് അനുവാദംനൽകുന്നതായി ഒരിക്കലും അർത്ഥമാകുന്നില്ല. ജനങ്ങളുടെ പാപത്തിൽനിന്നും സ്വാഭാവിക ദൗർബ്ബല്യത്തിൽനിന്നുമാണു് ഈ ദാരിദ്ര്യം ഉത്ഭവിക്കുന്നതു്. ആ തിന്മയിൽനിന്നു കഴിവതും പൂർണ്ണമായിത്തന്നെ മനുഷ്യരെ മോചിപ്പിക്കേണ്ടതുണ്ടു്.

***പാവങ്ങളോടുള്ള മുൻഗണനാപരമായ സ്നേഹം***

68. ഭൗതികമായ പിന്നോക്കാവസ്ഥ, അനീതിപരമായ അടിച്ചമർത്തൽ, ശാരീരികവും മാനസികവുമായ രോഗങ്ങൾ, അവസാനം മരണം — എന്നിങ്ങനെ

www.malankaralibrary.com

വിവിധരൂപങ്ങളിൽ പ്രത്യക്ഷമാകുന്ന മാനവദുരിതങ്ങളെല്ലാം ആദിപാപം മുതലിങ്ങോട്ട് മനുഷ്യനിലുള്ള സ്വാഭാവികമായ ബലഹീനത വ്യക്തമായി സൂചിപ്പിക്കുന്നു. രക്ഷ അവനു് ആവശ്യമാണെന്നുള്ള വസ്തുതയും അവ സൂചിപ്പിക്കുന്നു. തന്മൂലം രക്ഷകനായ ക്രിസ്തുവിന്റെ കാരുണ്യം അവയെല്ലാം സ്വയം ഏറ്റെടുത്തു. തന്റെ സഹോദരങ്ങളിൽ ഏററവും എളിയവരുമായി അവിടുന്നു താദാത്മ്യം പ്രാപിച്ചു. (മത്താ. 25:40, 45) അക്കാരണത്താൽ തന്നെ ദാരിദ്ര്യപീഡിതർ സഭയുടെ മുൻഗണനാപരമായ സ്നേഹത്തിനു പാത്രമായിത്തീരുന്നു. അംഗങ്ങളിൽ പലരുടെയും ഭാഗത്തുനിന്നും വീഴ്ചവന്നിട്ടുണ്ടെങ്കിലും ആരംഭം മുതൽതന്നെ സഭ ദരിദ്രരുടെ ആശ്വാസത്തിനും രക്ഷയ്ക്കും മോചനത്തിനും വേണ്ടി അവിരാമം പ്രയത്നിച്ചുപോന്നിട്ടുണ്ടു്. എന്നും എവിടെയും അത്യാവശ്യമായ അസംഖ്യം ഉപവിപ്രവർത്തനങ്ങളിലൂടെ സഭ ഇതു നിർവ്വഹിക്കുന്നു. കൂടാതെ സ്വയം നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന സാമൂഹ്യസിദ്ധാന്തങ്ങൾവഴി മനുഷ്യോചിതമായ ഘടനാത്മക മാററങ്ങൾ സമൂഹത്തിൽ ഉളവാക്കാനും സഭ ശ്രമിക്കുന്നു.

പങ്കുവയ്ക്കൽ സാധ്യമാക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ കവാടം തുറക്കുകയും ചെയ്യുന്ന, ഭൗതികസമ്പത്തിനോടുള്ള വിരക്തിവഴിയാണു യേശുവിന്റെ ശിഷ്യന്മാർ ദരിദ്രരോടും ദുർഭഗരോടും സ്വർഗ്ഗീയപിതാവു് രക്ഷകനിലൂടെ പ്രകടമാക്കിയിട്ടുള്ള സ്നേഹത്തിനു സാക്ഷ്യംവഹിക്കുന്നതു്. പ്രസ്തുത സ്നേഹമാകട്ടെ ദൈവത്തിൽനിന്നു പുറപ്പെടുന്നതും ദൈവത്തിൽ ചെന്നു ചേരുന്നതുമാണു്. അൾത്താരയിൽ അർപ്പിക്കപ്പെടുന്ന കാഴ്ചവസ്തുക്കളിൽ ദൈവത്തിനായുള്ള ദാനങ്ങളെത്തന്നെയാണു് ക്രിസ്തുശിഷ്യന്മാർ എന്നും ദർശിച്ചിട്ടുള്ളതു്.

പാവങ്ങളെ സ്നേഹിക്കുമ്പോൾ സഭ മനുഷ്യാന്തസ്സിനു സാക്ഷ്യംവഹിക്കുന്നു. മനുഷ്യനു സ്വന്തമായുള്ളതേതോ അതിനെക്കാൾ വിലപ്പെട്ടതാണു് അവനെന്താണോ അതു് എന്നു സഭ വ്യക്തമായി പ്രഖ്യാപിക്കുന്നു. എത്ര വലിയ ദാരിദ്ര്യത്തിലും, നിന്ദനത്തിലും, നിരാസത്തിലും, ബലഹീനതയിലും പെട്ടുപോയാലും മനുഷ്യാന്തസ്സിനെ ആർക്കും നശിപ്പിക്കാനാവില്ലെന്നു സഭ സാക്ഷ്യപ്പെടുത്തുന്നു. ആത്മീയമായോ ശാരീരികമായിപ്പോലുമോ പുറന്തള്ളപ്പെട്ടുവെന്ന കാരണത്താൽ സമൂഹത്തിൽ സ്ഥാനമില്ലാത്തവരായിത്തീർന്നവരോടുള്ള തന്റെ ഐക്യദാർഢ്യം സഭ പ്രദർശിപ്പിക്കുന്നു. മനുഷ്യന്റെ ദുഷ്ടതമൂലം, ഗർഭപാത്രത്തിനു വെളിയിൽ വന്നു പകൽവെളിച്ചം കാണാനനുവദിക്കപ്പെടാത്ത കുഞ്ഞുങ്ങളോടും അവൾ സവിശേഷമായ മാതൃവാത്സല്യം പ്രകടമാക്കുന്നു. അതുപോലെതന്നെ വൃദ്ധരോടും ഏകാകികളോടും പുറന്തള്ളപ്പെട്ടവരോടും അവൾക്കു പ്രത്യേകമായ വാത്സല്യമുണ്ടു്.

www.malankaralibrary.com

പാവങ്ങളോടുള്ള ഈ പ്രത്യേക പ്രതിപത്തി സഭയെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും പക്ഷപാതത്തിൻെറയോ വിഭാഗീയതയുടെയോ ലക്ഷണമല്ല. പ്രത്യുത അതു് സഭയുടെതന്നെ അസ്തിത്വത്തിലും ദൗത്യത്തിലുമുള്ള സാർവ്വദേശീയതയെ വ്യക്തമാക്കുന്നു. ഈ പ്രതിപത്തി ആരെയും ഒഴിവാക്കുന്നില്ല. അതുകൊണ്ടാണു് പക്ഷപാതപരമായ തിരഞ്ഞെടുപ്പിനോ സംഘർഷത്തിനോ ഇടയാക്കുന്ന സങ്കുചിതമായ സാമൂഹ്യസിദ്ധാന്തങ്ങളും പ്രത്യയശാസ്ത്രതത്ത്വങ്ങളും വഴി ഈ പ്രതിപത്തി പ്രകാശിപ്പിക്കുവാൻ സഭയ്ക്കു നിർബ്ബന്ധമില്ലാത്തതു്.

***അടിസ്ഥാന സമൂഹങ്ങളും മററു ക്രിസ്ത്യൻ ഗ്രൂപ്പുകളും***

69. സുവിശേഷസ്നേഹത്തിനു സാക്ഷ്യംവഹിക്കുവാൻ രൂപംകൊണ്ട പുതിയ അടിസ്ഥാനസമൂഹങ്ങളും മററു ക്രിസ്ത്യൻഗ്രൂപ്പുകളും സഭയ്ക്കു വലിയ പ്രത്യാശ നല്കുന്നുണ്ടു്. പ്രാദേശികസഭയുമായും സാർവ്വത്രികസഭയുമായും ഐക്യത്തിൽ വർത്തിക്കുന്നപക്ഷം അവ കൂട്ടായ്മയുടെ യഥാർത്ഥമാതൃകയും കൂടുതൽ അഗാധമായ കൂട്ടായ്മയ്ക്കുള്ള മാർഗ്ഗവുമായിരിക്കും. ദൈവവചനം ശ്രവിച്ചുകൊണ്ടു് വിശ്വാസത്തിൻെറ പൂർണ്ണതയിൽ അംഗങ്ങളെ പഠിപ്പിക്കുന്നതിലുള്ള ശ്രദ്ധയെ ആശ്രയിച്ചിരിക്കും സ്വന്തം ദൗത്യത്തോടുള്ള അവയുടെ വിശ്വസ്തത. സഭാധികാരത്തോടും സഭയുടെ ഹയരാർക്കിക്കൽഘടനയോടും കൂദാശാജീവിതത്തോടുമുള്ള വിശ്വസ്തതയും ആ ദൗത്യപൂർണ്ണതയ്ക്കാവശ്യമാണു്. ഈ വ്യവസ്ഥകളനുസരിച്ചാണെങ്കിൽ മനുഷ്യൻെറ സമഗ്രവിമോചനത്തിൽ വേരൂന്നിയുള്ള അവരുടെ അനുഭവം ആകമാനസഭയുടെ മുതൽക്കൂട്ടായിത്തീരും.

***ദൈവശാസ്ത്ര വിചിന്തനം***

70. അതുപോലെതന്നെ ഇന്നും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ദൈവവചനത്തിൻെറ വിവിധവശങ്ങളെ ഉയർത്തിക്കാട്ടുന്നതിനു സഹായകമെങ്കിൽ, ഏതെങ്കിലും സവിശേഷാനുഭവത്തിൽനിന്നു വികസ്വരമാകുന്ന ദൈവശാസ്ത്രവിചിന്തനം വളരെ ക്രിയാത്മകമായ ഒരു സംഭാവനയായിത്തീരാം. എന്നാൽ ഈ ദൈവശാസ്ത്രവിചിന്തനം വേദപുസ്തകത്തിൻെറ യഥാർത്ഥ സത്തയുൾക്കൊള്ളാനും, അതുൾക്കൊള്ളാത്ത അർത്ഥങ്ങളുടെ കൂട്ടിച്ചേർക്കലാകാതിരിക്കാനുംവേണ്ടി ദൈവശാസ്ത്രജ്ഞൻ ഏതു സവിശേഷാനുഭവത്തിൽനിന്നാരംഭിച്ചുവോ അതിനെ സഭയുടെ അനുഭവത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ ശ്രദ്ധിക്കണം. ആ അനുഭവമാകട്ടെ അനന്യമായ ശോഭയോടും സമഗ്രവിശുദ്ധിയോടുംകൂടി പുണ്യവാന്മാരുടെ ജീവിതത്തിൽ വിളങ്ങിക്കാണുന്നതാണു്. അതിൻെറ ആധികാരികത വിവേചിക്കുക എന്നതു് പത്രോസി

www.malankaralibrary.com

ൺെറ പിൻഗാമിയോടു ചേർന്നുനില്ക്കുന്ന സഭയിലെ അജപാലകരുടെ കടമയത്രെ.

# അദ്ധ്യായം V

## ക്രിസ്തീയ വിമോചനപ്രസ്ഥാനത്തിനു് സഭയുടെ സാമൂഹ്യപ്രബോധനം

***ക്രിസ്തീയ വിമോചന പ്രവർത്തനം***

71. വിമോചനത്തിൻെറ രക്ഷാകരമാനത്തെ അതിൻെറ ഫലമായ സാമൂഹ്യ–ധാർമ്മികതലങ്ങളിലേയ്ക്കു വെട്ടിച്ചുരുക്കാനാവില്ല. മനുഷ്യൻെറ യഥാർത്ഥ സ്വാതന്ത്ര്യം വീണ്ടെടുത്തുകൊണ്ടു് ക്രിസ്തു ആവിഷ്കരിച്ച അടിസ്ഥാനവിമോചനം മനുഷ്യനെ ഒരു ചുമതലയേല്പിക്കുന്നു: സ്നേഹത്തിൻെറതായ വലിയ കല്പനയെ പ്രാവർത്തികമാക്കുകയെന്ന ക്രൈസ്തവപ്രവർത്തനം. ക്രിസ്തീയസാമൂഹ്യധാർമ്മികതയുടെ പാരമ്യതികമായ തത്ത്വമാണതു്. അതാകട്ടെ സുവിശേഷത്തിലും അപ്പസ്തോലന്മാരുടെയും സഭാപിതാക്കന്മാരുടെയും കാലഘട്ടംമുതൽ സഭയുടെ പ്രബോധനാധികാരം ഈയിടെ പുറപ്പെടുവിച്ച പ്രസ്താവനകൾവരെയുള്ള പാരമ്പര്യം മുഴുവനിലും അധിഷ്ഠിതമാണുതാനും.

അതു് എങ്ങനെ പ്രയോഗത്തിൽവരുത്തണമെന്നതു് ഈ കാലസന്ധിയിലെ വമ്പിച്ച വെല്ലുവിളികളിൽനിന്നുരുത്തിരിയുന്ന അടിയന്തരമായ ഒരാഹ്വാനമത്രെ.

### 1. സഭയുടെ സാമൂഹ്യസിദ്ധാന്തത്തിൻെറ സ്വഭാവം

***സുവിശേഷസന്ദേശവും സാമൂഹ്യജീവിതവും***

72. സുവിശേഷസന്ദേശം ദൈവത്തോടും മനുഷ്യരോടുമുള്ള നീതിയിലധിഷ്ഠിതമായ സ്നേഹം എന്ന അന്തിമകല്പനയിലൂടെ ഉന്നയിക്കുന്ന ആവശ്യങ്ങളും, സമൂഹജീവിതത്തിൽനിന്നുത്ഭവിക്കുന്ന പ്രശ്നങ്ങളും എന്നിവയുടെ സംഗമത്തിൽനിന്നാണു് സഭയുടെ സാമൂഹ്യപ്രബോധനം ഉടലെടുക്കുന്നതു്. മാനുഷികവിജ്ഞാനീയത്തിൻെറയും ശാസ്ത്രങ്ങളുടെയും സംഭാവനകളെ ഉപയോഗപ്പെടുത്തുന്ന ഈ സാമൂഹ്യപ്രബോധനം ഒരു സിദ്ധാന്തമായി രൂപംപ്രാപിച്ചിരിക്കുന്നു. ജീവിതത്തിൻെറ സാമൂഹ്യവശ

www.malankaralibrary.com

ത്തെയാണ് അതു പരിഗണിക്കുന്നത്. പ്രശ്നങ്ങളുടെ സാങ്കേതിക വശങ്ങളെയും കണക്കിലെടുക്കുന്നുണ്ട്. എപ്പോഴും അവയെ ധാർമ്മികമായ വീക്ഷണകോണിൽനിന്നു വിധിക്കാൻ വേണ്ടിയാണതു്.

ഈ സാമൂഹ്യപ്രബോധനം എപ്പോഴും പ്രവർത്തനോന്മുഖമാകയാൽ ചരിത്രത്തിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് അതു് വികസിച്ചുകൊണ്ടിരിക്കുന്നു. അക്കാരണത്താൽ ശാശ്വതപ്രാബല്യമാർന്ന തത്ത്വങ്ങളോടൊപ്പം താല്ക്കാലികമായ വിധിത്തീർപ്പുകളും അതിലടങ്ങിയിട്ടുണ്ട്. ഒരു അടഞ്ഞ ചിന്താപദ്ധതി ആയിരിക്കുന്നതിനു പകരം നിരന്തരം ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളുടെ നേരെ എപ്പോഴും അതു തുറന്നിരിക്കുന്നു. എല്ലാത്തരം സിദ്ധികളുടെയും അനുഭവങ്ങളുടെയും വൈദഗ്ദ്ധ്യങ്ങളുടെയും സംഭാവനകൾ അതിനാവശ്യമാണ്. ''മനുഷ്യത്വത്തെ സംബന്ധിച്ച കാര്യങ്ങളിൽ ഒരു വിദഗ്ദ്ധ'' എന്ന നിലയിൽ സഭ തന്റെ സാമൂഹ്യപ്രബോധനത്തിലൂടെ പരിചിന്തനത്തിനുള്ള തത്ത്വങ്ങളും വിധിത്തീർപ്പിനുള്ള മാനദണ്ഡങ്ങളും പ്രവർത്തനനിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുന്നു. ദാരിദ്ര്യത്തിന്റെയും അനീതിയുടെയും സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന അഗാധപരിവർത്തനങ്ങൾ കൈവരുത്താനും അങ്ങനെ മനുഷ്യരാശിയുടെ യഥാർത്ഥനന്മ നേടിയെടുക്കാനും വേണ്ടിയാണിതു്.

***അടിസ്ഥാനതത്ത്വങ്ങൾ*** 73. സ്നേഹത്തിന്റെ പരമപ്രമാണം നമ്മെ എത്തിക്കുന്നതു് ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ട ഓരോ വ്യക്തിയുടെയും അന്തസ്സ് പൂർണ്ണമായി അംഗീകരിക്കുന്നതിലേയ്ക്കാണ്. ഈ അന്തസ്സിൽനിന്നത്രെ സ്വാഭാവികമായ അവകാശങ്ങളും കർത്തവ്യങ്ങളും ഉരുത്തിരിയുക. മനുഷ്യവ്യക്തിയുടെ മൗലികാവകാശമായ സ്വാതന്ത്ര്യം അതിന്റെ അഗാധതലങ്ങളിൽ പ്രകാശിതമാകുന്നതു് അവനിലുള്ള ദൈവച്ഛായയുടെ വെളിച്ചത്തിലാണ്. സാമൂഹ്യജീവിതത്തിന്റെ പ്രവൃത്ത്യുന്മുഖരും ഉത്തരവാദപ്പെട്ടവരുമായ ശില്പികളാണ് മനുഷ്യവ്യക്തികൾ. വ്യക്തിമഹത്ത്വം എന്ന അടിസ്ഥാനവുമായി അഭേദ്യബന്ധമുള്ളവയത്രെ ഐക്യദാർഢ്യത്തിന്റെ തത്ത്വവും വിധേയത്വത്തിന്റെ തത്ത്വവും.

ആദ്യത്തേതനുസരിച്ച മനുഷ്യൻ അവന്റെ സഹോദരന്മാരോടൊത്തൊരുമിച്ച സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. അക്കാരണത്താൽത്തന്നെ സഭയുടെ ഈ പ്രബോധനം സാമൂഹ്യമോ രാഷ്ട്രീയമോ ആയ എല്ലാ വ്യക്തിമാത്രവാദത്തിനും എതിരാണ്.

www.malankaralibrary.com

ർണ്ടാമത്തേതനുസരിച്ച് വ്യക്തികളോ അവരുടെ കൂട്ടങ്ങളോ ഉത്തരവാദിത്വപൂർവ്വം മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനു പകരം അവയുടെ തലത്തിൽ സമൂഹമോ രാഷ്ട്രമോ ഒരിക്കലും വർത്തിക്കരുത്. അവരുടെ സ്വാതന്ത്ര്യം എടുത്തുകളയാനും പാടില്ല. അക്കാരണത്താൽ സഭയുടെ സാമൂഹ്യസിദ്ധാന്തം എല്ലാവിധ സമഷ്ടിവാദത്തിനും എതിരാണ്.

***വിധിത്തീർപ്പിന്റെ മാനദണ്ഡം***

74. ഈ തത്ത്വങ്ങളാണ് സാമൂഹ്യാവസ്ഥകളെയും ഘടനകളെയും വ്യവസ്ഥിതികളെയും സംബന്ധിച്ച വിധിത്തീർപ്പിന്റെ മാനദണ്ഡങ്ങൾ. തന്നിമിത്തം വ്യക്തിയുടെ മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനും ക്ഷതമേല്പിക്കുന്ന എല്ലാ സാഹചര്യങ്ങളെയും അപലപിക്കുവാൻ സഭ മടിക്കുന്നില്ല.

സാമൂഹ്യഘടനകളുടെ മൂല്യം നിർണ്ണയിക്കുന്നതിനും ഇതേ മാനദണ്ഡം മതിയാകുന്നതാണ്. ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും നിലവിലുള്ളതോ ജനങ്ങൾ സൃഷ്ടിക്കുന്നതോ ആയ സ്ഥാപനങ്ങളും നടപടികളും ചേർന്നാണ് 'ഘടന' ആയിത്തീരുന്നത്. സാമ്പത്തിക – സാമൂഹിക – രാഷ്ട്രീയ ജീവിതത്തെ രൂപപ്പെടുത്തുന്നതും സംഘടിപ്പിക്കുന്നതും ഈ 'ഘടന'കളാണ്. ഘടനകൾ ആവശ്യമാണ്. എന്നാൽ പലപ്പോഴും അവ മനുഷ്യേച്ഛയ്ക്കു വേണ്ടത്ര വഴങ്ങാത്തവിധം സ്വതന്ത്രരൂപംപൂണ്ട് കാലഹരണപ്പെട്ട സംവിധാനങ്ങളുടെ അസ്ഥികൂടമായിത്തീരാറുണ്ട്. അപ്പോൾ അവ സാമൂഹ്യവികസനത്തെ മന്ദീഭവിപ്പിക്കുകയോ വികലമാക്കുകയോ അനീതിക്ക് കാരണമാവുകയോ ചെയ്യുന്നു. എന്തായാലും അവ എപ്പോഴും മനുഷ്യന്റെ ഉത്തരവാദിത്വത്തെ ആശ്രയിച്ചാണിരിക്കുക. മനുഷ്യന് അവ മാററുവാൻ കഴിയും. അല്ലാതെ, ചിലർ പറയുന്നതുപോലെ, അവ ചരിത്രത്തിന്റെ അനിർവാര്യവിധികളല്ല.

സ്വാഭാവികനിയമവുമായി പൊരുത്തപ്പെട്ടും, പൊതുനന്മയ്ക്ക് അനുകൂലമായും വർത്തിക്കുമ്പോൾ സ്ഥാപനങ്ങളും നിയമങ്ങളും ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ സംരക്ഷകരും പരിപോഷകരുമാകുന്നു. നിയമത്തിന്റെ എല്ലാ നിയന്ത്രണങ്ങളും അപലപനീയങ്ങളല്ല. നിയമാനുസൃതരായ ഭരണകൂടത്തിന്റെ നിലനില്പിനെ അപലപിച്ചുകൂടാ. പാപത്തിന്റെ മുദ്രപേറുന്ന സംവിധാനങ്ങളുണ്ടെന്നിരിക്കിലും സംവിധാനങ്ങൾ അവയിൽത്തന്നെ അപലപനാർഹങ്ങളല്ല.

വിധിത്തീർപ്പിനുള്ള മാനദണ്ഡങ്ങൾ സാമ്പത്തികസാമൂഹ്യരാഷ്ട്രീയവ്യവസ്ഥിതികൾക്കും ബാധകങ്ങളാണ്. സഭയുടെ സാമൂഹ്യസിദ്ധാന്തം ഒരു വ്യവസ്ഥിതിയേയും സ്വന്തമാക്കുന്നില്ല.

www.malankaralibrary.com

പ്രത്യുത, അടിസ്ഥാനതത്ത്വങ്ങളുടെ വെളിച്ചത്തിൽ നിലവിലുള്ള വ്യവസ്ഥിതികൾ ഏതളവുവരെ മനുഷ്യാന്തസ്സിന്റെ ആവശ്യങ്ങൾക്ക നിരക്കുന്നവയോ നിരക്കാത്തവയോ ആണെന്ന വിധിത്തീർപ്പ് അതു സാദ്ധ്യമാക്കുന്നു.

***ഘടനകളെക്കാൾ വലുത് മനുഷ്യവ്യക്തി*** 75. സമൂഹം നേരിടുന്ന പ്രശ്നങ്ങളുടെ സങ്കീർണ്ണതയെക്കുറിച്ചും അവയ്ക്കു തക്ക പരിഹാരം കണ്ടെത്തുന്നതിലുള്ള വിഷമതകളെക്കുറിച്ചും സഭ തീർച്ചയായും ബോധവതിയാണ്. എങ്കിൽത്തന്നെയും മനുഷ്യനു ഉപകാരപ്രദമായ വിധത്തിൽ സാമ്പത്തികസാമൂഹ്യ മാററങ്ങൾ കൈവരുത്തുന്നതിന് ആദ്യമായി വേണ്ടതു് വ്യക്തിയുടെ ആത്മീയവും സന്മാർഗ്ഗികവുമായ കഴിവുകളെ ഉദ്ബുദ്ധമാക്കി ചിരസ്ഥായിയായ മാനസാന്തരമുളവാക്കുകയാണെന്ന് അവൾ കരുതുന്നു.

മനുഷ്യവ്യക്തിക്കും അവന്റെ മഹത്ത്വത്തിനും ഉപരിയായി ഘടനകളെയും സാങ്കേതികസംവിധാനങ്ങളെയും പ്രതിഷ്ഠിക്കുന്ന ചിന്താഗതി നീതിനിഷ്ഠമായ സമൂഹക്രമത്തിനു വിരുദ്ധവും ഭൗതികവാദപരവുമായ നരവംശശാസ്ത്രത്തിന്റെ പ്രകടനമാണ്.

നേരെമറിച്ച് സ്വാതന്ത്ര്യത്തിനും ഹൃദയപരിവർത്തനത്തിനും മുൻഗണന നൽകുന്നതുകൊണ്ട് അനീതിപരമായ ഘടനകളുടെ പൊളിച്ചുപണി അനാവശ്യമാണെന്നു വരുന്നില്ല. ആകയാൽ സമ്പന്നരിൽനിന്നോ രാഷ്ട്രീയമേധാവികളിൽനിന്നോ ഞെരുക്കമനുഭവിക്കുന്നവർ തങ്ങളുടെ അവകാശങ്ങളെ മാനിക്കുന്ന ഘടനകൾക്കോ സ്ഥാപനങ്ങൾക്കോ രൂപംനൽകുന്നതിനു വേണ്ടി ധാർമ്മികമാർഗ്ഗങ്ങളിലൂടെ പോരാടുന്നതു തികച്ചും ന്യായയുക്തമാണ്.

ജനങ്ങളുടെ നന്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന ഘടനകൾ ആ നന്മ നിലനിർത്തുമെന്ന് ഉറപ്പുനൽകുവാൻ കഴിവില്ലാത്തവയാണെന്ന സത്യം അവശേഷിക്കുന്നു. ചില രാജ്യങ്ങളിൽക്കാണുന്ന അഴിമതി, നേതാക്കന്മാരെയും ഉദ്യോഗസ്ഥവൃന്ദത്തെയും ബാധിക്കുന്നു എന്നതു് ഇതിനു തെളിവാണ്. സത്യസന്ധമായ സാമൂഹ്യജീവിതത്തെ അതു നശിപ്പിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യത്തിന് ധാർമ്മികമായ ആർജ്ജവം അത്യാവശ്യമാണ്. തന്നിമിത്തം ഹൃദയപരിവർത്തനത്തിനു വേണ്ടിയും ഘടനകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും ഒരേ സമയം പരിശ്രമിക്കേണ്ടി വരുന്നു. അനീതിനിറഞ്ഞ സാഹചര്യങ്ങളുടെ പിന്നിലുള്ള പാപം, കൃത്യമായിപ്പറഞ്ഞാൽ വ്യക്തികളുടെ സ്വാതന്ത്ര്യത്തിൽ നിന്നുറവെടുക്കുന്ന സ്വേച്ഛാനുഗതമായ പ്രവൃത്തിയാണ്. നിഷ്ഠ

www.malankaralibrary.com

ന്നമായ രണ്ടാമതൊരർത്ഥത്തിൽ മാത്രമേ പാപം ഘടനകളിൽ ആരോപിക്കാനും "സാമൂഹ്യപാപം" എന്നു പറയാനും കഴിയൂ.

സർവ്വോപരി വിമോചനപ്രക്രിയയ്ക്കിടയിൽ ഒരു രാഷ്ട്രത്തിൻെറ ചരിത്രപരമായ സാഹചര്യങ്ങളെ അവഗണിക്കുകയോ ജനതയുടെ സാംസ്കാരികവ്യക്തിത്വത്തെ ധ്വംസിക്കുകയോ ചെയ്തുകൂടാ. അതിനാൽ ബലംപ്രയോഗിച്ചും പൊതുജനാഭിപ്രായം ദുരുപയോഗപ്പെടുത്തിയും ഭരണകൂടം പിടിച്ചെടുത്ത്, സമൂഹത്തിൻെറ സംസ്കാരത്തിനു ചേരാത്ത ഒരു വൈദേശികപ്രത്യയശാസ്ത്രം ജനസാമാന്യത്തിൻെറമേൽ അടിച്ചേല്പിക്കുന്നതു് കണ്ണടച്ചംഗീകരിക്കുവാനോ ക്രിയാത്മകമായി പിന്താങ്ങുവാനോ പാടില്ല. ഇക്കാര്യത്തിൽ ബുദ്ധിജീവികളുടെ ധാർമ്മികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങൾ ഗൗരവാവഹങ്ങളാണെന്നു് എടുത്തുപറഞ്ഞുകൊള്ളട്ടെ.

***പ്രവർത്തനത്തിന് മാർഗ്ഗരേഖകൾ***

76. അടിസ്ഥാനതത്ത്വങ്ങളും വിധിത്തീർപ്പിനുള്ള മാനദണ്ഡങ്ങളും കർമ്മപരിപാടികളുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. മനുഷ്യസമൂഹത്തിൻെറ പൊതുനന്മ ജനങ്ങളുടെ സേവനത്തിനുള്ളതാകയാൽ അതിനുവേണ്ടി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ മനുഷ്യമഹത്ത്വത്തിനു ചേർന്നതും സ്വാതന്ത്ര്യത്തിനായുള്ള ശിക്ഷണത്തിനുതകുന്നതും ആയിരിക്കണം. വിധിത്തീർപ്പിനും പ്രവർത്തനത്തിനുമുള്ള സുരക്ഷിതമായ ഒരു മാനദണ്ഡമാണിതു്. സ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ആരംഭംമുതലേ മാനിക്കാത്തപക്ഷം അതു ഒരിക്കലും ശരിയായ വിമോചനമാവില്ല.

വിമോചനത്തിൻെറ അനിവാര്യമാർഗ്ഗം ആസൂത്രിതമായ അക്രമമാണു് എന്ന സിദ്ധാന്തത്തെ അപലപിക്കാതെ വയ്യ. അതു് വിനാശകരമായ ഒരു മിഥ്യയും പുതിയതരം അടിമത്തങ്ങളിലേയ്ക്കുള്ള വഴിതുറക്കലുമാണു്. ബലവാൻ പാവപ്പെട്ടവർക്കുനേരെ പ്രയോഗിക്കുന്ന അക്രമങ്ങളെയും അതുപോലെതന്നെ അപലപിക്കേണ്ടിയിരിക്കുന്നു. പോലീസിൻെറ നീതിരഹിതമായ നടപടികളും ഗവണ്മെൻറുകൾ ഭരണശൈലിയുടെ ഭാഗമാക്കുന്ന എല്ലാ അക്രമവും അപലപനീയംതന്നെ. ഈ നൂററാണ്ടിലുണ്ടായിട്ടുള്ളതും ഇപ്പോഴും തുടരുന്നതുമായ ദുരന്താനുഭവങ്ങളുടെ പാഠങ്ങൾ ഇവിടെ നാം പഠിക്കേണ്ടതാണു്. വ്യക്തികൾക്കും സമൂഹങ്ങൾക്കും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ഒരു വലിയ വിഭാഗം സ്ത്രീപുരുഷന്മാർക്കു ലഭ്യമാകാത്ത സാമൂഹ്യസാഹചര്യങ്ങൾ നിലനില്ക്കുന്ന ചില ജനാധിപത്യരാജ്യങ്ങളിലെ ഭരണാധികാരികളുടെ കുററകരമായ അനാസ്ഥ സ്വീകാര്യമല്ല.

www.malankaralibrary.com

***നീതിക്കുവേണ്ടിയുള്ള പോരാട്ടം***

77. തൊഴിലാളികളുടെ അവകാശങ്ങളെയും ന്യായമായ താത്പര്യങ്ങളെയും സംരക്ഷിക്കാൻവേണ്ടിയും സാമൂഹ്യനീതിക്കുവേണ്ടിയും ട്രേഡ്യൂണിയൻപോലുള്ള സംഘടനകളുടെ രൂപീകരണത്തെയും പ്രവർത്തനത്തെയും പ്രോത്സാഹിപ്പിക്കുമ്പോഴുംപ്പോലും, വർഗ്ഗസമരത്തെ സാമൂഹ്യജീവിതത്തിൻെറ ചലനാത്മക ശക്തിയായിക്കാണുന്ന സിദ്ധാന്തത്തെ സഭ അംഗീകരിക്കുന്നില്ല. ശത്രുവിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഒരു വർഗ്ഗം മററൊരു വർഗ്ഗത്തിനെതിരെ നടത്തുന്ന സമരമല്ല സഭ അംഗീകരിക്കുന്ന പ്രവർത്തനമാർഗ്ഗം. ചരിത്രത്തിൻെറ നിയമം എന്ന തെററായ സങ്കല്പത്തിൽനിന്നല്ല സഭ പ്രവർത്തിച്ചുതുടങ്ങുന്നത്. മറിച്ച് നീതിക്കും സാമൂഹ്യമായ ഐക്യദാർഢ്യത്തിനുംവേണ്ടിയുള്ള ശ്രേഷ്ഠവും വിവേകപൂർണ്ണവുമായ ഒരു പോരാട്ടമാണത്. സംവാദത്തിൻെറയും കൂട്ടായ പ്രവർത്തനത്തിൻെറയും മാർഗ്ഗത്തിനാണ ക്രിസ്ത്യാനി എപ്പോഴും മുൻഗണന നൽകുക.

ശത്രുക്കളെ സ്നേഹിക്കാൻ ക്രിസ്തു നമ്മോടു കല്പിച്ചിരിക്കുന്നു. സുവിശേഷചൈതന്യമുൾക്കൊള്ളുന്ന വിമോചനത്തിൽ അന്യരോടുള്ള വിദ്വേഷത്തിനു സ്ഥാനമില്ല. വ്യക്തിഗതമായാലും സാമൂഹ്യമായാലും ശത്രുവിനെ വെറുക്കുന്ന വിദ്വേഷം നിഷിദ്ധം തന്നെ.

***വിപ്ലവം എന്ന വ്യാമോഹം***

78. അനീതി നിറഞ്ഞ സാഹചര്യങ്ങളിൽ നീതീകരണക്ഷമമല്ലാത്ത പ്രത്യേക ആനുകൂല്യങ്ങളെ അവഗണിച്ചുകൊണ്ട് ദൂരവ്യാപകമായ പരിഷ്കാരങ്ങൾ വരുത്താൻ ധീരത ആവശ്യമായി വരും. എന്നാൽ പരിഷ്കാരത്തിൻെറ പാതയെ ഉപേക്ഷിച്ച് വിപ്ലവം എന്ന മിഥ്യയെ അനുകൂലിക്കുന്നവർ മനുഷ്യോചിതമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ദൂഷിച്ചുനാറിയ വ്യവസ്ഥിതി ഇല്ലാതാക്കിയാൽ മതിയെന്ന വ്യാമോഹം വളർത്തുന്നവരാണ്. കൂടാതെ സർവ്വാധിപത്യപരമായ ഭരണകൂടങ്ങളുടെ വളർച്ചയെ അവർ പ്രോത്സാഹിപ്പിക്കുകയുംചെയ്യുന്നു. നീതിയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന ഒരു സാമൂഹ്യ-രാഷ്ട്രീയക്രമം സൃഷ്ടിക്കാനല്ലെങ്കിൽ അനീതിക്കെതിരായ പോരാട്ടം നിരർത്ഥകമാണ്. ഈ പുതിയ സാമൂഹ്യക്രമത്തിൻെറ സ്ഥാപനത്തിനുവേണ്ടിയുള്ള ഓരോ കാൽവെയ്പിലും നീതി നിർവ്വഹിക്കപ്പെടണം. മാർഗ്ഗങ്ങളുടേതായ ഒരു ധാർമ്മികതയുണ്ട്.

***അവസാനത്തെ കൈ***

79. വ്യക്തിയുടെ മൗലികാവകാശങ്ങളെയും പൊതുനന്മയേയും പാടേ ധ്വംസിച്ചുകൊണ്ട് ദീർഘകാലം നീണ്ടുപോകുന്ന

www.malankaralibrary.com

നഗ്നമായ സ്വേച്ഛാധിപത്യത്തിന് അന്ത്യംകുറിക്കാൻ മററൊരു മാർഗ്ഗമില്ലാതെ വരുമ്പോൾ അററകൈയെന്നോണം സഭയുടെ പ്രബോധനാധികാരം ആയുധസമരത്തിന് അംഗീകാരം നല്കുമ്പോഴം ഈ തത്വങ്ങൾ അംഗീകരിക്കപ്പെട്ടേ തീരൂ. സ്ഥിതിഗതികളെക്കുറിച്ച് അതിനിഷ്കൃഷ്ടമായ അപഗ്രഥനത്തിനുശേഷമല്ലാതെ ഈ മാർഗ്ഗം പ്രയോഗിക്കുന്നതിനെപ്പററി ചിന്തിക്കുവാനേ പാടില്ല. ഹിംസയുടെ സാങ്കേതികവിദ്യ നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ ഗുരുതരമായ അപകടങ്ങൾ അക്രമമാർഗ്ഗത്തിൽ പതിയിരുപ്പുണ്ട്. ഇന്നു സത്യാഗ്രഹമെന്ന പേരിലറിയപ്പെടുന്ന മാർഗ്ഗമാണ് ധാർമ്മികതത്വങ്ങൾക്കു കൂടുതൽ യോജിച്ചതു്. അതിനു കൂടുതൽ വിജയസാദ്ധ്യതയുണ്ട്. ബഹുജനങ്ങൾക്കു നേരെയുള്ള പ്രതികാരനടപടികൾ, മർദ്ദനങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, ബഹുജനപ്രകടനങ്ങൾക്കിടയിൽ കൂട്ടമരണത്തിനു വഴിയൊരുക്കാൻവേണ്ടി കരുതിക്കൂട്ടി നടത്തുന്ന പ്രകോപനങ്ങൾ എന്നിവ അധികാരികളുടെ ഭാഗത്തുനിന്നായാലും കലാപകാരികളുടെ ഭാഗത്തുനിന്നായാലും ഒരിക്കലും അംഗീകരിക്കാൻ നിവൃത്തിയില്ല. വ്യക്തികളെ മാനസികമായോ സാമ്പത്തികമായോ നശിപ്പിക്കുന്ന തേജോവധസംരംഭങ്ങളും അതുപോലെതന്നെ അസ്വീകാര്യമാണ്.

***അല്മായരുടെ പങ്ക്***

80. സാമൂഹ്യജീവിതത്തിന്റെ നിയന്ത്രണത്തിലോ രാഷ്ട്രീയ നിർമ്മിതിയിലോ നേരിട്ടിടപെടുകയെന്നതു് സഭയുടെ അജപാലകരുടെ ധർമ്മമല്ല. സഹപൗരന്മാരുമായിച്ചേർന്ന് അല്മായർ മുൻകൈയെടുത്തു നിർവ്വഹിക്കേണ്ട ദൈവദത്തമായ ദൗത്യത്തിന്റെ ഭാഗമാണിതു്. എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി ക്രിസ്തുവിന്റെ രാജ്യം വ്യാപിപ്പിക്കുകയാണ് സഭയുടെ കർത്തവ്യം എന്ന ബോധത്തോടെവേണം അല്മായർ ഈ ധർമ്മം നിർവ്വഹിക്കുവാൻ. അവരിലൂടെയാണ് ലോകം ഫലപ്രദമാംവണ്ണം ക്രിസ്തുവിനനുരൂപമായിത്തീരേണ്ടതു്. ഇഹത്തിലെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന കർത്തവ്യത്തിനു സഭയുടെ രക്ഷാകരപ്രവർത്തനവുമായി അഭേദ്യമായ ബന്ധമുണ്ട്.

എല്ലാം ക്രിസ്തുവിൽ പുനഃസ്ഥാപിക്കുക എന്ന മഹത്തായ ദൈവികപദ്ധതിയുടെ പശ്ചാത്തലത്തിൽവേണം ഐഹികജീവിതക്രമീകരണവും പ്രകൃത്യതീതമായ രക്ഷാകരപ്രവർത്തനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ. ഒരേ സമയം സഭയുടെ അംഗങ്ങളും രാഷ്ട്രത്തിലെ പൗരന്മാരുമായ അല്മായർ ഈ രണ്ടു മേഖലകളിലും നിരന്തരം ക്രൈസ്തവമനസ്സാക്ഷിയുടെ മാർഗ്ഗനിർദ്ദേശം സ്വീകരിച്ചു ജീവിക്കണം.

www.malankaralibrary.com

സാമൂഹ്യപ്രവർത്തനത്തിനു് വ്യക്തമായ പല മാർഗ്ഗങ്ങളുണ്ടു്. അവയോരോന്നും നടപ്പിലാക്കേണ്ടതു് സുവിശേഷസന്ദേശത്തിനും സഭാപഠനത്തിനും ചേർന്നരീതിയിൽ പൊതുനന്മയ്ക്കുവേണ്ടിയായിരിക്കണം. ഏതു മാർഗ്ഗം തെരഞ്ഞെടുത്താലും പരസ്പരസഹകരണത്തെ ഹാനികരമായി ബാധിക്കില്ലെന്നു് ഉറപ്പുവരുത്തണം. ഒന്നു മറ്റൊന്നിനെ മരവിപ്പിക്കാനും ക്രിസ്ത്യാനികളുടെയിടയിൽ ആശയക്കുഴപ്പമുണ്ടാക്കാനും പാടില്ല.

സഭാപ്രബോധനങ്ങളിൽനിന്നു ലഭിക്കുന്ന അറിവു് സാങ്കേതികവും ശാസ്ത്രീയവുമായ കഴിവുകൾ ആർജ്ജിക്കുന്നതിനു് ഉത്തേജകമാവണം. സഭയുടെ സാമൂഹ്യപ്രബോധനം സ്വഭാവത്തിന്റെ ധാർമ്മികരൂപീകരണത്തിനും ആത്മീയജീവിതത്തെ കൂടുതൽ ആഴമുള്ളതാക്കുന്നതിനും സഹായിക്കുന്നതാണു്. ഈ സാമൂഹ്യസിദ്ധാന്തം തത്ത്വങ്ങളും വിവേകപൂർവ്വമായ നിർദ്ദേശങ്ങളും നൽകുന്നുണ്ടെങ്കിലും മാനുഷികകാര്യങ്ങളുടെ നടത്തിപ്പിനും നിയന്ത്രണത്തിനും ആവശ്യമായ രാഷ്ട്രീയവിവേകം കൈവരണമെങ്കിൽ പ്രത്യേകമായ വിദ്യാഭ്യാസം കൂടിയേതീരൂ.

## 2. ആഭ്യന്തരരൂപാന്തരീകരണത്തിനുള്ള സുവിശേഷപരമായ സജ്ജീകരണങ്ങൾ

***സാംസ്കാരിക രൂപാന്തരീകരണത്തിന്റെ ആവശ്യകത***

81. സുവിശേഷത്തിന്റെ ധാർമ്മികവും സാമൂഹ്യവുമായ പൈതൃകം മുഴുവൻ ഉൾക്കൊള്ളുന്ന ''സ്നേഹത്തിന്റേതായ ഒരു നാഗരികത'' കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന ക്രൈസ്തവർ അഭൂതപൂർവ്വമായ വെല്ലുവിളികളെയാണു ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നതു്. സാമൂഹ്യക്രമത്തെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടുംകൂടി പരിശോധിക്കുമ്പോൾ അതും സ്നേഹത്തിന്റെ പരമപ്രമാണവും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നു എന്ന പുനർവ്വിചിന്തനം ഇവിടെ ആവശ്യമായി വരുന്നു.

ഈ അഗാധവിചിന്തനത്തിന്റെ സത്വരലക്ഷ്യം സാമൂഹ്യ – സാമ്പത്തിക – രാഷ്ട്രീയപീഡനങ്ങൾക്കിരയായിക്കഴിയുന്ന ജനകോടികളുടെ മോചനത്തിനുതകുന്ന ധീരോദാരങ്ങളായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പാക്കുകയാണു്. വിദ്യാഭ്യാസമേഖലയിലെ വിപുലമായ പ്രവർത്തനംവഴിവേണം ഇതാരംഭിക്കാൻ. അദ്ധ്വാനത്തിന്റേതായ ഒരു സംസ്കൃതിക്കും ഐക്യദാർഢ്യത്തിനും എല്ലാവർക്കും അഭിഗമ്യമായ സംസ്കാരത്തിനുംവേണ്ടിയുള്ള വിദ്യാഭ്യാസമായിരിക്കണം അതു്.

www.malankaralibrary.com

***തൊഴിലിന്റെ സുവിശേഷം***

82. യഥാർത്ഥമായ "അദ്ധ്വാനത്തിന്റെ സുവിശേഷ" മാണ് നസ്രത്തിലെ യേശുവിന്റെ ജീവിതം. നാം ജീവിക്കുന്ന കാലഘട്ടം നേരിടുന്ന ഗുരുതരപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട മൗലികമായ സാംസ്കാരിക രൂപാന്തരീകരണത്തിന്റെ സജീവ മാതൃകയും പ്രമാണവുമാണത്. ദൈവമായിരുന്നിട്ടും എല്ലാകാര്യങ്ങളിലും നമ്മെപ്പോലെയായിത്തീർന്ന യേശു തന്റെ ഭൗമികജീവിതത്തിന്റെ ഭൂരിഭാഗവും കായികാദ്ധ്വാനത്തിൽ ചെലവഴിച്ചു. നമ്മുടെ കാലഘട്ടം പ്രതീക്ഷിക്കുന്ന സംസ്കാരം തൊഴിലിന്റെ അന്തസ്സ് പൂർണ്ണമായി അംഗീകരിക്കുന്ന ഒന്നായിരിക്കും. സൃഷ്ടിയുടെയും വീണ്ടെടുപ്പിന്റെയും രഹസ്യങ്ങളുടെ വെളിച്ചത്തിലത്രെ മനുഷ്യാദ്ധ്വാനത്തിന്റെ കുലീനതയും സഫലതയും പൂർണ്ണമായി പ്രത്യക്ഷപ്പെടുന്നത്. മനുഷ്യവ്യക്തിയുടെ ആത്മപ്രകാശനോപാധി എന്ന നിലയിൽ സർഗ്ഗാത്മകമായ അർത്ഥത്തിന്റേയും പരിശ്രമത്തിന്റേയും ഉറവിടമാണത്.

***തൊഴിലിന്റേതായ ഒരു യഥാർത്ഥ നാഗരികത***

83. അങ്ങനെ, ദാരിദ്ര്യത്തോടു ബന്ധപ്പെട്ട എല്ലാ വൻ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം തൊഴിലിന്റേതായ യഥാർത്ഥനാഗരികതയുടെ വികസനത്തിലാണ് നാം തേടേണ്ടത്. ഒരർത്ഥത്തിൽ സാമൂഹ്യപ്രശ്നത്തിന്റെ മുഴുവനും താക്കോലാണ് തൊഴിൽ. തന്നിമിത്തം സ്വാതന്ത്ര്യത്തിലുള്ള വിമോചനപ്രവർത്തനത്തിന് മുൻഗണന നൽകേണ്ടത് തൊഴിലിന്റെ മേഖലയിലായിരിക്കണം. മനുഷ്യവ്യക്തിയും തൊഴിലും തമ്മിലുള്ള ബന്ധം മൗലികവും മർമ്മപ്രധാനവുമാകയാൽ അതിനെ ക്രമീകരിക്കുന്ന രൂപമാതൃകകൾക്ക ഓരോ ജനതയും നേരിടുന്ന സാമൂഹ്യ രാഷ്ട്രീയപ്രശ്നപരമ്പരകളുടെ പരിഹാരത്തെ ക്രിയാത്മകമായി സ്വാധീനിക്കാൻ കഴിയും. ഓരോ വ്യക്തിയുടേയും സമഗ്രമായ വികസനത്തെ സഹായിക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥിതിക്ക് നീതിനിഷ്ഠമായ തൊഴിൽബന്ധങ്ങൾ അനുപേക്ഷണീയങ്ങളത്രെ.

തൊഴിലുമായി നേരിട്ടു ബന്ധപ്പെട്ടവരായ തൊഴിലാളികളും തൊഴിലുടമകളും പൊതുഭരണാധികാരികളുടെ പിന്തുണയോടെ തൊഴിലിന്റേതായ ഇത്തരം ഒരു നവനാഗരികതയ്ക്ക് രൂപംനല്കിയാൽ അതിൻഫലമായി ആളുകളുടെ വീക്ഷണഗതിയിലും സ്ഥാപനപരവും രാഷ്ട്രീയവുമായ ഘടനകളിലും അഗാധവും സമാധാനപൂർണ്ണവുമായ ഒരു വിപ്ലവംതന്നെ സംഭവിക്കും.

***ദേശീയവും അന്തർദ്ദേശീയവുമായ പൊതു നന്മ***

84. ഇതുപോലുള്ള ഒരു അദ്ധ്വാനസംസ്കാരത്തിനു മൗലികമായ ഏതാനും മൂല്യ

www.malankaralibrary.com

ങ്ങളും മുന്നുപാധി എന്നോണം ആവശ്യമുണ്ട്. അവയെ അതു പ്ര യോഗത്തിൽകൊണ്ടുവരുകയും ചെയ്യുന്നു. തൊഴിലാളിയുടെ വ്യ ക്തിത്വമാണ് തൊഴിലിന്റെ തത്ത്വവും വിഷയവും ലക്ഷ്യവുമെന്നു അംഗീകരിക്കുക. മൂലധനത്തെക്കാൾ തൊഴിലിനാണു പ്രാധാന്യ മെന്നും ഭൗതികവിഭവങ്ങൾ എല്ലാവർക്കുംവേണ്ടിയുള്ളതാണെന്നും പ്രഖ്യാപിക്കുക. സംരക്ഷിക്കപ്പെടേണ്ട അവകാശങ്ങളെപ്പററി മാ ത്രമല്ല, നിർവ്വഹിക്കപ്പെടേണ്ട ചുമതലകളെപ്പററിക്കൂടി ദൃഢമായ ഒരൈക്യബോധം വളർത്തിയെടുക്കുക. വ്യക്തിയുടെയോ സംഘട നയുടെയോ താത്പര്യങ്ങൾ മാത്രമല്ല, ദേശീയവും അന്തർദ്ദേശീ യവുമായ പൊതുനന്മകൂടി സംരക്ഷിക്കാനുതകുന്ന പങ്കാളിത്തം ഉണ്ടാവുക. പരസ്പരം അഭിമുഖീകരിക്കുകയും തുറന്ന മനസ്സോടെ സജീവമായ സംവാദങ്ങൾ നടത്തുകയുംചെയ്യുന്ന സമ്പ്രദായം സ്വായത്തമാക്കുക.

ഇതിന്റെയെല്ലാം ഫലമായി രാഷ്ട്രീയാധികാരികൾ വ്യ ക്തികളുടെയും കുടുംബങ്ങളുടെയും സമുദായങ്ങളുടെയും ന്യായമായ സ്വാതന്ത്ര്യാവകാശത്തെ ആദരിക്കാൻ കൂടുതൽ പ്രാപ്തമായിത്തീ രും. അങ്ങനെ ആത്മീയലക്ഷ്യമുൾപ്പെടെയുള്ള മനുഷ്യന്റെ ആധി കാരികവും സമഗ്രവുമായ ക്ഷേമം സാക്ഷാത്ക്കരിക്കാൻ വേണ്ട വ്യവസ്ഥകൾ നിലവിൽ വരും.

***മനുഷ്യപ്രയത്നത്തിന്റെ മൂല്യം***

85. തൊഴിലാളികളുടെ മഹനീയാന്തസ്സ് അംഗീകരിക്കുന്ന ഒരു സംസ്കാരം തൊഴിലിന്റെ വ്യക്തിനിഷ്ഠമായ മാനത്തിന് ഊന്നൽകൊടുക്കുന്നതായിരിക്കും.

മനുഷ്യപ്രയത്നത്തിന്റെ മൂല്യം തൊഴിലിന്റെ തരഭേദ ങ്ങളെ ആശ്രയിച്ചുള്ളതല്ല. അതു ചെയ്യുന്നവൻ മനുഷ്യവ്യക്തിയാ ണ് എന്നതത്രെ അതിന്റെ അടിസ്ഥാനം. അവഗണിക്കാനാവാ ത്ത അർത്ഥസൂചനകളുൾക്കൊള്ളുന്ന ഒരു ധാർമ്മികമാനം അതി നുണ്ട്.

ഓരോ മനുഷ്യനും തൊഴിൽ ചെയ്യാനവകാശമുണ്ട്. തൊ ഴിലില്ലായ്മ എന്ന ഭീകരപ്രശ്നത്തിനു പരിഹാരം കണ്ടെത്താനുള്ള സഫലമായ പ്രതിജ്ഞയിലൂടെവേണം ഈ അവകാശത്തെ അം ഗീകരിക്കാൻ. ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗത്തെ പ്ര ത്യേകിച്ചു യുവാക്കളെ സമൂഹത്തിന്റെ പുറമ്പോക്കിലേയ്ക്കുതള്ളുന്ന തൊഴിലില്ലായ്മ വെച്ചുപൊറുപ്പിക്കാനാവില്ല. ഇക്കാരണത്താൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതു് വ്യക്തികളെയും സ്വ കാര്യസംരംഭങ്ങളെയും സർക്കാരിനെയും നേരിടുന്ന പ്രാഥമിക മായ സാമൂഹ്യകർത്തവ്യമാണ്. പൊതുതത്ത്വമെന്നനിലയിൽ മററു

www.malankaralibrary.com

കാര്യങ്ങളിലെന്നപോലെ ഇതിലും സർക്കാരിന് ഒരു സഹായക ധർമ്മമേയുള്ളു. എന്നാൽ വിവിധ രാഷ്ട്രങ്ങൾതമ്മിലുള്ള കരാറുകളിലും മററും സർക്കാർ നേരിട്ടിടപെടേണ്ടതാവശ്യമായി വരും. അത്തരം കരാറുകൾ കുടിയേററക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും അവകാശങ്ങൾ ആദരിക്കുന്നതാവണം.

***പങ്കാളിത്തം വളർത്തുക***

86. വേതനത്തെ വെറുമൊരു വിപണനവസ്തുവായി ഗണിച്ചാൽ പോരാ. അതു തൊഴിലാളിക്കും അവൻെറ കുടുംബത്തിനും ഭൗതിക–സാമൂഹ്യ–സാംസ്കാരിക മേഖലകളിലും ആത്മീയമണ്ഡലത്തിലും യഥാർത്ഥത്തിൽ മാനുഷികമായ ജീവിതനിലവാരം പുലർത്താൻ സഹായകമാകണം. തൊഴിലിനെ വിലയിരുത്താനുതകുന്ന മാനദണ്ഡം മനുഷ്യവ്യക്തിയുടെ അന്തസ്സാണ്, മറിച്ചല്ല. ജോലി എന്തുമാകട്ടെ, അതുവഴി തൊഴിലാളിക്ക് അവൻെറ വ്യക്തിത്വം പ്രകാശിപ്പിക്കാൻ കഴിയണം. ഇതിൽനിന്ന് പങ്കാളിത്തത്തിൻെറ ആവശ്യം വ്യക്തമാകുന്നു. അദ്ധ്വാനഫലം പങ്കിട്ടെടുക്കുന്നതിനുമപ്പുറം പദ്ധതികളുടെ ആവിഷ്ക്കരണം, സാക്ഷാത്ക്കരണം, ഉത്തരവാദിത്വം എന്നിവയുടെ തലത്തിലുള്ള ഒരു യഥാർത്ഥസാമൂഹ്യമാനവും കൂടിയേതീരൂ.

***മൂലധനത്തെക്കാൾ തൊഴിലിനുള്ള പ്രാധാന്യം***

87. മൂലധനത്തെ അപേക്ഷിച്ച് തൊഴിലിനുള്ള മുൻഗണന, ലാഭത്തിൻെറ വർദ്ധനവിനേക്കാൾ ഏറെ തൊഴിലാളികളുടെ ക്ഷേമത്തിനു പ്രാധാന്യം കല്പിക്കാനുള്ള ബാദ്ധ്യത തൊഴിലുടമകളിൽ വരുത്തുന്നു. മൂലധനത്തെ പ്രത്യുല്പാദനപരമല്ലാത്ത നിലയിൽ വെച്ചുകൊണ്ടിരിക്കാതെ, പൊതുനന്മയ്ക്കുപകരിക്കുംവിധം നിക്ഷേപിക്കാൻ അവർക്ക് ധാർമ്മികമായ കടമയുണ്ട്. ഇതുവച്ചുനോക്കുമ്പോൾ യഥാർത്ഥത്തിൽ ഉപയോഗപ്രദമായ വസ്തുക്കളുടെ ഉത്പാദനം ലക്ഷ്യമാക്കിക്കൊണ്ട് തൊഴിലവസരങ്ങളെ സമാഹരിക്കുകയോ പുതിയവ സൃഷ്ടിക്കുകയോ ചെയ്യേണ്ടിവരും.

പൊതുനന്മയോടുള്ള ഉത്തരവാദിത്വം ഒഴിവാക്കിയിട്ട് സ്വകാര്യസ്വത്തവകാശത്തെ വിഭാവനം ചെയ്യാനാവില്ല. വിഭവങ്ങൾ എല്ലാവർക്കുംവേണ്ടിയുള്ളവയാണെന്ന ഉപരിതത്വത്തിനു വിധേയമായിരിക്കണമതു്.

***ആഴത്തിലുള്ള പരിഷ്ക്കാരങ്ങൾ***

88. ഏറെ വൈകുന്നതിനുമുൻപുതന്നെ വേണ്ട പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഈ പ്രബോധനം ഉത്തേജകമാകണം. മാനുഷികവും വ്യക്തിപരവും കുടുംബപരവുമായ മെച്ചപ്പെട്ട ജീവിതത്തിനു ആവശ്യമായ വിഭവങ്ങൾ എല്ലാവർക്കും ലഭ്യമാവുക

www.malankaralibrary.com

എന്നതു് സാമൂഹ്യനീതിയുടെ പ്രഥമതത്ത്വമാണ്. വ്യാവസായിക ജോലികളുടെ മേഖലയിലും പ്രത്യേകിച്ചു് കാർഷികവേലയുടെ മേഖലയിലും ഇതു ബാധകമാകണം. ദരിദ്രരുടെ ഭൂരിഭാഗവും ഗ്രാമീണകർഷകരാണ്, മൂന്നാം ലോകത്തിൽ വിശേഷിച്ചും.

## 3. ഐക്യദാർഢ്യത്തിന്റെ വളർത്തൽ

***പുതിയ ഒരു ഐക്യദാർഢ്യം***

89. മാനുഷികവും പാരത്രികവുമായ സാഹോദര്യത്തിന്റെ അവശ്യഘടകമാണ് ഐക്യദാർഢ്യം: ഇന്നുണ്ടാകുന്ന ഗുരുതരമായ സാമൂഹ്യ–രാഷ്ട്രീയപ്രശ്നങ്ങളൊന്നും ഐക്യദാർഢ്യത്തിന്റെ പുതിയ മുന്നണികൾവഴിയല്ലാതെ പരിഹരിക്കാനാവില്ല; ദരിദ്രർ തമ്മിലുള്ള ഐക്യദാർഢ്യം, ദരിദ്രരുമായി ധനികർ പുലർത്തേണ്ട ഐക്യദാർഢ്യം, തൊഴിലാളികൾക്കിടയിലും തൊഴിലാളികളോടും വളർത്തേണ്ട ഐക്യദാർഢ്യം, വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങളും സാമൂഹ്യസംഘടനകളും സർക്കാരും എല്ലാം ഐക്യദാർഢ്യത്തിന്റേതായ ഈ പൊതുനീക്കത്തിൽ പങ്കാളികളാകണം. ഇതുപോലുള്ള ഒരു ഐക്യദാർഢ്യത്തിനുവേണ്ടി സഭ ആഹ്വാനം ചെയ്യുമ്പോൾ പ്രത്യേകവിധത്തിൽ അതു് തന്റെ ചുമതലയാണെന്നു അവൾക്കറിയാം.

***വസ്തുക്കൾ എല്ലാവർക്കും വേണ്ടിയുള്ളത്***

90. ലോകവസ്തുക്കൾ എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന തത്ത്വവും മാനുഷികവും പ്രകൃത്യതീതവുമായ സാഹോദര്യത്തിന്റെ തത്ത്വവും സമ്പന്നരാജ്യങ്ങൾക്കു് ദരിദ്രരാജ്യങ്ങളോടുള്ള കത്തവ്യങ്ങൾ വ്യക്തമാക്കുന്നു. വികസ്വരരാജ്യങ്ങളെ സഹായിക്കുന്നതിലുള്ള ഐക്യദാർഢ്യം, ഉത്തര ദക്ഷിണമേഖലകൾ തമ്മിലുള്ള വാണിജ്യബന്ധങ്ങളെ യഥാവിധി പരിഷ്കരിച്ചു് നേടിയെടുക്കേണ്ട സാമൂഹ്യനീതി, ഓരോ വ്യക്തിക്കും അവനവന്റെ പങ്കു് കൊടുക്കാനും വാങ്ങാനും കഴിയുന്നതു, ചിലരുടെ പുരോഗതി ഇതരരുടെ വികാസത്തെ തടസ്സപ്പെടുത്തുകയോ അവരെ അടിമപ്പെടുത്താൻ അവസരമാവുകയോ ചെയ്യാത്തതും കൂടുതൽ മാനുഷികവുമായ ഒരു നല്ല ലോകത്തിന്റെ സംരചന–ഇതെല്ലാം മുൻപറഞ്ഞ കത്തവ്യങ്ങളിൽപ്പെടുന്നു.

***വികസനത്തിനു സഹായം***

91. അന്തർദ്ദേശീയഐകമത്യം ധാർമ്മികക്രമത്തിനു അത്യാവശ്യമാണ്. അടിയന്തരാവശ്യങ്ങൾ ഉള്ളപ്പോൾ മാത്രമല്ല, യഥാർത്ഥമായ വികസനത്തെ സഹായിക്കാനും ഇതു കൂടിയേ

www.malankaralibrary.com

തീവ്ര. കൂട്ടായ ഒരു സംരംഭമാണിത്. സംഘടിതവും നിരന്തരവുമായ പരിശ്രമങ്ങളിലൂടെ കണ്ടെത്തുന്ന സാങ്കേതികമാർഗ്ഗങ്ങൾ മാത്രമല്ല, നമ്മുടെ സമകാലികരുടെ മനോഭാവത്തിൽ വരുത്തേണ്ട മാററവും അതിനാവശ്യമാണ്. ഒരു വലിയ അളവുവരെ ഇതിനെ ആശ്രയിച്ചാണ് ലോകസമാധാനം നിലകൊള്ളുന്നത്.

## 4. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കർത്തവ്യങ്ങൾ

***വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമുള്ള അവകാശം***

92. ഭൗതികവസ്തുക്കളുടെ ഉടമസ്ഥതയിലും ഉപഭോഗത്തിലുമുള്ള അനീതിപരമായ അസമത്വങ്ങളെ രൂക്ഷതരമാക്കുന്നത് അവയോടൊപ്പം പോകുന്ന സാംസ്കാരികാവസരങ്ങളിലെ അനീതിപരമായ അസമത്വങ്ങളാണ്. ഓരോ മനുഷ്യവ്യക്തിക്കും സംസ്കാരത്തിന് അവകാശമുണ്ട്. യഥാർത്ഥത്തിൽ മനുഷ്യോചിതമായ അസ്തിത്വത്തിൻെറ രീതിയാണത്. ബുദ്ധിപരമായ കഴിവുകളുടെയും ധാർമ്മികമായ പുണ്യങ്ങളുടേയും മററുള്ളവരുമായി ബന്ധപ്പെടാനുള്ള സാദ്ധ്യതകളുടേയും ഉപയോഗപ്രദങ്ങളും മനോഹരങ്ങളുമായ വസ്തുക്കൾ നിർമ്മിക്കാനുള്ള സിദ്ധികളുടെയും വികാസംവഴിയാണ് നാം അതു നേടുന്നത്. ഓരോ മനുഷ്യൻെറയും അനപഹാര്യമായ അവകാശം എന്നു വിശേഷിപ്പിക്കാവുന്ന വിദ്യാഭ്യാസത്തിൻെറ വികാസവും വ്യാപനവും എത്രയോ ആവശ്യമാണെന്നു ഇതിൽനിന്നു സിദ്ധിക്കുന്നു. നിരക്ഷരതയുടെ നിർമ്മാർജ്ജനമത്രെ അതിനുള്ള പ്രഥമോപാധി.

***സാംസ്കാരിക സ്വാതന്ത്ര്യത്തോടുള്ള ആദരവ്***

93. സംസ്കാരത്തിന് ഓരോ വ്യക്തിക്കുമുള്ള അവകാശം ഉറപ്പുവരുത്തുന്നതു സാംസ്കാരിക സ്വാതന്ത്ര്യത്തോടുള്ള ആദരവിലൂടെ മാത്രമാണ്. പ്രത്യയശാസ്ത്രങ്ങൾ പലപ്പോഴും സംസ്കാരത്തെ തരംതാഴ്ത്തുന്നു. അതുപോലെതന്നെ വിദ്യാഭ്യാസം സാമ്പത്തിക രാഷ്ട്രീയശക്തികളുടെ പാദസേവയ്ക്കുള്ള ഉപകരണമായും മാറുന്നു. പൊതുഭരണാധിപന്മാരുടെ അധികാരസീമയിൽപ്പെട്ട ഒന്നല്ല സംസ്കാരത്തിൻെറ നിർണ്ണയം. ന്യൂനപക്ഷങ്ങളുൾപ്പെടെ എല്ലാവരുടെയും സാംസ്കാരിക ജീവിതത്തെ സംരക്ഷിക്കുകയും വളർത്തുകയുമാണ് അവരുടെ കടമ.

***വിദ്യാഭ്യാസത്തിൽ കുടുംബത്തിൻെറ പങ്ക്***

94. വിദ്യയഭ്യസിപ്പിക്കാനുള്ള കടമ പ്രാഥമികമായും അടിസ്ഥാനപരമായും കുടുംബത്തിൻേറതാണ്. രാഷ്ട്രത്തിൻെറ

www.malankaralibrary.com

പങ്ക് അതിനു അധീനമത്രെ. ഉറപ്പുനല്കുക, സംരക്ഷിക്കുക, പരിപോഷിപ്പിക്കുക, കുറവ് നികത്തുക ഇതെല്ലാമാണ് വിദ്യാഭ്യാസ മേഖലയിൽ രാഷ്ട്രം ചെയ്യേണ്ടത്. വിദ്യാഭ്യാസപരമായ കുത്തക എപ്പോഴെങ്കിലും രാഷ്ട്രം അവകാശപ്പെട്ടുതുടങ്ങുമ്പോൾ, അതു സ്വന്തം അവകാശങ്ങളുടെ പരിധി ലംഘിക്കുകയും നീതിയെ നിഹനിക്കുകയുമത്രെ ചെയ്യുക. തങ്ങളുടെ കുട്ടികളെ ഏതു സ്കൂളിലയയ്ക്കണമെന്നു തീരുമാനിക്കാനും സ്വന്തം വിശ്വാസങ്ങൾക്കനുസൃതമായ വിദ്യാകേന്ദ്രങ്ങൾ സ്ഥാപിച്ച് നടത്താനും മാതാപിതാക്കൾക്ക് അവകാശമുണ്ട്. സ്വകാര്യവിദ്യാലയങ്ങളെ വെച്ചുപൊറുപ്പിക്കുകമാത്രം ചെയ്യുന്ന സർക്കാർനയം നീതിനിഷ്ഠമല്ല. അവ പൊതുസേവനം നിർവ്വഹിക്കുന്നു എന്നതിനാൽ സാമ്പത്തികസഹായം അവയ്ക്കു അവകാശപ്പെട്ടതാണ്.

***സ്വാതന്ത്ര്യങ്ങളും പങ്കുവയ്പുകളും***

95. സംസ്കാരത്തിലേയ്ക്കു വാതിൽതുറക്കുന്ന വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്വപൂർണ്ണമായ വിനിയോഗത്തിലുള്ള വിദ്യാഭ്യാസമാണ്. അതിനാലത്രെ സ്വാതന്ത്ര്യങ്ങളെ ആദരിക്കുന്നതും എല്ലാവരുടെയും പങ്കാളിത്തത്തിൽ വളരുന്നതുമായ ഒരു സാമൂഹികക്രമത്തിൽ മാത്രമേ ആധികാരികമായ വികസനം സാദ്ധ്യമാവൂ എന്നു പറയുന്നത്. ഈ പങ്കാളിത്തത്തിനു വിവിധ രൂപങ്ങൾ ഉണ്ടാവാം. സ്ഥാപനങ്ങളിലും സാമൂഹ്യസംരംഭങ്ങളിലും യഥാർത്ഥമായ ബഹുവാത്മകത ഉറപ്പുവരുത്താൻ അതു് ആവശ്യമാണ്. രാഷ്ട്രത്തിന്റെ അധികാരങ്ങളെ യഥോചിതം വേർതിരിച്ച്, മനുഷ്യാവകാശങ്ങളുടെ പ്രയോഗം അതു ഭദ്രമാക്കുന്നു. രാഷ്ട്രീയാധികാരികളുടെ അവിഹിതമായ കൈകടത്തലുകളിൽനിന്ന് അതു് മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്നു. സ്ത്രീപുരുഷഭേദമോ, വർഗ്ഗം, വർണ്ണം, സാമൂഹ്യസ്ഥിതി, ഭാഷ, മതം എന്നിവയോ ഒന്നും സാമൂഹ്യ–രാഷ്ട്രീയജീവിതത്തിലെ പങ്കാളിത്തത്തിൽനിന്നു ആരെയും മാററിനിർത്തിക്കൂടാ. സാംസ്കാരിക–സാമൂഹ്യ–രാഷ്ട്രീയ ജീവിതത്തിന്റെ പുറമ്പോക്കിൽ ജനങ്ങളെ തടഞ്ഞുനിർത്തുന്നതു് പല രാജ്യങ്ങളിലും ഇന്നു കണ്ടുവരുന്ന കടുത്ത അനീതിയാണ്–രാഷ്ട്രാധികാരികൾ സ്വാതന്ത്ര്യത്തിന്റെ പ്രയോഗത്തെ നിയന്ത്രിക്കുമ്പോൾ ക്രമസമാധാനത്തിന്റെയോ സുരക്ഷയുടെയോ പേരുപറഞ്ഞു് ആ സ്വാതന്ത്ര്യങ്ങളെ പടിപടിയായി വെട്ടിക്കുറയ്ക്കാൻ പാടില്ല. ദേശീയസുരക്ഷയുടേതെന്നു പറയപ്പെടുന്ന തത്ത്വമോ സങ്കുചിതമായ സാമ്പത്തികവീക്ഷണമോ സാമൂഹ്യജീവിതത്തെപ്പററിയുള്ള സമഗ്രാധിപത്യപരമായ സങ്കല്പമോ ഒന്നും സ്വാതന്ത്ര്യം എന്ന മൂല്യത്തിനും അതിന്റേതായ അവകാശങ്ങൾക്കും എതിരെ വിജയിക്കുകയില്ല.

www.malankaralibrary.com

***സംസ്കാരവൽക്കരണത്തിന്റെ വെല്ലുവിളി***

96. വിധിത്തീർപ്പിന്റെ മാനദണ്ഡങ്ങൾ, മനുഷ്യസമൂഹത്തിനു മുഴുവൻ ബാധകങ്ങളായ മൂല്യങ്ങളുടെയും ചിന്താരൂപങ്ങളുടെയും ജീവിതരീതികളുടെയും നിർണ്ണയം എന്നിവയുടെ പ്രചോദനകേന്ദ്രമാണു് വിശ്വാസം. അക്കാരണത്താലാണു് നമ്മുടെ കാലഘട്ടത്തിന്റെ ഉൽക്കണ്ഠകൾ മനസ്സിലാക്കുന്ന സഭ, എല്ലാവരുടെയും വ്യക്തിഗതമായ ആത്മസാക്ഷാത്ക്കാരത്തിനു അവസരങ്ങൾ നൽകുന്നതും, തൊഴിലിനെ അതിന്റെ പൂർണ്ണമായ മാനുഷികമാനത്തിൽ അംഗീകരിക്കുന്നതുമായ ഒരു സംസ്കാരത്തിന്റെ രൂപരേഖ ചൂണ്ടിക്കാട്ടുന്നതു്. ലോകത്തിന്റെ സമഗ്രമായ രക്ഷയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രേഷിതദൗത്യമാണു് ഓരോ ജനതയുടെയും രാഷ്ട്രത്തിന്റെയും വ്യക്തിത്വത്തെ ആദരിച്ചുകൊണ്ടുതന്നെ ഇതു ചെയ്യാൻ അവളെ പ്രേരിപ്പിക്കുന്നതു്. ലോകത്തെവിടെയും സന്നിഹിതയായി ഏകത്വവൈവിധ്യങ്ങളെ സമന്വയിക്കുന്ന സഭ ഓരോ സ്ഥലത്തുമുള്ള സംസ്കാരങ്ങളിൽനിന്നു് ക്രിയാത്മകാംശങ്ങൾ സ്വീകരിക്കുന്നു. എന്നാൽ സംസ്കാരവൽക്കരണം എന്നതു് ബാഹ്യമാത്രമായ അനുരൂപണമല്ല. ഓരോ വ്യത്യസ്തസംസ്കാരത്തിലും ക്രിസ്തുധർമ്മം നട്ടുപിടിപ്പിക്കുകയും ഉൽകൃഷ്ടങ്ങളായ സാംസ്കാരികമൂല്യങ്ങളെ ക്രിസ്തുധർമ്മവുമായി കൂട്ടിയിണക്കി ഉദാത്തീകരിക്കുകയും ചെയ്യുന്ന ഗാഢപ്രക്രിയയാണതു്. മുൻപറഞ്ഞ പ്രശ്നങ്ങൾ ഉദാഹരിക്കുന്നതുപോലെ സുവിശേഷത്തെയും സംസ്കാരത്തെയും വേർതിരിക്കുന്നതു് ഒരു ദുരന്തമാണു്. സംസ്കാരങ്ങളെ ഉദാരമായി സുവിശേഷവൽക്കരിക്കുക എന്നതു് ഇന്നത്തെ വലിയ ഒരാവശ്യമത്രെ. സുവിശേഷവുമായുള്ള മുഖാമുഖംവഴി ഈ സംസ്കാരങ്ങൾക്കു് പുതുജീവൻ സിദ്ധിക്കും. അതിനു സുവിശേഷത്തിന്റെ യഥാർത്ഥമായ പ്രഘോഷണം ആവശ്യമത്രെ. രണ്ടാം വത്തിക്കാൻ കൗൺസിലിൽനിന്നു വെളിച്ചമുൾക്കൊള്ളുന്ന ഈ ദൗത്യനിർവ്വഹണത്തിനുവേണ്ടി സഭ തന്റെ എല്ലാ കഴിവുകളും വിനിയോഗിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ അതു വമ്പിച്ച ഒരു വിമോചകയത്നമായിമാറട്ടെ.

## ഉപസംഹാരം

***സ്തോത്രഗീതയായി***

97. 'വിശ്വസിച്ച അവൾ അനുഗൃഹീതയാണു്' (ലൂക്കാ, 1:45). എലിസബത്തിന്റെ ഈ ആശംസ കേട്ടയുടനേ ദൈവമാതാവിന്റെ ഹൃദയം നിറഞ്ഞു് ഒരു സ്തോത്രഗീതമായൊഴുകി. അതു വിളംബരം ചെയ്യുന്നതെന്തെന്നാൽ, വി. മറിയത്തിന്റേതുപോലുള്ള വിശ്വാസത്തിലും വിശ്വാസത്താലുമാണു് ദൈവജനം അതിന്റെ വ്യക്തിഗതവും സാമൂഹ്യവുമായ അസ്തിത്വത്തിൽ വിമോച

www.malankaralibrary.com

നത്തിന്റെ ഫലങ്ങൾ ഉളവാക്കുന്ന രക്ഷയുടെ നിഗൂഢപദ്ധതി വാക്കിലും പ്രവൃത്തിയിലും ജീവിതത്തിലേയ്ക്ക് പകർത്തുന്നത്. ഏററവും മൗലികമായ തിന്മയിൽനിന്നുള്ള മോചനത്തിന്റേയും ദൈവമക്കളുടെ യഥാർത്ഥസ്വാതന്ത്ര്യത്തിലേയ്ക്കുള്ള മനുഷ്യവംശത്തിന്റെ പ്രവേശനത്തിന്റേയും ചരിത്രമാണ് രക്ഷാകരചരിത്രം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഒരാൾക്ക് ഇക്കാര്യം ശരിക്കു മനസ്സിലാക്കാനാവൂ. തന്റെ പുത്രനെ പൂർണ്ണമായി ആശ്രയിച്ചവളാണ് മറിയം. അതോടൊപ്പം വിശ്വാസത്തിന്റെ പ്രേരണയാൽ മുഴുവനായും അവനിലേയ്ക്കായിരുന്നു അവളുടെ ഗമനം. യേശുവിന്റെ സമീപം പൂർണ്ണമായ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണവൾ. മനുഷ്യരാശിയുടെയും പ്രപഞ്ചം മുഴുവന്റെയും വിമോചനത്തിന്റെ സർവ്വതോശ്രേഷ്ഠമായ പ്രതീകവും അവൾതന്നെ. സ്വന്തം ദൗത്യത്തിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കുവാൻ തന്റെ അമ്മയും മാതൃകയുമായ മറിയത്തിലേയ്ക്കത്രേ സഭ തിരിയേണ്ടത്.

ആകെക്കൂടി നോക്കിയാൽ ഒരു കാര്യം എടുത്തുപറയാവുന്നതാണ്. പാവങ്ങളിൽ കാണുന്ന വിശ്വാസബോധം രക്ഷാകരമായ കുരിശിന്റെ രഹസ്യത്തെക്കുറിച്ച് സൂക്ഷ്മദർശനം നൽകുന്നു എന്നു മാത്രമല്ല, ദൈവപുത്രന്റെ അമ്മയിലുള്ള സ്നേഹത്തിലേയ്ക്കും അചഞ്ചലമായ വിശ്വാസത്തിലേയ്ക്കും നയിക്കുകകൂടിച്ചെയ്യുന്നു. എത്രയോ തീർത്ഥാടനകേന്ദ്രങ്ങളിലാണ് അവൾ വണങ്ങപ്പെടുന്നത്.

***ദൈവജനത്തിന്റെ വിശ്വാസാവബോധം***

98. പുരോഹിതന്മാരും സന്യസ്തരും അല്മായരും അടങ്ങിയ അജപാലകർക്കെല്ലാം മനുഷ്യന്റെ സമഗ്രപുരോഗതിക്കു വേണ്ടിയുള്ള സുവിശേഷപ്രവർത്തനത്തിൽ വളരെ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. ദൈവജനത്തിന്റെ ജീവനുള്ള വിശ്വാസത്തിലടങ്ങുന്ന വിശുദ്ധിയുടെ അത്ഭുതാവഹമായ നിദർശകൾ കാണുമ്പോൾ അവർ പ്രത്യാശാഭരിതരാകേണ്ടതാണ്. ഈ വിശ്വാസാവബോധത്തിന്റെ സമ്പന്നതകൾക്കു സമൃദ്ധമായി പുഷ്ടിക്കുവാനും ഫലം പുറപ്പെടുവിക്കുവാനും അവസരം ലഭിക്കണം. പാവപ്പെട്ടവരുടെ വിശ്വാസം വിശദമായി പ്രകാശിപ്പിക്കുകയും ജീവിതത്തിലേയ്ക്കു പകർത്തുകയും ചെയ്യാൻ സഹായിക്കുകയാണ് ദൈവശാസ്ത്രജ്ഞന്റെ ശ്രേഷ്ഠമായ കർത്തവ്യം. വിശുദ്ധ കന്യകാമറിയത്തിന്റെ സ്തോത്രഗീതത്തിലടങ്ങിയിരിക്കുന്ന രക്ഷാപദ്ധതിയുടെ രഹസ്യത്തെക്കുറിച്ചു ഗാഢമായി ധ്യാനിച്ചുകൊണ്ടുവേണം സഭാസമൂഹത്തിന്റേതായ ആ ദൗത്യം നിർവ്വഹിക്കുവാൻ.

അങ്ങനെ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ ഒരാവശ്യമാണ് സഭയുടെ ഓർമ്മയിൽ എന്നും സൂക്ഷിക്കുന്ന മറിയ

www.malankaralibrary.com

ത്തിന്റെ സ്തോത്രഗീതത്തെ വിശ്വസ്തമായി പ്രതിധ്വനിപ്പിക്കുന്ന സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും ദൈവശാസ്ത്രം. എന്നാൽ ജനസാമാന്യത്തിന്റെ ഭക്തിയിലടങ്ങുന്ന ശക്തിയെല്ലാം തികച്ചും ലൗകികമായ ഒരു വിമോചനപദ്ധതിയിലേയ്ക്കു തെററായി തിരിച്ചുവിടുന്നതു കുററകരമാണ്. പുതിയതരം അടിമത്തത്തിലേയ്ക്ക് ആനയിക്കുന്ന വെറുമൊരു മായാമോഹമല്ലാതെ മററൊന്നുമല്ല അതെന്ന് താമസിക്കാതെ തെളിയിക്കപ്പെടും. ഇപ്രകാരം ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കും അക്രമമാർഗ്ഗത്തിന്റെ ''അനിവാര്യത''യ്ക്കും കീഴ്പ്പെടുന്നവർ, കന്യകാമറിയം നമ്മെ പഠിപ്പിച്ച ദൈവകാരുണ്യത്തിന്റെ ഗീതി പാടിപ്പുകഴ്ത്തുന്ന പ്രത്യാശയോടോ ആ പ്രത്യാശയുടെ ധീരതയോടോ തന്റേടത്തോടോ ഒട്ടും വിശ്വസ്തരല്ല.

***പ്രാമാണികമായ വിമോചനത്തിന്റെ മാനങ്ങൾ***

99. രക്ഷകൻ നേടിയ വിമോചനത്തിന്റെ അകക്കാമ്പിനെ സ്പർശിക്കുന്നതാണു വിശ്വാസാവബോധം. ഏററവും മൗലികമായ തിന്മയിൽ നിന്ന്, പാപത്തിലും മരണത്തിന്റെ ശക്തിയിലുംനിന്നാണ് അവിടുന്ന് നമ്മെ മോചിപ്പിക്കുന്നത്. അങ്ങനെ സ്വാതന്ത്ര്യത്തിനുതന്നെ അവിടുന്നു സ്വാതന്ത്ര്യം സമ്മാനിക്കുകയും നേർവഴി ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. സ്നേഹത്തിന്റെ പ്രമാണം എന്ന പരമമായ പ്രമാണത്താൽ മുദ്രിതമാക്കപ്പെട്ടതാണ് ആ വഴി.

വിമോചനം രക്ഷാകരമായ അതിന്റെ പ്രാഥമികാർത്ഥത്തിൽ, മോചിപ്പിക്കുക എന്ന കർത്തവ്യത്തിന്റെ രൂപത്തിൽ ഒരു ധാർമ്മികാവശ്യമായി രൂപം പ്രാപിക്കുന്നു. സാമൂഹ്യതലത്തിലുള്ള ക്രൈസ്തവപ്രവർത്തനത്തിന്റെ വിശദീകരണം എന്ന നിലയിൽ ഇവിടെയാണു സഭയുടെ സാമൂഹ്യസിദ്ധാന്തത്തെ നാം കാണുക.

സത്യത്തിനനുസൃതമായി പ്രവർത്തിക്കുവാനും, ആറാം പോൾ മാർപ്പാപ്പ പരാമർശിച്ച ''സ്നേഹത്തിന്റെ സംസ്കാരം'' സ്ഥാപിക്കുവാനും വിളിക്കപ്പെട്ടവനാണ് ക്രൈസ്തവൻ. ഈ രേഖ പൂർണ്ണമെന്നവകാശപ്പെടുന്നില്ലെങ്കിലും ആഴത്തിലുള്ള നവീകരണം അത്യാവശ്യമായി നടത്തേണ്ടതിനെപ്പററി ഏതാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മററെല്ലാത്തിന്റെയും വിജയത്തിനു ആവശ്യമായ ആദ്യത്തെ കടമ വിദ്യാഭ്യാസപരമാണ്. പ്രതിബദ്ധതയെ നയിക്കുന്ന സ്നേഹം ഇനിമേൽ ഐക്യദാർഢ്യത്തിന്റെ പുതിയ രൂപങ്ങൾക്ക് ജന്മം നൽകണം. ക്രൈസ്തവമനസ്സാക്ഷിയെ അടിയന്തരമായി നേരിടുന്ന ഈ കടമകളുടെ നിർവ്വഹണത്തിനു സന്മനസ്സുള്ള ഏവരും വിളിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ഇന്നു പ്രവർത്തനനിരതമായിരിക്കുന്ന രക്ഷാരഹസ്യത്തിന്റെ സത്യമാണ് വീണ്ടെടുക്കപ്പെട്ട മനുഷ്യരാശിയെ ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കുന്നത്. സാമ്പത്തിക–സാമൂഹ്യ–രാഷ്ട്രീയതലങ്ങളിലുള്ള വിമോചനപ്രവർത്തനങ്ങൾക്ക് ശരിയായ അർത്ഥം നൽകുന്നതും, പുതിയതരം അടിമത്തങ്ങളിൽ നിപതിക്കാതെ അവയെ കാത്തുസൂക്ഷിക്കുന്നതും ആ സത്യം തന്നെ.

**അടിയന്തര കർത്തവ്യം**

100. വീരോചിതമായ ആത്മദാനംപോലും വേണ്ടിവരുംവിധം ബൃഹത്തും സങ്കീർണ്ണവുമാണ് ഈ കടമ എന്നതു ശരി തന്നെ. അക്കാരണത്താൽ പലരും നിരുത്സാഹത്തിനും സന്ദേഹങ്ങൾക്കും നിരാശയുടേതായ എടുത്തുചാട്ടങ്ങൾക്കും വഴിപ്പെട്ടു പോകുന്നു. മാനുഷികവും ദൈവശാസ്ത്രപരവുമായ പ്രത്യാശയ്ക്കു വേണ്ടിയുള്ള വമ്പിച്ച വെല്ലുവിളിയാണിത്. സഭയെയും മനുഷ്യരാശിയെയും തന്റെ പ്രാർത്ഥനയിൽ ആശ്ലേഷിക്കുന്ന, സ്തോത്രഗീതത്തിലെ സ്നേഹമയിയായ കന്യകയത്രെ പ്രത്യാശയുടെ ശക്തമായ പിൻബലം. ഒരു പ്രതിബന്ധത്തിനും തടയാനാവാത്ത ദിവ്യസ്നേഹത്തിന്റെ വിജയമാണ് അവളിൽ നാം ദർശിക്കുന്നത്. എത്ര ഉദാത്തമായ സ്വാതന്ത്ര്യത്തിലേയ്ക്കാണ് വിനീതരെ ദൈവം ഉയർത്തുന്നതെന്ന് അവിടെ നാം കണ്ടെത്തുന്നു. സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസം അവരം ചൂണ്ടിക്കാട്ടുന്ന മാർഗ്ഗത്തിലൂടെ ധീരമായി മുന്നോട്ടു പോകണം.

താഴെ ഒപ്പിട്ടിട്ടുള്ള പ്രീഫെക്റ്റിനു അനുവദിച്ച ഒരഭിമുഖ സന്ദർശനത്തിൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ, വിശ്വാസസത്യത്തിരുസംഘത്തിന്റെ ഒരു സാധാരണയോഗത്തിൽ സ്വീകരിച്ചിരുന്ന ഈ പ്രബോധനരേഖയെ അംഗീകരിക്കുകയും അതു് പ്രസിദ്ധീകരിക്കണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു.

1986 മാർച്ച് 22–ാംതീയതി, നമ്മുടെ കർത്താവിന്റെ മംഗലവാർത്തത്തിരുനാളിൽ, റോമിൽവച്ച് തിരുസംഘത്തിൽ നിന്നു പുറപ്പെടുവിച്ചത്.

ജോസഫ് കർദ്ദിനാൾ റാററ്സിംഗർ
പ്രീഫെക്റ്റ്

അൽബെർത്തോ ബൊവോണെ
ആമ്മഡിയായിലെ ചെസറേയുടെ ടിററുലർ മെത്രാപ്പോലീത്ത
സെക്രട്ടറി

www.malankaralibrary.com

# അനുബന്ധം

## നിരീശ്വരപരമായ ഭൗതികവാദം

പരിശുദ്ധാത്മാവിനെതിരെയുള്ള ചെറുത്തുനില്പിനെ, അതിന്റെ ആഭ്യന്തരവും കർത്തൃനിഷ്ഠവുമായ മാനത്തെ ആസ്പദമാക്കി, വി. പൗലോസ് പരിഗണിക്കുന്നത് മനുഷ്യഹൃദയങ്ങളിൽ രൂപപ്പെടുന്ന ഒരു സംഘർഷവും മത്സരവും കലാപവുമായിട്ടാണ്. ഈ സംഘർഷം ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും—ആധുനികകാലത്തു പ്രത്യേകിച്ചും—അതിന്റെ ബാഹ്യമായ മാനവും കണ്ടെത്തുന്നുണ്ട്. ബാഹ്യമായ ഈ മാനം മൂർത്തരൂപം കൈക്കൊള്ളുന്നത് സംസ്കാരത്തിന്റെയും നാഗരികതയുടെയും ഉള്ളടക്കം, ഒരു ദാർശനികപദ്ധതി; ഒരു പ്രത്യയശാസ്ത്രം, പ്രവർത്തനത്തിനും മാനുഷിക വ്യാപാരത്തെ രൂപപ്പെടുത്തുന്നതിനുമുള്ള ഒരു പരിപാടി എന്നീ രൂപങ്ങളിലൊക്കെയാണ്. അതു് അതിന്റെ ഏററവും വ്യക്തമായ പ്രകാശനം കണ്ടെത്തുന്നത് ഭൗതികവാദത്തിന്റെ താത്ത്വികവും പ്രായോഗികവുമായ രൂപങ്ങളിലാണ്. താത്ത്വികതലത്തിൽ ഭൗതികവാദം ഒരു ചിന്താപദ്ധതിയത്രെ. പ്രായോഗികതലത്തിലാവട്ടെ, അതു് വസ്തുതകളെ വ്യാഖ്യാനിക്കാനും വിലയിരുത്താനുമുള്ള ഒരു മാർഗ്ഗവും, തദനുസൃതമായ പെരുമാററരീതിക്കായുള്ള ഒരു പരിപാടിയുമാണ്. ഇത്തരം ചിന്താരീതിയെയും പ്രത്യയശാസ്ത്രത്തെയും പരിശീലനത്തെയും ഏററവുമധികം വികസിപ്പിച്ചെടുത്തതും, അതിന്റെ ആത്യന്തികമായ പ്രായോഗികപരിണാമങ്ങളിലേയ്ക്കു വഴിനടത്തുന്നതുമായ സമ്പ്രദായമാണ് (Method) വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം. ഇത്തരം ഭൗതികവാദമാണ് മാർക്സിസത്തിന്റെ അനുപേക്ഷണീയമായ അന്തസ്സത്തയായി ഇപ്പോഴും പരിഗണിക്കപ്പെടുന്നത്.

ഭൗതികവാദം, ലോകത്തിലും സർവ്വോപരി മനുഷ്യനിലുമുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും പ്രവർത്തനത്തെയും, താത്ത്വികതലത്തിലും പ്രായോഗികമായും കാർക്കശ്യത്തോടെ തള്ളിക്കളയുന്നു. അതിന്റെ അടിസ്ഥാന കാരണം, അതു് ദൈവത്തിന്റെ അസ്തിത്വത്തെ—അവിടുന്ന് ആത്മാവാണല്ലോ — അംഗീകരിക്കുന്നില്ലെന്നുള്ളതാണ്. അങ്ങനെ അതു് അനുപേക്ഷണീയമായും സുഘടിതമായും നിരീശ്വരപരമായിത്തീരുന്നു. ആധുനികകാലത്ത് ഏറെ ശ്രദ്ധേയമായിത്തീർന്നിരിക്കുന്ന ഒരു പ്രതിഭാസമാണ് നിരീശ്വരത്വം. രണ്ടാം വത്തിക്കാൻ കൗൺസിൽ അതിനെക്കുറിച്ച് സംഗതമായ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. നിരീശ്വരത്വത്തെ

www.malankaralibrary.com

ക്കറിച്ച് ഏകാത്മമായ ഒരു രീതിയിൽ പരാമർശിക്കാനോ, ഭൗതികവാദം എന്ന പ്രത്യയശാസ്ത്രത്തിന്റെ അതിരുകൾക്കുള്ളിൽ മാത്രമായി അതിനെ പരിമിതിപ്പെടുത്താനോ സാദ്ധ്യമല്ല. എന്തെന്നാൽ നിരീശ്വരത്വം അസംഖ്യം രൂപങ്ങളിൽ ഇന്നു നിലനില്ക്കുന്നുണ്ട്. തന്നെയുമല്ല, നിരീശ്വരത്വം എന്ന പദം തെററായ അർത്ഥത്തിൽ പ്രായേണ പ്രയോഗിക്കപ്പെട്ടുപോരുകയും ചെയ്യുന്നു. എന്നിരിക്കിലും, യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കുന്ന ഒരു സിദ്ധാന്തമെന്നനിലയിൽ മനസ്സിലാക്കപ്പെടുന്നതും, വ്യക്തിപരവും സാമൂഹികവുമായ പ്രവർത്തനങ്ങൾക്ക് ഒരു കേന്ദ്രതത്ത്വമായി അംഗീകരിക്കപ്പെടുന്നതുമായ യഥാർത്ഥത്തിലുള്ള ഭൗതികവാദം, അതിന്റെ സ്വഭാവത്താൽത്തന്നെ നിരീശ്വരപരമാണ്. അതു വച്ചുപുലർത്തുന്ന മൂല്യശ്രേണിയും പ്രവർത്തനലക്ഷ്യങ്ങളും, എല്ലാ യാഥാർത്ഥ്യങ്ങളും 'പദാർത്ഥ'ത്തിൽ (matter) ഒതുങ്ങുന്നു എന്ന സങ്കല്പത്തോടു അവിഭക്തമാംവിധം ബന്ധപ്പെട്ടുനിൽക്കുന്നു. അത്തരം ഭൗതികവാദം ചിലപ്പോൾ—ഉദാഹരണത്തിനു സംസ്കാരം, ധാർമ്മികത എന്നിവയെപ്പററി പരാമർശിക്കുമ്പോൾ — 'ആത്മാവി'നെയും 'ആത്മാവിന്റെ പ്രശ്നങ്ങ'ളെയുംകുറിച്ചു പറയാറുണ്ട്; പക്ഷേ ചില വസ്തുതകൾ പദാർത്ഥത്തിൽനിന്നു നിഷ്പന്നമാണെന്നുള്ള സങ്കല്പത്തിനു വിധേയമായി മാത്രമേ അതു് അത്തരം പ്രയോഗങ്ങൾ നടത്താറുള്ളൂ. എന്തെന്നാൽ ഈ ചിന്താപദ്ധതിയനുസരിച്ച് പദാർത്ഥം മാത്രമാണ് അസ്തിത്വത്തിന്റെ ഒരേയൊരു രൂപം. ഈ വ്യാഖ്യാനമനുസരിച്ച് മതം ഒരുതരം ആദർശാത്മകവ്യാമോഹം (idealistic illusion) മാത്രമായി മനസ്സിലാക്കപ്പെടേണ്ടതാണെന്നു വന്നുകൂടും. തന്മൂലം സമൂഹത്തിൽനിന്നും വ്യക്തിയുടെ ഹൃദയത്തിൽനിന്നും മതത്തെ പിഴുതെറിയുവാൻവേണ്ടി, സ്ഥലകാലസാഹചര്യങ്ങളനുസരിച്ച് ഏററം ഉചിതമെന്നു തോന്നുന്ന ഉപാധികളും മാർഗ്ഗങ്ങളുപയോഗിച്ച് അതിനെതിരെ യുദ്ധംചെയ്യേണ്ടതാണെന്നും വന്നുകൂടുന്നു.

തന്മൂലം ഭൗതികവാദമെന്നതു് 'ജഡത്തിന്റെ അഭിലാഷങ്ങൾ ആത്മാവിനു് എതിരായിട്ടുള്ളതാണ്' എന്ന വാക്യത്തിലൂടെ വി. പൗലോസ് കുററം വിധിക്കുന്ന ആ ''ചെറുത്തുനില്പി''ന്റെ (resistance) യും എതിർപ്പിന്റെയും ആസൂത്രിതവും യുക്തിപൂർവ്വവുമായ വികാസമാണ്. എന്നാൽ, വി. പൗലോസ് തന്റെ തത്ത്വനിർവ്വചനത്തിന്റെ രണ്ടാംഭാഗത്തു് ഊന്നിപ്പറയുന്നതുപോലെ ഈ ശത്രുത ഉഭയപക്ഷീയമാണ്: ''ആത്മാവിന്റെ ആഗ്രഹങ്ങൾ ജഡത്തിനു് എതിരായിട്ടുള്ളതാണ്.'' ആത്മാവിന്റെ രക്ഷാകരപ്രവർത്തനങ്ങൾ അംഗീകരിച്ച് തദനുസൃതം ആത്മാവോടൊത്തു ജീവിക്കാനാഗ്രഹിക്കുന്നവർക്കു് 'ജഡ'ത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ പ്രവണതകളെ നിരാകരിക്കാതിരിക്കാൻ വയ്യാ.

www.malankaralibrary.com

അത്തരം പ്രവണതകളുടെ പ്രത്യയശാസ്ത്രപരവും ചരിത്രപരവുമായ പ്രകാശനമാണ് മതവിരുദ്ധമായ 'ഭൗതികവാദം.' നമ്മുടെ കാലഘട്ടത്തിന്റെ സവിശേഷസ്വഭാവമായ ഈ പശ്ചാത്തലത്തിനെതിരെ, മഹത്തായ ഒരു ജൂബിലിക്കുവേണ്ടിയുള്ള തയാറെടുപ്പിന്റെ ഭാഗമായി, 'ആത്മാവിന്റെ ആഗ്രഹ'ങ്ങൾക്ക് നാം ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. പുതിയൊരു ആഗമനകാലത്തിന്റെ രാത്രിയിൽ പ്രതിധ്വനിക്കുന്ന പ്രബോധനങ്ങളാണവ. ആ രാത്രിയുടെ അവസാനത്തിൽ, രണ്ടായിരം വർഷങ്ങൾക്കു മുമ്പെന്നപോലെ, 'എല്ലാ മനുഷ്യരും ദൈവത്തിന്റെ രക്ഷയെ ദർശിക്കും'. സഭ ഇന്നത്തെ സ്ത്രീപുരുഷന്മാരെ ഭരമേല്പിക്കുന്ന ഒരു സാധ്യതയും പ്രത്യാശയുമാണിത്. 'ആത്മാവിന് എതിരായ അഭിലാഷങ്ങൾ', 'ജഡത്തിനെതിരായ ആഗ്രഹങ്ങൾ' ഇവതമ്മിലുള്ള സമാഗമം അഥവാ സംഘർഷം, പല സന്ദർഭങ്ങളിലും ഒരു ദുരന്തസ്വഭാവത്തോടുകൂടിയതും ഒരു പക്ഷേ മനുഷ്യരാശിയെ പുത്തൻ പരാജയങ്ങളിലേക്കു നയിക്കുന്നതുമായിരിക്കുമെന്നു സഭയ്ക്കറിയാം. 'ആത്മാവിനെതിരായ അഭിലാഷങ്ങൾ' സമകാലികനാഗരികതയുടെ പല വശങ്ങളുടെയും – വിശിഷ്യ ഏതാനും ചില മണ്ഡലങ്ങളിൽ – ലക്ഷണമായിത്തീർന്നിരിക്കുന്നു. 'ജഡത്തിനെതിരായ ആഗ്രഹങ്ങ'ളാവട്ടെ, നമ്മുടെ പക്കലേക്കുള്ള ദൈവത്തിന്റെ സമാഗമം, അവിടുത്തെ മനുഷ്യാവതാരം, അവിടുത്തെ നിരന്തരം നവീകരിക്കപ്പെടുന്ന പരിശുദ്ധാരൂപിയുടെ കൂട്ടായ്മ എന്നിവയോടൊത്തു നിൽക്കുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്ന് രക്ഷാകരമായ ഒരു സ്വയം ദാനവും, രക്ഷാകരമായ ഒരു സമാഗമനവും എപ്പോഴും സംഭവിക്കുന്നുവെന്ന് സഭ ഉറച്ചു വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, 'പാപത്തെക്കുറിച്ചുള്ള' രക്ഷാകരമായ ഒരു 'ബോധ്യംജനിക്കലും' ഉണ്ടാകുമെന്നും അവൾക്ക് ദൃഢവിശ്വാസമുണ്ട്.

(ജോൺപോൾ II–ാമൻ പാപ്പായുടെ
Dominum et vivificantem എന്ന
ചാക്രികലേഖനത്തിലെ 56–ാം ഖണ്ഡം)

www.malankaralibrary.com

# ചർച്ചകൾക്കായുള്ള ചോദ്യങ്ങൾ

## *പൊതുവായ ചില ചോദ്യങ്ങൾ*

1. ഈ പ്രബോധനരേഖയുടെ ചരിത്രപശ്ചാത്തലം വിവരിക്കുക.
2. കത്തോലിക്കാവിശ്വാസത്തിന്റെ വെളിച്ചത്തിൽ ഇതിനു നാം നൽകേണ്ടുന്ന പ്രാധാന്യമെന്ത്?
3. വിമോചനദൈവശാസ്ത്രത്തെപ്പററി 1984–ൽ വത്തിക്കാനിൽ പ്രസിദ്ധീകൃതമായ പ്രബോധനരേഖയുടെ ഉള്ളടക്കം എന്തായിരുന്നു?
4. അതുമായി ഈ പുതിയ രേഖയ്ക്കുള്ള ബന്ധമെന്ത്?
5. ആധുനികലോകത്തിൽ വ്യാപകമായിക്കാണുന്ന സ്വാതന്ത്ര്യദാഹവുമായി സഭ എങ്ങനെ ബന്ധപ്പെടുന്നു? (നമ്പർ 1–4)

അദ്ധ്യായം I

## ഇന്നത്തെ ലോകത്തിൽ സ്വാതന്ത്ര്യത്തിന്റെ സ്ഥിതി

1. തത്ത്വചിന്ത, ശാസ്ത്രം, സാമൂഹ്യ–രാഷ്ട്രീയസിദ്ധാന്തങ്ങൾ എന്നിവ മനുഷ്യരാശിയുടെ സ്വാതന്ത്ര്യസങ്കല്പത്തെ എങ്ങനെ ബാധിച്ചിട്ടുണ്ട്? (5, 8–12, 13)
2. ഇന്നത്തെ വിമോചനപ്രസ്ഥാനങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങളേവ? (9–13; 14, 15)
3. വിമോചനപ്രസ്ഥാനങ്ങളുടെ ആഗോളവ്യാപനത്തെ വിവരിച്ച് വിലയിരുത്തുക. (15–19)
4. സഭയുടെ പ്രബോധനങ്ങളിലും വിശ്വാസികളുടെ അനുഭവങ്ങളിലും നിഴലിക്കുന്ന സ്വാതന്ത്ര്യസങ്കല്പം എന്താണ്? (20–24)

അദ്ധ്യായം II

## സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ആഹ്വാനവും പാപം എന്ന ദുരന്തവും

1. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമെന്ത്? (25, 26)

www.malankaralibrary.com

2. സ്വാതന്ത്ര്യത്തിനു ധാർമ്മികതയുമായുള്ള ബന്ധമെന്തു്? (27, 30)
3. മനുഷ്യാവകാശങ്ങൾ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുമോ? (31–35)
4. ശാസ്ത്രവും സാങ്കേതികവിദ്യയും സ്വാതന്ത്ര്യത്തിനു ഭീഷണിയാകുമോ? (35–37)
5. എന്താണു പാപം? സ്വാതന്ത്ര്യപ്രയോഗം പാപകരമാകുന്നതെപ്പോൾ? (38–40)
6. നിരീശ്വരത്വം സ്വാതന്ത്ര്യത്തിൻെറ ശത്രുവോ മിത്രമോ? (41–42)

## അദ്ധ്യായം III

## വിമോചനവും ക്രൈസ്തവസ്വാതന്ത്ര്യവും

1. ദുരിതനിർഭരമായ ജീവിതത്തിൽ ഒരു ക്രിസ്ത്യാനിക്കു് എങ്ങനെ പ്രത്യാശ പുലർത്താൻ സാധിക്കുന്നു? (43–48)
2. പഴയനിയമത്തിലെ പുറപ്പാടു്, ഉടമ്പടി തുടങ്ങിയ സംഭവങ്ങൾക്കു് ക്രിസ്തുവിൻെറ രക്ഷാകരദൗത്യവുമായി എന്തു ബന്ധമാണുള്ളതു്? (49–53)
3. നന്മയും തിന്മയും തമ്മിലുള്ള സംഘർഷത്തിൽനിന്നു മനുഷ്യനു് എന്താണു രക്ഷാമാർഗ്ഗം? (54)
4. അയൽക്കാരനെ സ്നേഹിക്കുക എന്നതിൻെറ അർത്ഥമെന്തു്? സ്നേഹം എങ്ങനെ നീതിയുമായി ബന്ധപ്പെടുന്നു? (55–57)
5. സ്വർഗ്ഗസൗഭാഗ്യത്തിനായുള്ള കാത്തിരിപ്പു് ക്രൈസ്തവരെ ഐഹിക കർത്തവ്യങ്ങളിൽ വിമുഖരാക്കുന്നുണ്ടോ? (58–60)

## അദ്ധ്യായം IV

## സഭയുടെ വിമോചകദൗത്യം

1. സുവിശേഷത്തിലെ സൗഭാഗ്യങ്ങൾ ഭൗതികജീവിതത്തിൽ ക്രൈസ്തവർക്കു് മാർഗ്ഗദീപമാകുന്നതെങ്ങനെ? (61–65)
2. ദരിദ്രരോടുള്ള യേശുവിൻെറ നിലപാടു് എന്തായിരുന്നു?

   ദരിദ്രരോടുള്ള മുൻഗണനാപരമായ സ്നേഹം എന്നാൽ എന്തു്? (62–68)
3. അടിസ്ഥാനസമൂഹങ്ങൾ ഏവ? അവയെ എങ്ങനെ വിലയിരുത്താൻ സാധിക്കും? (69, 70)

www.malankaralibrary.com

അദ്ധ്യായം V

## ക്രൈസ്തവവിമോചനത്തെപ്പററിയുള്ള സഭയുടെ സാമാന്യസിദ്ധാന്തം

1. **ക്രൈസ്തവവിമോചനത്തിൻെറ അടിസ്ഥാനമെന്തു്? (71)**
2. **സഭയുടെ സാമൂഹ്യപ്രബോധനത്തിൻെറ അടിസ്ഥാനതത്വങ്ങളും മാനദണ്ഡങ്ങളുമേവ? (72–75)**
3. **സായുധവിപ്ലവത്തിൻെറ മാർഗ്ഗം ക്രൈസ്തവധാർമ്മികതയ്ക്കു് ചേരുന്നതാണോ? (76–79)**
4. **സാമൂഹ്യ—രാഷ്ട്രീയ മേഖലകളിൽ വൈദികരുടെ ദൗത്യം അല്മായരുടേതിൽനിന്നു വ്യത്യസ്തമാകുന്നതെങ്ങനെ? (80,81)**
5. **അദ്ധ്വാനത്തെപ്പററിയുള്ള ക്രൈസ്തവസങ്കല്പം എന്തു്?(82–87)**
6. **സാമൂഹ്യരംഗത്തു് സഭ പഠിപ്പിക്കുന്ന ഐക്യദാർഢ്യം എവിടെയെല്ലാം പ്രസക്തമാണു്? (89–95)**
7. **വിദ്യാഭ്യാസം, സംസ്കാരം എന്നിവയെപ്പററി സഭ എന്തു പഠിപ്പിക്കുന്നു? (92–96)**

## ഉപസംഹാരം

### *മറിയത്തിൻെറ സ്തോത്രഗീതം*

1. **കന്യകാമറിയത്തിൻെറ സ്തോത്രഗീതത്തിൻെറ വെളിച്ചത്തിൽ ക്രൈസ്തവവിമോചനത്തെ വ്യാഖ്യാനിക്കുന്നതെങ്ങനെ? (97–100)**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com